# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXIII - No. 100. 16th October 1950.

സിനിമാപംക്തി

# മുംതാസ് ശാന്തി

ഹിന്ദി സിനിമാമണ്ഡലത്തിലെ ഒരു പ്രബലതാരമത്രെ ശ്രീമതി മുംതാസ് ശാന്തി. ബോംബെടാക്കീസിന്റെ ഡയമണ്ട് ജൂബിലി ആഘോഷിച്ചിട്ടുള്ള ബസന്തിൽ അഭിനയിച്ചതോടുകൂടിയാണ് മുംതാസ് ശാന്തിയുടെ പ്രശസ്തി വർദ്ധിച്ചത്. ആകർഷണീയമായ ആകാരസുഷമ, അസുലഭമായ അഭിനയവൈദഗ്ദ്ധ്യം, വശ്യമായ നടനകലാചതുരത എന്നിവയാണ് മുംതാസിന്റെ വിജയത്തിനു സഹായിച്ചിട്ടുള്ള ഘടകങ്ങൾ. ചന്ദ്രമോഹൻ, ഉല്ലാസ്, സുരേന്ദ്ര തുടങ്ങിയ ഒന്നാംകിടയിലുള്ള താരങ്ങളുമായിട്ടാണ് മുംതാസ് അധികമായി അഭിനയിച്ചിട്ടുള്ളത്.

ഗുജറാത്തിൽ ഡിങ്കിഡിസ്ട്രിക്ടിൽ ഒരു സാധുകുടുംബത്തിൽ മുംതാസ് ജനിച്ചു. നിർഭാഗ്യത്താൽ ബാല്യത്തിൽതന്നെ അവരുടെ മാതാപിതാക്കൾ ഇഹലോകവാസംവെടിഞ്ഞു. പിതൃസഹോദരനായ മിയാംബക്ഷ് അലിനായിരുന്നു ആ ചെറുബാലികയെ വളർത്തുന്ന ഭാരം ഏറ്റെടുത്തത്. ഉർദു, ഹിന്ദുസ്ഥാനി, ഇംഗ്ലീഷ് മുതലായ ഭാഷകളിൽ മുംതാസ് സാമാന്യപരിജ്ഞാനം സമ്പാദിച്ചു. ആയിടയ്ക്കു് ഒരു പോലീസ് കോൺസ്റ്റബിളായിരുന്ന മിയാംബക്ഷിനെ ലാഹോറിലേക്കു സ്ഥലംമാറ്റിയതോടുകൂടി മുംതാസിന്റെ ജീവിതത്തിലും പരിവർത്തനങ്ങൾ സംഭവിച്ചു. ലാഹോറിൽവെച്ച് അവൾക്കു സംഗീതത്തിലും നടനകലയിലും ശിക്ഷണവും ലഭിച്ചു. ഒരു നർത്തകസംഘം രൂപവൽക്കരിച്ച് മുംതാസ് പഞ്ചാബിൽ നാട്യകലാപ്രകടനങ്ങൾ നടത്തി കലാപ്രേമികളുടെ അഭിനന്ദനം ആർജ്ജിച്ചു.

ഒരു നർത്തകിയെന്നനിലയിൽ പ്രഖ്യാതി നേടിയതിനുശേഷം അവർ ചലച്ചിത്രങ്ങളിൽ അഭിനയിക്കാൻതുടങ്ങി. "ഷോറി" കമ്പനിയിൽ ഒരു നടിയായി സ്വീകരിക്കുന്നതിനുള്ള അവരുടെ അഭ്യർത്ഥന നിരസിക്കുകയുണ്ടായി. നിരാശാഭരിതയായിത്തീർന്ന മുംതാസ് "ഈസ്റ്റേൺ ഇന്ത്യാ" കമ്പനിയെ അഭയം പ്രാപിക്കുകയും അവരുടെ "സോഹിനകുമാരൻ" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിനുള്ള സൗകര്യം ലഭിക്കുകയും ചെയ്തു. അവരുടെ പ്രഥമചിത്രത്തിലെ അഭിനയം പ്രതീക്ഷയിൽകവിഞ്ഞ ഒരു വിജയമായിരുന്നു. സോഹിനകുമാരനിലെ വിജയകരമായ അഭിനയത്തിനെത്തുടർന്ന് ഷോറി കമ്പനിയിൽ അഭിനയിക്കുന്നതിനു മുംതാസ് ക്ഷണിക്കപ്പെട്ടു. "മംഗതി" എന്ന ചിത്രത്തിൽ അവർ തന്മയത്വമായി അഭിനയിച്ചു. മുംതാസിന്റെ കലാപരമായ കഴിവുകൾ പ്രസ്തുത ചിത്രത്തിന്റെ വിജയത്തിനു വളരെ സഹായിക്കുകയും ചെയ്തു. അതു പത്തിലധികം വാരങ്ങൾ തുടർച്ചയായി മംഗതി ലാഹോറിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. തുടർന്ന് അനവധി കമ്പനികളിൽ അഭിനയിക്കുന്നതിന് ആ അഭിനേത്രിക്കു സൗകര്യം ലഭിച്ചു.

ബോംബെടാക്കീസിന്റെ ക്ഷണം മുംതാസ് സ്വീകരിച്ചു. "ബസന്ത്" "കിസ്മത്ത്" എന്നീ രണ്ടുചിത്രങ്ങളിൽ മുംതാസ് പ്രശംസാർഹമായി അഭിനയിച്ചു. ആ രണ്ടുചിത്രങ്ങൾമാത്രം അവശേഷിച്ചാൽപോലും മുംതാസ് ശാന്തിയെ കലാലോകത്തിനു വിസ്മരിക്കാൻ കഴിയുന്നതല്ല. ഒരു പക്ഷെ ആ ചിത്രങ്ങളിലെ അഭിനയത്തിൽ കവിഞ്ഞു് മുംതാസിനു ഇനിയും അഭിനയിക്കുന്നതിനു കഴിയുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

മുംതാസ് അടുത്തതായി അഭിനയിച്ചതു് സവാലാണ്. ഗീതാഞ്ജലി മൂവിടോൺകമ്പനിക്കാർ നിരവധി പണം വ്യയം ചെയ്താണ് ഈ ചിത്രം നിർമ്മിച്ചതു്. തുടർന്ന് മുംതാസ് "ബെദർകിട്ടനിയാം" "ലേഡിഡാക്ടർ" "പഹലീടനിയാം" തുടങ്ങിയ ചിത്രങ്ങളിൽ അന്യൂനമായി അഭിനയിച്ചു. "ബിറാദരം" "ശ്രവണകമാർ" "മംഗധരാജ" "അശോക" "ചാന്ദ്ചകോരി" തുടങ്ങിയ ചിത്രങ്ങളിലും മുംതാസ് പാത്രസ്വഭാവമനുസരിച്ച് അഭിനയിച്ചിട്ടുണ്ട്.

ഗാനകലയിൽ മുംതാസ് വലിയ ഉന്നതനിലയൊന്നും പ്രാപിച്ചിട്ടില്ല. പ്രസിദ്ധപിന്നണിഗായികയായ അമീർബായി കർണ്ണാട്കിയാണ് മുംതാസ് ശാന്തിക്കുവേണ്ടി ചലച്ചിത്രങ്ങളിൽ ഗാനങ്ങൾ ആലപിച്ചിരിക്കുന്നതു്. മുംതാസിന്റെ കഴിവു സാമർത്ഥ്യപൂർവ്വം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുള്ള ഡയറക്ടർമാർ ജ്ഞാൻമുഖർജി, ഫണീമജുംദാർ, രൂപ്കേശോരി, മോഹൻസിൻഹാ ചതുർഭുജ് ദോഷി തുടങ്ങിയവരാണ്. വല്ലീസാഹിബ്ബിന്റെ ഉടമസ്ഥതയിൽ പ്രവർത്തനംനടത്തുന്ന പഞ്ചാബ് ഫിലിം കോർപ്പറേഷൻ നിർമ്മിച്ച "ദേഖോജി" മുംതാസിന്റെ ഒരു വിശിഷ്ടമായ ചിത്രമാണ്. പഞ്ചാബ് കോർപ്പറേഷന്റെ "പതമനി"യിൽ മുംതാസ് ശാന്തി അശോക്കുമാറിന്റെകൂടെ ഭംഗിയായി അഭിനയിച്ചിട്ടുണ്ട്.

സുഭഗയും സുശീലയുമായ മുംതാസ് വല്ലീസാഹിബ്ബിന്റെ ധർമ്മപത്നീപദം അലങ്കരിക്കുന്നു. വല്ലീസാഹിബ്ബിന്റെ പ്രേരണയും പ്രോത്സാഹനവുംകൊണ്ടാണ് മുംതാസിനു് സിനിമാലോകത്തിൽ ഇന്നുകാണുന്ന പ്രശസ്തിയും നിലയും ലഭിച്ചതു്. മൂടുപടത്തിന്റെ മറയിൽനിന്ന് ക്യാമറായുടെ വെളിച്ചത്തുവന്നു മിന്നിത്തിളങ്ങുന്ന ഒരു മുസ്ലീം അഭിനേത്രിയാണ് മുംതാസ് ശാന്തി. വിഭജനത്തിനെത്തുടർന്ന് പല മുസ്ലീംതാരങ്ങളും പാകിസ്ഥാനിലേക്കു കുടിയേറിയെങ്കിലും മുംതാസ് ശാന്തി ഇപ്പോഴും ഇന്ത്യയിൽതന്നെ താമസംതുടരുന്നു. മുംതാസ് ശാന്തി C/o പഞ്ചാബ് ഫിലിംകാർപ്പറേഷൻ, ഹെയിൻസ്റ്റോഡ്, മഹാലക്ഷ്മി – ബാംബെ എന്ന വിലാസത്തിൽ കത്തുകൾ അയച്ചാൽ മുംതാസ് സിനിമാപ്രേമികളുടെ ന്യായമായ അന്വേഷണങ്ങൾക്കു മറുപടി നൽകുന്നതാണ്. അഭിമുഖസംഭാഷണങ്ങളിൽ മുംതാസ് വലിയ കൗതുകം പ്രദർശിപ്പിക്കാറില്ല. ഏറാവും പ്രിയപ്പെട്ട അപൂർവ്വം ചില വ്യക്തികളോടുമാത്രമെ അവർ സ്വതന്ത്രമായി സഹകരിക്കാറുള്ളു. പാചകകലയിലും അവർ വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്. ഒരുപക്ഷെ ആ കലയിൽ അവരോളം വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ഇതരതാരങ്ങൾ കാണുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ശാന്തവും സുന്ദരവുമായ ഒരു ദാമ്പത്യജീവിതമാണ് അവർ നയിക്കുന്നതു്.

നിരവധി ചിത്രങ്ങളിൽ അഭിനയിക്കുന്നതിനു സൗകര്യം ലഭിച്ചിട്ടുള്ളതുകൊണ്ടു മുംതാസിനു വളരെയധികം പണം സമ്പാദിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. അനാഥമന്ദിരങ്ങൾക്കും സാധുജനങ്ങൾക്കും വേണ്ടി അവർ ഉദാരമായ സംഭാവനകൾ നൽകാറുമുണ്ട്. വീട്ടിൽകഴിയുമ്പോൾ സാധാരണ പഞ്ചാബിവേഷത്തിലാണ് അവരെ കാണുവാൻ കഴിയുന്നതു്. ഈ അനർഘതാരം ഇനിയും അനവധി ചിത്രങ്ങളിൽ അഭിനയിച്ചു കലാപ്രോത്സാഹനം അനസ്യൂതം നിർവ്വഹിക്കട്ടെ.

—o—

## വാർത്തകൾ

ശ്രീ: പൊൻകുന്നംവർക്കി എഴുതിയ "മാപ്പ്" എന്നകഥ ചലച്ചിത്രത്തിലാക്കുവാൻ പോപ്പുലർപ്രൊഡക്ഷൻസ് തീരുമാനിച്ചിരിക്കുന്നു. ഈ ചിത്രം ആലപ്പുഴയുള്ള ഉദയാസ്റ്റുഡിയോവിലാണ് നിർമ്മിക്കുന്നതു്. ശ്രീ. തിക്കുറിശ്ശി സുകുമാരൻനായർ, സെബാസ്റ്റ്യൻകുഞ്ഞുകുഞ്ഞു ഭാഗവതർ തുടങ്ങിയവരാണ് പ്രധാനഭാഗങ്ങൾ അഭിനയിക്കുന്നതു്. ശ്രീ. പി. ഭാസ്കരൻ ഗാനങ്ങൾ രചിക്കുന്നതാണ്. ദക്ഷിണാമൂർത്തിയാണ് മ്യൂസിക്ക് ഡയറക്ടർ. ഡയറക്ടർ വി. കൃഷ്ണനാണ്.

*        *        *

ഇരശേർപ്രൊഡക്ഷൻസ് തയാർചെയ്യുന്ന "പരദേശി" എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് മൈസൂർ നവജ്യോതിസ്റ്റുഡിയോവിൽ ഉടനെ ആരംഭിക്കുന്നതാണ്. ടി. വി. സുന്ദരമാണ് ഈ ചിത്രം ഡയറക്ടുചെയ്യുന്നതു്. ശ്രീ എം. പി. മന്മഥൻ, എൽ. പി. ആർ. വർമ്മാ, കൊട്ടാരക്കര ശ്രീധരൻനായർ, എൻ. പി. ചെല്ലപ്പൻനായർ, മിസ്സ് കുമാരി എന്നിവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്. അഭയദേവാണ് ഗാനങ്ങൾ രചിക്കുന്നതു്. മ്യൂസിക്ക് ഡയറക്ടർ ദക്ഷിണാമൂർത്തിയുമാണ്.

*        –        *

കൈലാസ്പിക്ചേഴ്സിന്റെ "ചേച്ചി" എന്ന ചിത്രത്തിന്റെ പാട്ടുകൾ എല്ലാം റിക്കാർഡുചെയ്തുകഴിഞ്ഞു.

*        *        *

കോട്ടയം ജിയോപിക്ചേഴ്സും കേരളാടാക്കീസ്സുമായിച്ചേർന്നു് എ വി. എം. സ്റ്റുഡിയോവിൽ ഒരു ക്രൈസ്തവകഥ ചലച്ചിത്രത്തിലെടുക്കാനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൊട്ടാരക്കര ശ്രീധരൻനായർ, എസ്. വി. സഹസ്രനാമം എന്നിവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്.

*        *        *

ഹരിബാബിദേശായി ഡയറക്ടുചെയ്യുന്ന "ഉണ്മയിൻവെറ്റി" എന്ന തമിഴ ചിത്രം താമസിയാതെ പ്രദർശനം ആരംഭിക്കുന്നതാണ്. ടി. എ ജയലക്ഷ്മി, മേനക എന്നിവരാണ് ഈ ചിത്രത്തിലെ താരങ്ങൾ.

*        *        *

"ലാവണ്യം" എന്ന തമിഴ് ചിത്രത്തിന്റെ നിർമ്മാണം മിക്കവാറും പൂർത്തിയാകാറായി. പി. ഏ. പെരികനായകി, പട്ടാംബാൾ എന്നിവരാണ് പിന്നണിസംഗീതം നിർവ്വഹിച്ചിരിക്കുന്നതു്.

*        *        *

"ചാന്താളഭൈരവി"യുടെ മുക്കാൽഭാഗവും പൂർത്തിയായിട്ടുണ്ട്. വിലപിടിച്ച നിരവധി രംഗവിധാനങ്ങൾ ഈ ചിത്രത്തെ ആദ്യന്തം അലങ്കരിക്കുന്നുണ്ട്. ഡയറക്ഷൻ കെ. വി. റെഡ്ഡിയാണ് നിർവ്വഹിക്കുന്നതു്.

*        *        *

ഫ്രാൻസിലുള്ള ഡ്യൂവില്ലിയിൽ ഇപ്പോൾ ജീവിതംനയിച്ചുകൊണ്ടിരിക്കുന്ന ആഗഖാൻ തന്റെ ജീവചരിത്രം ചലച്ചിത്രത്തിലെടുക്കാൻ അനുവദിച്ചിരിക്കുന്നു. അലക്സാണ്ടർ സാൽക്കിൻസ് എന്ന മെക്സിക്കോയിലെ ഒരു ചലച്ചിത്രനിർമ്മാതാവാണ് ഈ ചിത്രം നിർമ്മിക്കുന്നതു്. ആഗഖാനോ, ബീഗം ആഗഖാനോ ഈ ചിത്രത്തിൽ അഭിനയിക്കുന്നതല്ല എന്നാൽ ചിത്രനിർമ്മാണംസംബന്ധിച്ച ചില നിർദ്ദേശങ്ങൾ അദ്ദേഹം നൽകുന്നതായിരിക്കും. ഇന്ത്യാ, ആഫ്രിക്കാ തുടങ്ങിയ രാജ്യങ്ങളിലെ ചില രംഗങ്ങളും ഈ ചിത്രത്തിൽ പ്രദർശിപ്പിക്കുന്നതാണ്. പോൾമുനിയാണ് ആഗഖാന്റെ ഭാഗം അഭിനയിക്കുന്നതു്. ഈ ചിത്രം നിർമ്മിക്കുന്നതിന് 35000 പവൻ ചിലവുവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

*        *        *

എഡിൻബറായിൽവെച്ചുനടത്തുന്ന അന്തർദ്ദേശീയ ചലച്ചിത്രമഹോത്സവത്തിൽ സംബന്ധിക്കുന്നതിനായി "നമ്മുടെ ഇന്ത്യ" എന്ന ചിത്രത്തിന്റെ നിർമ്മാതാവും ഡയറക്ടറുമായ പോൾസിൽസ് ബോംബയിൽനിന്ന് പാരീസിലേക്ക് പോയിരിക്കുന്നു "നമ്മുടെ ഇന്ത്യ"യുടെ ഹിന്ദിപതിപ്പിന്റെ പ്രദർശനം ഇപ്പോൾ കൽക്കട്ടയിൽ നടന്നുകൊണ്ടിരിക്കുന്നു.

*        *        *

യു പി. യിൽ ഇനിയും കൂടുതൽ സിനിമാശാലകൾക്ക് അനുവാദം നൽകുന്നതല്ലെന്ന് അവിടുത്തെ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ഇപ്പോൾ അവിടെ 273 പ്രദർശനശാലകളുണ്ട്. അവയിൽ 115 എണ്ണം 1947-നു ശേഷം പ്രവർത്തനം ആരംഭിച്ചിട്ടുള്ളവയാണ്.

*        *        *

ഇപ്പോൾ ഇന്ത്യൻസംസ്ഥാനങ്ങളിലുള്ള ഫിലിം സെൻസർബോർഡുകൾക്കു പകരം ഒരു കേന്ദ്രഫിലിം സെൻസർബോർഡു രൂപവൽക്കരിക്കുന്നതിന് ഇന്ത്യാഗവർമ്മെന്റ് തീരുമാനിച്ചിരിക്കുന്നതായി വാർത്താവിതരണം പ്രക്ഷേപണം എന്നീ വകുപ്പുകളുടെ മന്ത്രിയായ ശ്രീ: ആർ. ആർ ദിവാകർ പ്രസ്താവിച്ചിരിക്കുന്നു.

*        *        *

"പഹലാആദമി" "ജോഗൻ" "നിഷാൻ" "സമാധി" "മഹാരാജ" "ബെർസാത്ത്" "ശീർഷമഹൽ" "ദഹെജ്" "സിംഗാർ" "ഗോപിനാഥ്" എന്നിവയാണ് ഇന്ത്യയിൽ അടുത്തകാലത്തു നിർമ്മിച്ചിട്ടുള്ള ഉത്തമചിത്രങ്ങൾ.

*        *        *

ന്യൂഡൽഹിയിൽ "ഹിന്ദുസ്ഥാൻ ഹമാരാ" എന്നചിത്രത്തിന്റെ ഒരു പ്രത്യേകപ്രദർശനം ഇയ്യിടെ നടക്കുകയുണ്ടായി. പ്രസ്തുത പ്രദർശനത്തിൽ ഇന്ത്യൻ പ്രസിഡണ്ട് ബാബുരാജേന്ദ്രപ്രസാദും പണ്ഡിതജവഹരിലാൽ നെഹ്റുവും സംബന്ധിക്കുകയുണ്ടായി.

—o—

## വിഷയവിവരം

—o—


| | | പേജ് |
|---|---|---|
| 1. | സിനിമാപംക്തി | 2 |
| 2 | ശ്രീഭാരതസാവിത്രി — സ്വാമി ശ്രീശങ്കരതീർത്ഥമഹാരാജ് | 3 |
| 3 | കേരളത്തിലെ ക്ഷേത്രാരാധനയും ശബരിമലയും — പറവൂർ പി. എസ്. നാരായണപിള്ള | 4 |
| 4 | കാവ്യപീഠികയിലെ അൻപളുപജ് — പി. ദാമോദരൻ പിള്ള | 5 |
| 5 | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ | 6 |
| 6 | കളിയും കാര്യവും | 7 |
| 7 | ചിത്രങ്ങൾ | 8, 9 |
| 8 | സ്വാമി ശിവാനന്ദസരസ്വതി | 10 |
| 9 | കാറവാളി (ചെറുകഥ) ഗി. ദെ. മാപ്പസാങ് | 11 |
| 10 | കാർട്ടൂൺ | 12 |
| 11 | അൽപന്മാർ — നാനാ | 13 |
| 12 | നമ്മുടെ നാണയങ്ങൾ — വി. ആർ. പരമേശ്വരൻപിള്ള | 14 |
| 13 | പ്രേമാനുഭൂതി (കവിത) വെള്ളിമന | 15 |
| 14 | വിദ്യാരംഭം (കവിത) തിരുവാമ്പാടി എൻ. ആർ. പിള്ള | 15 |
| 15 | ഗ്രന്ഥവിചാരം | 15 |
| 16 | ചൈന റഷ്യൻസൃഷ്ടിയാണോ? — ഏ. കെ. ജി. | 16 |


മുഖചിത്രം:—

പാണ്ടിയിൽ ഉണക്കസ്ഥലങ്ങളിൽ കൃഷി നടത്താൻ വെള്ളംകോരി സംഭരിച്ചിട്ടുള്ളയിടങ്ങളിൽനിന്നു കർഷകർ വെള്ളം കൃഷിസ്ഥലങ്ങളിലേയ്ക്കു വിടുന്നതു്.

—o—


# മലയാളരാജ്യം വിശേഷാൽ പ്രതി

പ്രധാനപ്പെട്ട സകല വിജ്ഞാനശാഖകളെക്കുറിച്ചും, സാമാന്യജനങ്ങൾക്കു പ്രയോജനപ്പെടത്തക്കവിധം എണ്ണപ്പെട്ട വ്യക്തികളെഴുതിയിട്ടുള്ള ലേഖനങ്ങൾ.

കേരളത്തിലെ പ്രമുഖ കഥാകൃത്തുക്കളുടെ ഏകാങ്കനാടകങ്ങളും കഥകളും.

ഒന്നാംതരം കവിതകൾ.

**മലയാളസാഹിത്യപുരോഗതിയുടെ ശരിയായ സ്പന്ദനമറിയുന്നതിനു് മലയാളരാജ്യം വിശേഷാൽ പ്രതി വായിക്കുക.**



List of 1st and 2nd prize winners names for contest No. 35: — (1) T. K Menon, Tirupanithura. (2) S S Singh, Reyat, Jamshedpur. (3) G. Choudhry, Bangalore. (4) S. R. Prasad, Basti (5) M. V. P. Raman, Mayavaram. (6) L. V. Rao, Chitaldurg. (7) Velayutham, Kumbakonam. (8) Md. Syed, Bihar (9) Srivatsava, Kanpur. (10) Sivanayam, Travancore (11) G N. Reddy, Karimnagar. (12 R. P. Gounder, Coimbatore. (13) M. T. Nayakam, Mayavaram. (14) Md. S. Hoda, Champaram (15) G. R. Sukhani, Kangara (16) S S. Bahadur, Poona. (17) P.S. Rao, Vijayawada (18) S R. Chopra, Meerut (19) A. V. N. Reddy, Hyderabad (20) Dwarkanath, Kasmir (21) J. S Narayanan, Lucknow. (22) V K. K. Ammal, Vellakinar & (23) Kapur, Madras. 16 and 35 others also were awarded. (2nd prize winners) (1) G. Dharan, Chetty, Hosadurga. (2) Omprakashgupta, Dehra Dun & (3) G. Nayak, Cuttack, and 44 persons were awarded 3rd prize and 7 persons 5th prize.

"The full particulars will be published in the "Rainbow" dated 10 10-50.

**രൂ: 25,000 നേടുക.**

രജി: നം: 249. പ്രശ്നം നം: 37.

അവസാനതിയതി: 27-10-50.

ഉത്തരം: 11-11-'50

**222**

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

പ്രവേശനഫീസ് ഒരുത്തരത്തിനു രൂ: 1-0 0. ആറുത്തരങ്ങൾ അടങ്ങിയ സെറ്റിന്നു് 5 രൂപാമാത്രം.

48-മുതൽ 63-വരെയുള്ള അക്കങ്ങൾ ഉപയോഗിച്ച് ആകെത്തുക 222 കിട്ടത്തക്കവണ്ണം, ഓരോ ഒരുപ്രാവശ്യംമാത്രം ഉപയോഗിച്ച് പൂരിപ്പിക്കുക. ഉത്തരം ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നു. സമ്മാനത്തുക പിരിവനുസരിച്ച് ഭേദപ്പെടുത്തും. മാനേജരുടെ തീരുമാനം അവസാനവും നിയമാനുസൃതവും ആയിരിക്കും. മറു നിബന്ധനകൾ 27-9-50-ൽ പ്രസിദ്ധപ്പെടുത്തിയതുതന്നെയായിരിക്കും. ഉത്തരം 4 ണ സ്റ്റാമ്പയച്ചാൽ അയയ്ക്കും.

RAINBOW COMPETITIONS

KEY S NO. 35 46 to 61 = 214

| | | | |
|---|---|---|---|
| 49 | 54 | 50 | 61 |
| 59 | 52 | 56 | 47 |
| 60 | 51 | 55 | 48 |
| 46 | 57 | 53 | 58 |

We hereby certify that the above is the solution in original deposited with us by Rainbow Competitions No 35 on 25/8/50 in a sealed cover which was opened in our presence to-day and that a copy of the above solution has been lodged with the Bank.

For The Premier Bank of India Ltd

V Ramamurthy 28 9 50 Agent.

**THE RAINBOW COMPETITIONS No. 37, 306 (A) Mint Street, Madras 1.**

The Punnadu C.K.P. Vilasam Library & Reading Room
Kottackakam.


# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ൨൩ | കൊല്ലം, ൧൧൨൬ കന്നി ൩൦-ാംനു- തിങ്കളാഴ്ച 16th October 1950. | ലക്കം ൧൦൦


# ശ്രീഭാരതസാവിത്രി

സ്വാമി ശ്രീശങ്കരതീർത്ഥജിമഹാരാജ്

ശ്രീമഹാഭാരതത്തിലെ സ്വർഗ്ഗാരോഹണപർവ്വത്തിന്റെ ഒടുവിലത്തെ നാലു ശ്ലോകം "ഭാരതസാവിത്രി" എന്ന പേരിൽ പ്രസിദ്ധമാണ്. യാതൊരുപ്രകാരം വേദങ്ങളുടെ സാരമാണോ ശ്രീസാവിത്രി അതുപ്രകാരം പഞ്ചമവേദസ്വരൂപമായ മഹാഭാരതത്തിന്റെ സാരമാണ് ശ്രീഭാരതസാവിത്രി. ശ്രീസാവിത്രി നിത്യവും ഉപാസ്യമായിരിക്കുന്നതെപ്രകാരമോ അപ്രകാരം ശ്രീഭാരതസാവിത്രിയും, നിത്യം അനുസന്ധേയമാണ്. ആഗമങ്ങളുടേയും മറ്റ് അനന്തശബ്ദസാഗരങ്ങളുടേയും സാരഭൂതമായ ശ്രീസാവിത്രി വേദചതുഷ്ടയരൂപമായി പരിണമിച്ചിരിക്കുന്നതുപ്രകാരമോ അപ്രകാരം ശ്രീഭാരതസാവിത്രിയും ആഖ്യാനങ്ങളെക്കൊണ്ടും ഉപാഖ്യാനങ്ങളെക്കൊണ്ടും പല്ലവിതമൂലസുശോഭിതവുമായിത്തീർന്ന് മഹാഭാരതരൂപമായിത്തീർന്ന് കല്പവൃക്ഷമായി പരിണമിച്ചിരിക്കുന്നു. ലക്ഷശ്ലോകാത്മകമായ മഹാഭാരതം പതിവായി പാരായണം ചെയ്യുവാനുള്ള സൗഭാഗ്യം അധികംപേർക്കും ഉണ്ടായെന്നുവരികയില്ല. എന്നാൽ ഈ ശ്ലോകചതുഷ്ടയംപഠിച്ച് അതിന്റെ അർത്ഥം അനുസന്ധാനംചെയ്തു അനായാസേന ശ്രീഭാരതപാരായണത്തിന്റെ ഫലം ആസ്തികബുദ്ധിയായ ആർക്കും സമ്പാദിക്കാൻ കഴിയും. അതുകൊണ്ട് വ്യാഖ്യാനസഹിതമായ ശ്രീഭാരതസാവിത്രീരൂപമായ ഉപഹാരത്തെ സജ്ജനസമക്ഷം സമർപ്പിക്കുന്നു.

### ഒന്നാംശ്ലോകം

മാതാപിതൃസഹസ്രാണി
പുത്രദാരശതാനി ച
സംസാരേഷ്വനുഭൂതാനി
യാന്തി യാസ്യന്തി ചാപരേ.

അനാദി കർമ്മഫലത്താൽ ജീവൻ സംസാരത്തിൽ ഗമനാഗമനം ചെയ്യുന്നു. സംസാരപരമ്പരയായ കർമ്മചക്രത്തിൽ ആവർത്തിക്കുകനിമിത്തമായിട്ട് ജീവന് അനേകായിരം മാതാപിതാക്കന്മാരേയും അനേകശതം ഭാര്യാപുത്രന്മാരേയും അനുഭവിച്ച് അവരുമായി ദുർഭേദ്യമായ മമതാബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിധം അനേകം മാതാക്കന്മാരും പിതാക്കന്മാരും ഭാര്യമാരും പുത്രന്മാരും ജീവികൾക്കുണ്ടായിട്ടുണ്ട്. അതീതസംസാരപ്രവാഹത്തിൽ അവരെല്ലാം പോയി. ഇന്നും കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ജ്ഞാനദൃഷ്ടിയുടെ ഉന്മീലനത്താൽ സംസാരമോഹം നഷ്ടമാകുന്നതുവരെ ഇതുപോലെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയും ചെയ്യും.

### രണ്ടാം ശ്ലോകം

ഹർഷസ്ഥാനസഹസ്രാണി
ഭയസ്ഥാനശതാനി ച
ദിവസേ ദിവസേ മൂഢ-
മാവിശന്തി ന പണ്ഡിതം.

ഈ സംസാരത്തിൽ എണ്ണമില്ലാത്ത ആനന്ദജനകഘടകങ്ങളും അതുപോലെതന്നെ അനന്തം ഭീതിപ്രദഅവസ്ഥകളും നിത്യവും സംഭവിക്കുന്നു. സംസാരമോഹത്താൽ വിമൂഢരായവർ ഇപ്രകാരമുള്ള ആനന്ദത്താൽ ഉൽഫുല്ലന്മാരും അതുപോലെ ഭയത്താൽ അധീരന്മാരും ആയിത്തീരുന്നു. വിചാരംകൊണ്ട് ഉജ്ജ്വലമായ ബുദ്ധിയുള്ള പണ്ഡിതന്മാർ ഇപ്രകാരമുള്ള സന്തോഷത്താലോ ദുഃഖത്താലോ ആവിഷ്ടരാകുന്നില്ല.

### മൂന്നാം ശ്ലോകം

ഊർദ്ധ്വബാഹുർവിരൗമ്യേഷ
ന ച കശ്ചിച്ഛൃണോതി മേ,
ധർമ്മാദർത്ഥശ്ച കാമശ്ച
സ കിമർത്ഥം ന സേവ്യതേ.

ഇതാ ഈ ഞാൻ കയ്യുയർത്തിപ്പിടിച്ച് ഉച്ചത്തിൽ ശക്തിയായി വിളിച്ചുപറയുന്നു; എന്നിട്ടും ആരും എന്റെ വാക്കുകേൾക്കുന്നില്ലല്ലോ. ആശ്ചര്യം! എന്തു? ഞാൻ പറയുന്ന ധർമ്മാചരണമെന്നുകൊണ്ടുമാത്രമേ അർത്ഥവും കാമവും ലഭിക്കയുള്ളൂ. ഇങ്ങനെയുള്ള ഫലംതരുന്ന ധർമ്മത്തെ മനുഷ്യൻ എന്തുകൊണ്ട് സേവിക്കുന്നില്ല?

### നാലാംശ്ലോകം

ന ജാതു കാമാന്ന ഭയാന്ന ലോഭാദ്
ധർമ്മം ത്യജേജ്ജീവിതസ്യാപി ഹേതോഃ
നിത്യോ ധർമ്മഃ സുഖദുഃഖേ ത്വനിത്യേ
ജീവോ നിത്യോ ഹേതുരസ്യ ത്വനിത്യഃ

കാമം, ഭയം, ലോഭം, അഥവാ പ്രാണരക്ഷ തന്നെയായാലും അതിനുവേണ്ടി ഒരിക്കലും ധർമ്മത്തെ ഉപേക്ഷിക്കരുത്. എന്തെന്നാൽ ധർമ്മം ജീവന്റെ ശാശ്വതസ്വത്താണ്. സുഖവും ദുഃഖവും അനിത്യമാണ്. വന്നും പോയും ഇരിക്കുന്നതാണ്. ജീവൻ നിത്യവസ്തുവാണ്. ഈ ജീവന്റെ ജീവനപ്രാപ്തിക്കുള്ള ഉപകരണം അഥവാ കാമം, ഭയം, ലോഭം എന്നിവയ്ക്ക് കാരണമായവ അനിത്യമാണ്. യാതൊരു ദേഹത്തിന്റെ ധാരണംനിമിത്തം ജീവികൾ വലിപ്പംഭാവിക്കുന്നുവോ യാവചില പദാർത്ഥങ്ങളുടെ സാന്നിദ്ധ്യത്താൽ ഉദ്ദീപിതനായിട്ട് മനുഷ്യൻ കാമം, ഭയം, ലോഭം മുതലായ വികാരങ്ങൾക്കധീനനാകുന്നുവോ, മനുഷ്യൻ ഹിതാഹിതവിചാരംകൂടാതെ പ്രവർത്തിക്കുന്നുവോ; അവയെല്ലാം അനിത്യമാണ്. അപ്പോഴപ്പോഴം ഏതിന്റെയേതിന്റെ ഉദ്ദീപനത്താൽ ജീവൻ ധർമ്മമാർഗ്ഗത്തിൽനിന്നു ഭ്രഷ്ടമാകുന്നുവോ അവയെല്ലാം അതതിന്റെ പാട്ടിനുപോകും. എന്നാൽ ജീവൻ അഥവാ ആത്മാവ് അനശ്വരമായിരിക്കും. സുഖദുഃഖങ്ങൾ വരികയും പോകയുംചെയ്യും. ജീവനോടുകൂടി ശേഷിക്കുന്നത് ധർമ്മാധർമ്മങ്ങൾമാത്രമാണ്. പരലോകമാർഗ്ഗത്തിൽ ഏതൊരുസമയം ജീവൻസർവ്വവും ത്യജിച്ച് ഏകാകിയായി യാത്രചെയ്യുന്നുവോ ആ സമയത്തു് യാതൊന്ന് ആ ജീവന് ഈ ലോകത്തുവച്ച് അന്നരൂപത്തിൽ വിശപ്പുമാറ്റുകയും ജലരൂപത്തിൽ ദാഹംമാറ്റുകയും ചെയ്തുവോ അതാകട്ടെ, ഇഹലോകത്തുവച്ച് ആനന്ദം തന്നുകൊണ്ടിരുന്ന അച്ഛൻ, അമ്മ, ഭാര്യ, പുത്രൻ, പുത്രി, ബന്ധുക്കൾ, ബാന്ധവന്മാർ എന്നിവരാകട്ടെ കൂടെവരികയില്ല. അന്ന് ഇവയെല്ലാം വിയോഗംനിമിത്തം ജീവന് അത്യന്തം ദുഃഖംകൊടുക്കുകയും ചെയ്യും. എന്നാൽ അന്നു ശാന്തി തരാൻ അനപേക്ഷകനായ ധർമ്മത്തിനു കഴിയും. ആ ധർമ്മത്തെ ഒരിക്കലും താല്ക്കാലികമായുണ്ടാകുന്ന മോഹത്തിനടിപ്പെട്ട് മനുഷ്യൻ ഉപേക്ഷിക്കുന്നതു നന്നല്ല.

"ന ഹി ധർമ്മാൽ പരഃ കശ്ചിൽ"
ധർമ്മത്തിനുമീതെ മറ്റൊന്നില്ല.

### ഫലശ്രുതി

ഇമാം ഭാരതസാവിത്രീം പ്രാതരുത്ഥായ യഃ
പഠേൽ,
സ ഭാരതഫലം പ്രാപ്യ പരം ബ്രഹ്മാധിഗ-
ച്ഛതി."

യാതൊരുമനുഷ്യൻ രാവിലെ എഴുന്നേറ്റ് ഈ ഭാരതസാവിത്രി പഠിക്കുന്നുവോ അയാൾക്കു മഹാഭാരതം മുഴുവൻ പഠിക്കുന്ന ഫലം കിട്ടുകയുംപരബ്രഹ്മലാഭംഉണ്ടാകുകയും ചെയ്യും.

ജന്മജന്മാന്തരങ്ങളിലെ ധാരാവാഹിയായ സംസാരമമതയെ ദൂരീകരിക്കാനായിട്ട് ശ്രീഭാരതസാവിത്രി ഒന്നാമത്തേതും രണ്ടാമത്തേതും ശ്ലോകംകൊണ്ട് വൈരാഗ്യം ഉപദേശിച്ചിട്ട് മൂന്നാം ശ്ലോകംകൊണ്ട് ധർമ്മാചരണം അഭ്യസിക്കുന്നതിന്റെ ഉപദേശവും നാലാമത്തെ ശ്ലോകംകൊണ്ട് അനിത്യസംസാരം, അനിത്യസംബന്ധം, അനിത്യസുഖദുഃഖങ്ങൾ, അനിത്യഭയം എന്നിവയുടെയെല്ലാം പരിത്യാഗം ഉപദേശിച്ചിരിക്കുന്നു. ധർമ്മമാണ് നിത്യവസ്തു അതുകൊണ്ട് നിത്യമായ അതിനുവേണ്ടി എല്ലാവിധത്തിലും സാധനാഭ്യസനംചെയ്തുവേണം സമയംകഴിക്കാൻ. നിരന്തരസാധനകൊണ്ട് പ്രസന്നമായിട്ട് ഈ ധർമ്മം തന്റെ ഛദ്മവേഷം ത്യജിച്ച് "നീയെന്നും ഞാനെന്നു"മുള്ള ഭേദബുദ്ധികളഞ്ഞ് പരമധർമ്മസ്വരൂപമായി പ്രത്യക്ഷപ്പെട്ട് ജീവന് വളരെക്കാലമായിട്ടു വിഫലമായിരുന്ന ജീവിതത്തെ സഫലമാക്കിത്തീർക്കും. അപ്പോൾ ഈ ജന്മവും സഫലമാകും.

"കുർവ്വന്നേവേഹ കർമ്മാണി
ജിജീവിഷേച്ഛതം സമാഃ."

അദ്യൈവ കുരു യച്ഛ്രേയോ
വൃദ്ധഃ സൻ കിം കരിഷ്യസി
സ്വഗാത്രാണ്യപി ഭാരായ
ഭവന്തി ഹി വിപര്യയേ"

(സിദ്ധാന്തം)

—o—



കേരളത്തിൽ സരസ്വതീപൂജ ആചരിക്കുന്ന സമയത്തുതന്നെ ഉത്തരേന്ത്യയിൽ ആയുധപൂജ ആഘോഷിക്കുന്നു ഉത്തരേന്ത്യയിലെ ഏററവും പ്രധാനപ്പെട്ട ദേശീയോത്സവമാണിതു്. ദുർഗ്ഗയുടെ ചിത്രമാണു മുകളിൽ കൊടുത്തിരിക്കുന്നതു്. മഹിഷാസുരമർദ്ദിനിയായ ശക്തിസ്വരൂപിണിയെയാണ് ദുർഗ്ഗയെന്നപേരിൽ ആരാധിക്കുന്നതു്. ശ്രീരാമക്ഷേത്രങ്ങളുള്ള സ്ഥലങ്ങളിൽ രാവണനിഗ്രഹത്തെ അനുസ്മരിച്ചുള്ള ഒരാഘോഷമായും ഇതു കണക്കാക്കപ്പെടുന്നു. രാവണനിഗ്രഹത്തിനുവേണ്ടി ശ്രീരാമൻ ദുർഗ്ഗയുടെ അനുഗ്രഹം നേടിയെന്നുള്ള വിശ്വാസത്തിൽനിന്നാണ് ആ ആഘോഷങ്ങൾ ഉണ്ടായതു്. കേരളീയർ പൂജവച്ചുകഴിഞ്ഞാൽ പിന്നെ പൂജയെടുപ്പുവരെ എഴുത്തുംവായനയും നിറുത്തിവയ്ക്കുന്നു. പിന്നീടു വിദ്യാരംഭത്തോടുകൂടിയാണ് അവ ആരംഭിക്കുന്നതു്. കർമ്മം ഈശ്വരാർപ്പണവും നിസ്വാർത്ഥവും ആയിരിക്കണമെന്നതാണ് ഈ ചടങ്ങിൽ ഉൾച്ചേർന്നിരിക്കുന്ന തത്വം.

---

പഠിപ്പിക്കലിന്റെ യഥാർത്ഥഉദ്ദേശം അർത്ഥം വിവരിച്ചുകൊടുക്കുകയില്ല, പിന്നെയോ ഹൃദയകവാടത്തിൽ മുട്ടിക്കൊടുക്കുകയാണ്. അങ്ങനെയുള്ള മുട്ടൽകൊണ്ട് സംഭവിക്കുന്നതെന്താണെന്ന് ആരോടെങ്കിലും ചോദിക്കുന്നപക്ഷം, അയാളിൽനിന്നു ലഭിക്കുന്ന ഉത്തരം ബാലിശമായിരിക്കും. എന്തെന്നാൽ അയാൾക്കു വിവരിക്കുവാൻ സാധിക്കാത്തമാതിരി അയാളുടെ ഉള്ളിൽ നടക്കുന്നകാര്യങ്ങൾ അത്രയ്ക്കു വല്യതായിരിക്കും. ഒരുത്തന്റെ പഠിത്തത്തിന്റെ തോതു നിർണ്ണയിക്കുവാൻ സർവ്വകലാശാലാപരീക്ഷകളെ അവലംബിക്കുന്നവർ ഈ പരമാർത്ഥത്തെപ്പറ്റി ഓർക്കുന്നില്ല.

* * *

ആദ്യപല്ലുമുളയ്ക്കുന്ന അവസരത്തിൽ ശിശുവിന് പനിബാധിക്കുന്നു. ഈ പല്ലുവളർന്നു വന്ന് ആഹാരം ദഹിപ്പിക്കാൻ സഹായിക്കുന്നതുവരെ, ഈ വിഷമങ്ങൾക്ക് സാധൂകരണം ലഭിക്കുന്നില്ല. ഇതുപോലെതന്നെ നമ്മുടെ ബാല്യകാലവികാരങ്ങളും ബാഹ്യലോകവുമായുള്ള ബന്ധം എന്തെന്നു മനസ്സിലാക്കുന്നതുവരെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നു.

* * *

ഒരു കണ്ണീർത്തുള്ളിയെന്നപോലെയോ, പുഞ്ചിരിയെന്നപോലെയോ ഉള്ളിൽ നടക്കുന്നതെന്തെന്നുള്ളതിന്റെ ചിത്രമാണ് കവിത.

* * *

യഥാർത്ഥ കവിതയാകുന്ന ചായത്തിൽമുക്കി ഉപയോഗിക്കപ്പെടുന്ന തൂലികയാണ ഓർമ്മ. അടുപ്പം കൂടുതൽ നിർബന്ധം പ്രയോഗിക്കുന്നു. അടുപ്പത്തിന്റെ സ്വാധീനശക്തിയിൽനിന്നു അകന്നുനില്ക്കാതെ ഭാവനയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സാധിക്കുകയില്ല.

ടാഗോർ.

# കേരളത്തിലെ ക്ഷേത്രാരാധനയും ശബരിമലയും

പരവൂർ പി. എസ്സ്. നാരായണപിള്ള ബി. എ. ബി. എൽ.

വൈദ്യം, ജ്യോതിഷം, മന്ത്രവാദം മുതലായവയിലെപ്പോലെതന്നെ ക്ഷേത്രപൂജാദികളിലും കേരളീയർ ഇന്ത്യയിലുള്ള ഇതരദേശീയരേക്കാൾ വളരെ പുരോഗമിച്ചിട്ടുണ്ടായിരുന്നു. പരദേശികൾ സാധാരണ വെറും വേദമന്ത്രോച്ചാരണം നടത്തിക്കൊണ്ടിരിക്കുമ്പോൾ കേരളീയർ സ്ഫുടോച്ചാരണം കൊണ്ടുമാത്രം തൃപ്തിപ്പെടുകയും തന്ത്രവിധികളെക്കൊണ്ടു കൂടുതൽ ശക്തിയെ ഉല്പാദിപ്പിക്കുകയും ചെയ്തു. തന്ത്രസമുച്ചയവും തന്ത്രവിധികളും കേരളീയർക്ക് വിശേഷവിധിയായിട്ടുണ്ട്. ക്ഷേത്രപൂജാദികളിൽ പരദേശത്ത് ഏതൊരു ഭക്തനും ബിംബത്തിൽ അഭിഷേകം ചെയ്യുവാൻ അനുവദിക്കുന്നുണ്ടെന്നും എന്നാൽ കേരളത്തിൽ അതിനനുവദിക്കാത്തതു കേരളത്തിലെ നമ്പൂതിരിബ്രാഹ്മണന്റെ ജാതീയ ഉച്ചനീചചിന്തകൊണ്ടാണെന്നും സാധാരണക്കാർ പറയുക പതിവാണ്. ഒരു പൂജകൻ തന്ത്രവിധിപ്രകാരം പൂജിക്കുകയാണെങ്കിൽ—അല്ലാത്ത ക്ഷേത്രപൂജ കേരളത്തിലില്ലതന്നെ—മററുള്ള വിവിധ ഉപചാരങ്ങളോടും പൂജകളോടുംകൂടി ജലംതൊട്ട സൂര്യമണ്ഡലത്തിൽനിന്നും ആവാഹിച്ച് "ഗംഗാ ച യമുനാചൈവ" ഇത്യാദി പുണ്യതീർത്ഥങ്ങളിലുള്ള ജലങ്ങളെയും ആ കലശത്തിൽ സങ്കല്പിച്ചു അവസാനത്തിൽ താൻ പുണ്യപുരുഷനാണെന്നു ധ്യാനിച്ചു—ഇവിടെ താനും ഈശ്വരനും ഗുരുവും ഒന്നെന്നു പൂർണ്ണമായി ഉറയ്ക്കുന്നു—സ്വശരീരത്തിൽ പതിന്നാലു ലോകങ്ങളുമുണ്ടെന്നു ഗണിച്ചു പാദംമുതൽ 'ഓം അതലായ നമഃ' തുടങ്ങി പതിന്നാലു സ്ഥാനങ്ങളെത്തൊട്ടു നമസ്കരിക്കുമ്പോൾ താൻ വിരാട്പുരുഷനാണെന്നും പതിന്നാലു ലോകങ്ങളും താൻതന്നെയാണെന്നും ഉള്ള നിശ്ചയത്തോടെ ഹൃദയഗഹ്വരത്തിൽനിന്നും തേജോരൂപിയായി വിളങ്ങുന്ന ആ 'സാന്നിദ്ധ്യ'ത്തെ ബിംബത്തിലേക്ക് മന്ത്രതന്ത്രാദികൊണ്ടു ആവാഹിച്ചു ഭക്തജനങ്ങൾക്കു ദർശനം നൽകുകയും അതിനെ തിരച്ചെടുത്തു 'ആവാഹന' 'വിസർജ്ജനാ'ദികൾക്കു ക്ഷമാപണം സമർപ്പിക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ള ഒരു പൂജയ്ക്കു ഏതൊരു ഭക്തനെയും അനുവദിക്കുകയോ അതിനു സാധാരണക്കാരൻ ഒരുമ്പെടുകയോ ചെയ്യുക എന്നതു ശരിയല്ലല്ലോ. കൂടാതെ, ഉപചാരഭാവങ്ങളിൽ പരദേശങ്ങളിൽ ശാല്യന്നപൂജ സാധാരണയല്ല. ഇവിടെ അതു അപരിത്യാജ്യവുമാണ്. ഇതുപോലെതന്നെയാണ് ഉത്സവങ്ങൾക്കു 'ശീവേലി' എന്നറിയപ്പെടുന്ന 'പഞ്ചഭൂതബലി' നടത്തുന്നതും. ഇതിനെയൊക്കെപ്പററി ഹിന്ദുക്കളായ നമ്മുടെ പൈതങ്ങൾക്കു ഒരു അഭ്യാസം നൽകേണ്ടതു സനാതനമതത്തിന്റെ നിലനില്പിനും സാധാരണഹിന്ദുക്കൾക്കു ജ്ഞാനമുണ്ടാകുന്നതിനും അത്യന്താപേക്ഷിതവുമാകുന്നു. ഇക്കാര്യങ്ങൾ നമ്മുടെ ദേവസ്വംഡിപ്പാർട്ടുമെന്റുതന്നെ ഏറെറടുക്കേണ്ടിയിരിക്കുന്നു.

തന്ത്രസമുച്ചയത്തിലെ പതിന്നാലുദേവന്മാരുടെ പൂജയാണ് സാധാരണ നടത്താറുള്ളതു. ഇതിൽ പെടാതെ സർവ്വസാധാരണമായി കേരളത്തിൽ പറയാറുള്ള 'പരദേവതാ'പൂജ പരദേശത്തു സാധാരണ കാണാറുമില്ല. കേരളത്തിലും ഏതാനും ചില പൂജാക്രമവ്യത്യാസത്തോടുകൂടി കാശ്മീരത്തുമാത്രം സർവ്വപ്രചാരത്തിലിരുന്ന പരദേവതാഭഗവതിയായ 'രാജരാജേശ്വരീ'പൂജ കേരളത്തിനു പ്രത്യേകപ്രാധാന്യമുള്ള ഒന്നാണ്. ഈ ശ്രീചക്രശ്രീവിദ്യാപൂജയിൽ ശിവശക്തികളെ മാത്രമല്ല സർവ്വചരാചരങ്ങളെയും, നാല്പത്തിമുക്കോണിലും, അതിനപ്പുറമേയുള്ള കേരളത്തിനു പ്രത്യേകമായിട്ടുള്ള അഷ്ടദളഷോഡശദളങ്ങളിലും മാറിമാറിമായി അടക്കി പൂജിക്കുന്ന പൂജാസമ്പ്രദായത്തെപ്പററി തന്ത്രസമുച്ചയത്തിൽ വ്യക്തമായി വിവരിച്ചുകാണിക്കുന്നില്ലെങ്കിലും ശേഷസമുച്ചയത്തിലെ 'ഭുവനേശ്വരീപൂജാവിധി'കൊണ്ടു സാധിക്കാവുന്ന മറെറാരു സമ്പ്രദായവും ഇല്ലാതില്ല. ഇതിലെല്ലാം പൂജകനെ സ്വല്പനേരത്തേയ്ക്കെങ്കിലും തന്നെത്താൻ വിരാട്പുരുഷനായി ധ്യാനിപ്പിക്കുന്നു. പരമസാത്വികമായ ഈ പൂജാക്രമങ്ങളെയുംമററുംപററി യാതൊരു ഗന്ധവുമില്ലാത്ത നമ്മുടെ പാശ്ചാത്യവിദ്യാസമ്പന്നന്മാർ ആക്ഷേപിക്കുമ്പോൾ അവരുടെ അജ്ഞതയെപ്പററി അനുകമ്പതോന്നുന്നേ നിവൃത്തിയുള്ളൂ.

ക്ഷേത്രങ്ങൾ രണ്ടുതരത്തിലുണ്ട്. സമാധിക്ഷേത്രങ്ങളും വെറും പ്രതിഷ്ഠാക്ഷേത്രങ്ങളും. കേരളത്തിലെ പുരാതനക്ഷേത്രങ്ങൾ മിക്കവയും സമാധിക്ഷേത്രങ്ങളാണ്. പല ക്ഷേത്രങ്ങളിലും പ്രതിഷ്ഠ ഒരേദേവനെയാണെങ്കിൽ പൂജാവിധിയും ഒന്നായിരിക്കും. എന്നാൽ പല ക്ഷേത്രങ്ങളിലെയും ശക്തി പലവിധത്തിലാണെന്നു സാധാരണ വിശ്വസിച്ചുവരുന്നു. സമാധിക്ഷേത്രത്തിലെ പ്രതിഷ്ഠ അവിടുത്തെ സമാധിക്കാരന്റെ ഇഷ്ടദേവതയാണ്. ഈ ലക്ഷ്യംകാണിച്ചുകൊടുക്കാനല്ലയോ ശ്രീചട്ടമ്പിസ്വാമിയുടെ സമാധിയിൽ ദേവീപ്രതിഷ്ഠ ചെയ്തിരിക്കുന്നതു എന്നു ഊഹിക്കേണ്ടിയിരിക്കുന്നു. ശ്രീനാരായണഗുരുസ്വാമിയുടെ സമാധിസ്ഥാനത്തു ശിവലിംഗപ്രതിഷ്ഠയുമാണു നടത്തിയിരിക്കുന്നതു. ഒരാൾ 'സിദ്ധവിദ്യ'യായ ശ്രീചക്രപൂജാകാരനും രണ്ടാമത്തെ ആൾ 'ശിവയോഗ'മാർഗ്ഗക്കാരനുമാണെന്നുള്ള സംഗതി പ്രത്യേകം വക്തവ്യമാണ്. പരിപൂർണ്ണസമാധിയാണെങ്കിൽ ആ 'ചുട്ടെടുത്ത' ഉടൽ അഴിയുകയില്ലെന്നൊരു വ്യത്യസ്തത യോഗിയുടെ ശരീരത്തിനുണ്ടെന്നു ഒരു ചൊൽ പണ്ടേയുണ്ട്. അത്തരത്തിൽ ഉടലഴിയാത്ത സമാധികൾ കേരളത്തിൽ ഉണ്ടെന്നു തെളിവായിട്ടുണ്ട്.

സമാധികൾ ഉണർത്തുകയും സമാധിക്കാരനോടു ചോദിച്ചു വിവരങ്ങൾ ധരിക്കുകയും സംശയങ്ങൾ തീർക്കുകയും ചെയ്യുന്ന പതിവു സന്യാസിമാരുടെ ഇടയിൽ സാധാരണനടപ്പുണ്ട്; ഇന്നും നടക്കുന്നുണ്ട്. സമാധിസ്ഥാനക്കാർക്കു ജാതിമതവ്യത്യാസങ്ങൾ യാതൊന്നുമില്ല. ഹിന്ദുസന്യാസിമാർ മഹമ്മദീയസമാധികൾപോലും ഉണർത്തി വിവരം ധരിക്കുന്ന മാർഗ്ഗങ്ങളും കാണാനിടയായിട്ടുണ്ട്. ശക്തനല്ലാത്ത ഒരുത്തൻ മഹമ്മദീയസമാധിയെ ഉണർത്തരുതെന്നു ഒരു മുന്നറിവു ഗുരുക്കന്മാർ ശിഷ്യന്മാർക്കു നൽകുന്ന പതിവുണ്ട്. അല്ലെങ്കിൽ ചിലപ്പോൾ ആപത്തുകൾക്കിടയായേക്കാം. സമാധി ഉണർത്തുന്ന ഉദ്ദേശത്തോടുകൂടിയാണ് പല അവധൂതന്മാരും ശ്മശാനങ്ങളിലും, ദേവാലയങ്ങളിലും ചില പള്ളികളുടെ പരിസരങ്ങളിലും ചുററിനടക്കുന്നതും അവിടങ്ങളിൽ കാത്തുകിടക്കുന്നതും. സംശയനിവൃത്തിയുണ്ടാക്കുവാനും മററുചില പുതിയ സംഗതികൾ അഭ്യസിക്കുവാനുമായി പല സന്യാസിമാരും ക്ഷേത്രങ്ങളിലും പുണ്യസ്ഥലങ്ങളിലും ചുററിനടക്കുന്നതു ഇന്ത്യയിൽ സർവ്വസാധാരണമാണല്ലോ. ഈശ്വരഭക്തന്മാർക്ക്, മതഭേദമായാലും, വ്യത്യാസമില്ലെന്നുള്ള അറിവു സാധാരണ ഉണ്ടായിട്ടുള്ളതിന്റെ ഫലമായിട്ടാണ് ഹിന്ദുക്കൾ ഭക്തന്മാരെ സ്നേഹപുരസ്സരം ബഹുമാനിക്കുന്നതു. ദിവ്യത്വം പ്രത്യക്ഷപ്പെട്ടാൽ ഹിന്ദുവിനു ആരെയും ബഹുമാനിക്കാനും ആരാധിക്കാനും മടിയില്ലതന്നെ. ഇത്തരം മതസഹിഷ്ണുത സാധാരണജനങ്ങളുടെയിടയിൽ ലോകത്തു മററങ്ങും കാണുന്നില്ല.

ശബരിമലക്ഷേത്രം ഒരു മഹാസമാധിക്ഷേത്രമാണ്. അവിടെയുള്ള 'ഭസ്മക്കുളം' ശബരിയുടെ ഗുരുക്കന്മാരായ ഏഴുപേരും സുഷുമ്നാമാർഗ്ഗേണ മൂലാഗ്നി ജ്വലിപ്പിച്ചു ജഡത്തെ ഭസ്മമാക്കിയ ആ ഹോമകുണ്ഡസ്ഥാനത്താണ് സ്ഥിതിചെയ്യുന്നതു. അതു വെള്ളംകൊണ്ടുള്ള കുളമല്ലായിരുന്നു; ഭസ്മക്കുളമാണ്. അവിടം കുഴിച്ചു വെള്ളംനിറച്ചതും ഒരു മഹാപാപമാണ്. ശബരിയുടെ ഗുരുക്കന്മാരിൽ പ്രധാനിയുടെപേർ അയ്യപ്പനെന്നായിരുന്നുപോൽ! അദ്ദേഹത്തിന്റെ ഇഷ്ടദേവത ശാസ്താവുമായിരുന്നു. പ്രതിഷ്ഠാഭാവത്തെപ്പററി ചിന്തിച്ചാൽ പരിപൂർണ്ണ 'മേരുശിഖര'ത്തിൽ 'മഞ്ജാംബിക'— മാളികപ്പുറം—ശക്തിയോടുകൂടിയ ചിന്മയാകാശകോടി നിലയമായ സിദ്ധവിദ്യയാണ് —അതെ ശ്രീവിദ്യയാണ് അവിടുത്തെ പ്രതിഷ്ഠ. വ്രതവും അനുഷ്ഠാനങ്ങളും സർവ്വത്തിലും സർവ്വത്ര പ്രദർശിപ്പിക്കുന്ന സാമീപ്യസങ്കല്പങ്ങളും മാളികപ്പുറങ്ങളുമെല്ലാം സർവ്വൈക്യതുല്യതകളെക്കുറിക്കുന്ന ശ്രീചക്രോപാസനയാണ്. ഇതു 'അഹം സസോഹ'മെന്നുള്ള അതിപാവനമായ ആ മന്ത്രത്തിന്റെ സാക്ഷാൽകാരതയാണ്. ഈ 'അജപാജപം' കൂടാതെ യാതൊരു ജീവിയും ജീവിക്കുന്നില്ല. അപ്പോൾ സർവ്വജീവികൾക്കും തുല്യതകിട്ടുന്നു. ശ്വാസോച്ഛ്വാസം കൂടാതെ ജീവിക്കാൻ ഒരു ജീവിക്കും സാദ്ധ്യമല്ലല്ലോ. ശിവനിരിക്കുംസ്ഥാനമെന്നു ഹിന്ദുക്കളും ബുദ്ധനിരിക്കുന്ന ക്ഷേത്രമെന്നു ബുദ്ധമതക്കാരും അവകാശപ്പെടുന്ന ടിബററിലെ ശ്രീകൈലാസത്തിലേക്കുള്ള യാത്രയുടെ പ്രതീതിയാണ് 'തെക്കൻ കൈലാസ'മെന്നു പ്രസിദ്ധിനേടിയിട്ടുള്ള ശബരിമലയിലെ 'കാട്ടുചവുട്ടു'ന്നതിനെപ്പററി ചിന്തിക്കുമ്പോൾ ഉണ്ടാകുന്നതു. ശ്രീകൈലാസയാത്ര കഴിഞ്ഞ സന്യാസികൾക്കുണ്ടാകുന്ന നിർവൃതിയും ആനന്ദവും ശബരിമലകയറുന്ന ഒരു സാധാരണക്കാരനും ഉണ്ടാകുന്നു. ഈ യാത്രയിൽ അന്യപ്രാരബ്ധചിന്തകൾക്കൊന്നിനും അവനു ഇടയില്ല. അത്രയുംകാലം അവൻ സാധാരണ സഹവാസവൃത്തികളിൽനിന്നും ഉയർത്തിക്കൊണ്ടുപോയി മറെറാരുലോകത്തു സഞ്ചരിപ്പിക്കുകയാണ്.

സമാധിപുരുഷന്റെ കഥയാണെങ്കിൽ അദ്ദേഹം സാധാരണയായ സമാധിയിൽ ലയിച്ചിരിക്കുകയാണെന്നാണ് വിശ്വാസം—അദ്ദേഹത്തിനു നിർഗ്ഗുണതാ-നിർമ്മമതകളൊന്നുമല്ലാ തതങ്ങൾ. കൂടാതെ സമാധിപുരുഷന്മാർ സാക്ഷാൽ ഈശ്വരസാക്ഷാൽകാരത്തിൽ നിർവൃതി അനുഭവിച്ചു ലയിച്ചിരിക്കുന്നതിനാൽ ബാഹ്യവസ്തുക്കളെപ്പററി വിസ്മൃതിയിൽ കഴിഞ്ഞുകൂടുന്നു. പക്ഷേ അദ്ദേഹത്തെ ഉണർത്തണം. അതു നമ്മുടെ കടമയാണ്. സന്യാസമാർഗ്ഗം വഴിയല്ലെങ്കിൽ അനേകശതം അയ്യപ്പന്മാരുടെ ഒന്നുചേർന്നുള്ള വിളികൾ ഉയരുമ്പോൾ സമാധിസ്ഥൻ ഉണരും. അപ്പോൾ നിഗ്രഹത്തിൽ നാം അദ്ദേഹത്തെ എത്തിക്കും. നമുക്കു സങ്കടപരിഹാരത്തിനു വേണ്ടതു ആ മനുഷ്യാതീതൻ അതെ 'അധിപുരുഷൻ' ന്യായമായി പ്രവർത്തിക്കുകയും ചെയ്യുമെന്നുള്ളതിനാൽ അയ്യപ്പഭക്തന്മാരുടെ ആഹ്വാനപ്രകാരം ശബരിമല സംഭവത്തെത്തുടർന്നു ബഹുജനങ്ങൾ നടത്തുന്ന വിവിധപ്രകടനങ്ങളും ഹോമാദികളുമൊക്കെ നിരർത്ഥകവുമല്ല. ശബരിമലയിലെ ആ പൈശാചികകർമ്മത്തിനു തക്കതായപരിഹാരം ഉണ്ടാകുമെന്നുള്ളതിൽ യാതൊരു ആസ്തികനും സന്ദേഹപ്പെടേണ്ടതില്ല. ഒരുപക്ഷേ അതൊരു സമാധാനപരമായ രീതിയിലായിരിക്കാം; അല്ലെങ്കിൽ അതൊരു മഹാവിപ്ലവത്തിന്റെ മുന്നോടിയായിട്ടുംവരാം. അനന്തരഫലങ്ങൾ സമാധി ഉണർത്തി മനസ്സിലാക്കുന്നവർ അങ്ങിനെ അറിയട്ടെ! അതിനു നിവൃത്തിയില്ലാത്തവർ വരുംഫലങ്ങൾ സമാധാനമായി കാത്തിരുന്നുകണ്ടു അനുഭവിക്കട്ടെ!!

ഇത്രയും എന്റെ നിരീക്ഷണപരീക്ഷണാനുഭവങ്ങളിൽനിന്നും കുറിച്ചതിൽ അഭിപ്രായവ്യത്യാസമുള്ളവരുണ്ടെങ്കിൽ ക്ഷമിക്കാനപേക്ഷ.

—o—



പരേതനായ ശ്രീ: ഐ. നാണുപിള്ള അവർകൾ. ഇദ്ദേഹം റിട്ടയാർഡ് രജിസ്ട്രാറും ദീർഘകാലം എസ്. ആർ. വി. പ്രസ്സ്, മലയാളരാജ്യം എന്നീ സ്ഥാപനങ്ങളുടെ ഭരണസാരഥ്യം വഹിച്ചിരുന്ന ആളുമാണ്. ശ്രീമാന്മാർ കെ. ജി. പരമേശ്വരൻപിള്ള, കെ. ജി. ശങ്കർ എന്നിവരുടെ സ്യാലനും കൊല്ലത്തെ പുരാതന കുടുംബമായ കുളങ്ങരവീട്ടിലെ അംഗവുമായിരുന്നു. കന്നി 21-ാംനു ശനിയാഴ്ച ഇദ്ദേഹം പരലോകപ്രാപ്തനായ വിവരം റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നു. മരിക്കുമ്പോൾ ഇദ്ദേഹത്തിനു 73 വയസ്സ് പ്രായമുണ്ടായിരുന്നു.

---

ഭാഷ പഠിപ്പിക്കുന്നതിനു ഒരു പുരാണകഥ ഉപയോഗിക്കുന്നതു മുഖംവടിക്കുന്നതിനു വാൾ ഉപയോഗിക്കുന്നതുപോലെയാണ്; വാളിനു ദുഃഖവും താടിക്കു ദോഷവും ആണു അതിൻഫലം. ഒരു കവിത പഠിപ്പിക്കേണ്ടതു അതിന്റെ വൈകാരികമായ നിലപാടിനെ അടിസ്ഥാനമാക്കിയാണ്. വ്യാകരണത്തിനും അർത്ഥത്തിനുംവേണ്ടി അതിനെയിട്ടു ദമനം ചെയ്യിക്കുന്നതു സരസ്വതീദേവിയെ ശല്യപ്പെടുത്തുകയായിരിക്കും.

* * *

പഠിത്തത്തിന്റെ സംഗതിയിൽ കഴിയുന്നത്ര ആഹാരത്തിന്റെ രീതിയെ അവലംബിക്കണം. ആദ്യത്തെ കടിക്കുന്ന സ്വാദുതന്നെ തുടങ്ങുന്നെങ്കിൽ, നിറയുന്നതിനുമുമ്പുതന്നെ ഉദരം അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ദഹനനീരിനു പൂർണ്ണമായി പ്രയോജനപ്പെടുന്നതിനു അവസരം സിദ്ധിക്കുകയും ചെയ്യുന്നു. എന്നാൽ ബംഗാളിബാലനെ ഇംഗ്ലീഷിൽ പഠിപ്പിക്കുമ്പോൾ ഇമ്മാതിരി അനുഭവം ഉണ്ടാകുന്നില്ല. വായിൽ ഒരു ഭൂകമ്പം ഉണ്ടായാലെന്നപോലെ, ആദ്യകടിതന്നെ രണ്ടുവരി പല്ലുകളെയും പിഴുതു ഇളക്കിക്കളയുന്നു; നൽകപ്പെട്ട ഉരുള യഥാർത്ഥത്തിൽ കല്ലാണെന്നും, ദഹിച്ചുചേരുന്ന ആഹാരമാണെന്നും മനസ്സിലാക്കുമ്പോഴേക്ക് അനുവദിച്ചിട്ടുള്ള ചാൺ ജീവിതത്തിലെ പകുതിയും കഴിഞ്ഞിരിക്കും, ശ്വാസംമുട്ടിയും വായിൽനിന്നു വെള്ളംഒഴുക്കിയും വ്യാകരണവും ലിപിവ്യത്യാസവും അഭ്യസിച്ചുകഴിയുമ്പോൾ അന്തർഭാഗം ആഹാരമില്ലാതെ വിഷമിക്കുകയായിരിക്കും. ഒടുവിൽ സ്വാദ പിടിച്ചു എന്നാകുമ്പോഴേയ്ക്കു തിന്നാനുള്ള കൊതി അപ്രത്യക്ഷമാകുകയും ചെയ്യും. ആദ്യംമുതല്ക്കു മനസ്സുമുഴുവൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ, അതിന്റെ മുഴുവൻ കഴിവുകളും അവസാനംവരെ വികാസം പ്രാപിക്കാതെ സ്ഥിതിചെയ്യും.

* * *

കേളിയുടെ ചൈതന്യം ഉള്ളിൽ നിറഞ്ഞിരിക്കുന്നതിനാൽ മണ്ണുകൊണ്ടോ, കല്ലുകൊണ്ടോ കമ്പുകൊണ്ടോ, കയ്യിൽ കിട്ടുന്ന മററെന്തെങ്കിലുംകൊണ്ടോ കുട്ടികൾക്കു കളിക്കുവാൻ കഴിയുന്നപോലെ, നമ്മളിൽ സർവ്വസംഗീതം കുടികൊണ്ടിരിക്കുമ്പോൾ വിശ്വത്തിന്റെ വിവിധസ്വരത്തിലുള്ള വീണാതന്തുക്കൾ വലഞ്ഞുമുറുകി നില്ക്കുന്നവയെന്നും അടുത്തുള്ളവരും അല്ലാത്തവരും നമ്മുടെ കൂട്ടിനാണെന്നും അതിനായി ദൂരദിക്കിൽ അന്വേഷണം നടത്തേണ്ടതില്ലെന്നും നമുക്കു തോന്നിപ്പോകുന്നു.

ടാഗോർ

—o—

# കാവ്യപീഠികയിലെ അൻപതുപേജ്

പി. ദാമോദരൻപിള്ള ബി. എ.

സാഹിത്യകല, പ്രതിഭ, സൗന്ദര്യം, രസം, കല്പനം, പാത്രം, ധ്വനി, ഔചിത്യം, രീതി, അലങ്കാരം, വൃത്തം, ഭാഷ എന്നിവയുടെ അനുക്രമമായ പ്രതിപാദനമാണ് ശ്രീ: മുണ്ടശ്ശേരിയുടെ ഈ ഗ്രന്ഥത്തിന്റെ 138 പേജുകളിൽ അടങ്ങിയിരിക്കുന്നതു്. തന്റെ അന്തർഗ്ഗതങ്ങളെ ആവിഷ്കരിക്കുന്നതിനുള്ള ത്വര മനുഷ്യർക്കുള്ളതാണ്. പൊതുവേ ഈ ആത്മാവിഷ്കാരത്വര ജീവന്റെതന്നെ ലക്ഷണമാണെന്നു പറയാം. തന്റെ അന്തസ്സത്വവിശേഷത്തെ സുഭദ്രമായി ആവിഷ്കരിക്കുമ്പോൾ മനുഷ്യൻ ആനന്ദപരവശനായി കലാശിക്കുന്നു. ഈ "അന്തർഭാവത്തിന്റെ രൂപമെടുക്കലിനു" രൂപമെന്നും, ഭാവമെന്നും രണ്ടു് ഘടകങ്ങൾ ഉണ്ടു്. എങ്കിലും ഇവയെ വ്യാവർത്തിക്കാൻ ചിലപ്പോൾ കുറെ പ്രയാസമാണെന്നുതന്നെ പറയണം. ഏതായാലും പദാവലീവാചിതമായ സാഹിത്യത്തിനു മററു കലകളെ അപേക്ഷിച്ചു് കൂടുതൽ അർത്ഥനിവേദനശക്തിയുണ്ടു്. "വികാരതന്മയീഭാവത്താൽ ആസ്വാദകനെ ഹൃദയസംവാദദശയിൽ എത്തിക്കത്തക്കവിധം ജീവിതത്തേയും, പരിസരങ്ങളെയും ഉള്ളിൽ കല്പിക്കുക—ആ ബ്രഹ്മവൃത്തി"—അതാണ് സാഹിത്യകലയിലെ ഉത്തമാംശം. ഭാവാംശംതന്നെ സാഹിത്യത്തിൽ പ്രധാനം. പദവാക്യാർത്ഥാലങ്കാരാദികൾമാത്രം വശമാക്കിയാൽ അതെല്ലാം സാഹിത്യത്തിലെ കള്ളച്ചരക്കായിത്തീരുമെന്നു നിശ്ചയം. ഇത്രയും പറഞ്ഞൊതുക്കിയ ശേഷം പ്രൊഫസ്സർ സാഹിത്യരചനാപ്രക്രിയയെ വിവരിച്ചുകൊണ്ടു് ആദ്യഖണ്ഡം ഉപസംഹരിക്കുന്നു.

ഇതിൽ ഒന്നു രണ്ടു് സംഗതികൾ ശ്രദ്ധിക്കേണ്ടതുണ്ടു്. ആത്മാവിഷ്കാരം, തൽപ്രേരിമയുടെ തന്മയീഭാവം, സ്വത്വാവിഷ്കരണം, എന്നിങ്ങനെ ഗ്രന്ഥകാരൻ കലയെ പല സ്ഥാനങ്ങളിലും തൊടാതെ നിർദ്ദേശിക്കുന്നു. ഇതിനെല്ലാം വല്ല അർത്ഥവുമുണ്ടെങ്കിൽ അതു്, സ്വാത്മകമാണ് (subjective) കലയെന്നുള്ളതാണ്. രണ്ടാമതായി, സത്വാവതാരണം ആനന്ദജനകമാണെന്നു് അദ്ദേഹം തികച്ചും സമ്മതിക്കുന്നുണ്ടു്. അഥവാ, കല എന്നതു് ആനന്ദസ്വരൂപമായ ആത്മാവിഷ്കരണമത്രേ. ഇതെല്ലാം പണ്ടേ തീർച്ചപ്പെട്ടുപോയ കാര്യങ്ങളാണെന്നു പറയേണ്ടതില്ല. കവിതയെ ഹ്ലാദൈകമയിയായും അനന്യപരതന്ത്രയായും മററും കണ്ടവരാണല്ലോ പൂർവ്വാചാര്യന്മാർ. ഇവിടെ ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളതു് പാശ്ചാത്യരുടെ അഭിപ്രായങ്ങളുമായി പൗരസ്ത്യമതങ്ങളെ അനുരഞ്ജിപ്പിക്കാനുള്ള ഒരു ശ്രമമാണ്. ഈ ഗ്രന്ഥത്തിന്റെ ഒരു പ്രത്യേകസ്വഭാവംതന്നെ അതാണെന്നു പറയാം.

ഗ്രന്ഥകാരൻ പറയുന്നു:—"......ഓരോ സൃഷ്ടിയും ഓരോ അന്തർഭാവത്തിന്റെ രൂപമെടുക്കലാണ്; സ്വത്വാവതാരപ്രവണതയുടെ ഓരോ പ്രവാഹമാണ്. ഒരു വിശേഷംമാത്രം, മററാരുടേതിലും മഹത്തരങ്ങളായിരിക്കും കലാകാരന്മാരുടെ അന്തർഭാവങ്ങളും തദാവിഷ്കാരങ്ങളും. 'അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതിഃ' എന്നതിലടങ്ങിയ രഹസ്യം ഇതല്ലാതൊന്നുമല്ല." ചുരുക്കത്തിൽ ഇതിനർത്ഥം, കാവ്യപ്രപഞ്ചത്തിന്റെ വസ്തു കലാകാരന്റെ അന്തർഭാവങ്ങൾ തന്നെയാണെന്നത്രേ. സാഹിത്യപരമായി മാത്രമല്ല, താത്വികമായും ഇതേററവും ശരിയാണെന്നുള്ളതു് മറെറാരു കാര്യമായിരിക്കാം. എങ്കിലും അതിനേക്കൂടി ആസ്പദമാക്കിയാണ് മേലുദ്ധരിച്ച ചൊല്ലുണ്ടായതെന്നു് മനസ്സിലാക്കിയാൽ കുറേക്കൂടി വ്യാപകമായി സൃഷ്ടിരഹസ്യവും, കവിയും, ബ്രഹ്മാവും തമ്മിലുള്ള സാമ്യവും വിശദമായിത്തീരുന്നതാണ്. ഏതു പ്രപഞ്ചവും അന്തർഭാവനിഷ്ഠമാണെന്നു് സാരം.

അടുത്തതായി പ്രതിഭയെപ്പററിയാണ് ഗ്രന്ഥകാരനു് പറയാനുള്ളതു്. അതിൽ പ്രജ്ഞ, കല്പന എന്നിങ്ങനെയുള്ള ശബ്ദങ്ങൾ ഏതാണ്ടു് അഭേദേന പ്രയോഗിച്ചുകാണുന്നു. മററു പലരും അങ്ങനെയൊക്കെ ചെയ്തിട്ടില്ലേ എന്നു ചോദിച്ചാൽ, ഉണ്ടു് എന്നുതന്നെ സമാധാനം. എന്നിരുന്നാലും ഭാവന, പ്രതിഭ എന്നിവയെ അല്പം വേർതിരിച്ചുകാണിക്കാൻ വയ്യെന്നില്ല. രണ്ടും ഒന്നാണെന്നു കല്പിക്കുന്നതു് അപ്പടി ശരിയായിരിക്കയില്ലെന്നുള്ളതുതന്നെയാണ് അതിനുകാരണം. പക്ഷേ ഒന്നുണ്ടു്. പലപ്പോഴും വലിയ നിഷ്കർഷണമൊന്നുംകൂടാതെ ഒരു ഒഴുക്കൻമട്ടിലാണ് ഗ്രന്ഥകാരന്റെ പ്രതിപാദനം. അതു വഴിയെതെളിയുന്നതാണ്. ഈ ഖണ്ഡത്തിൽ, മനുഷ്യൻ വെറും യന്ത്രത്തിൽ കവിഞ്ഞൊന്നുമല്ലെന്നു് 19-ാം നൂററാണ്ടിലെ പദാർത്ഥവിജ്ഞാനീയത്തിൽനിന്നുണ്ടായ അബദ്ധധാരണയെ ഗ്രന്ഥകാരൻ കണക്കിനു് പൊളിച്ചുതള്ളുന്നുണ്ടു്. പക്ഷേ ഇവിടെ ഈ ഇരുപതാംനൂററാണ്ടിന്റെ നട്ടുമറിക്കാണ് ആ "തലതിരിഞ്ഞസിദ്ധാന്ത"ത്തിനു് പ്രാബല്യം സിദ്ധിച്ചിരിക്കുന്നതെന്നു് അനുഭവമാണല്ലോ, അത്രയുണ്ട് നമ്മുടെ പുതിയ സാഹിത്യകാരന്മാരുടെ ബുദ്ധിവികാസം!

സൗന്ദര്യത്തെപ്പററി പ്രതിപാദിക്കുന്ന അടുത്ത ഖണ്ഡത്തിൽ പരസ്പര വിലക്ഷണങ്ങളായ അഭിപ്രായങ്ങൾക്കു് ഉദാഹരണങ്ങൾ കാണാം. മനുഷ്യനു് ആഹ്ളാദജനകമായതെല്ലാം സുന്ദരവും, ആനന്ദംതന്നെ സൗന്ദര്യവുമാകുന്നു. "പ്രയോജനാപേക്ഷവരുമ്പോൾ ആഹ്ളാദത്തിനു ശുദ്ധികുറയുന്നു. ഒപ്പം സൗന്ദര്യത്തിനും," എന്നുള്ളതിൽ ഗ്രന്ഥകാരനു് സംശയമില്ല. പ്രയോജനാപേക്ഷ സ്വാർത്ഥതയിൽ നിന്നാണുണ്ടാകുന്നതു്, അതിനാൽ പ്രയോജനാപേക്ഷയില്ലാത്ത കല നിസ്സ്വാർത്ഥമായ ആനന്ദമാണെന്നുള്ള സ്വാമിവിവേകാനന്ദന്റെ നിർവചനം സാധൂകരിക്കപ്പെടുന്നു. അത്രത്തോളത്തിലും എഴുതിക്കളഞ്ഞിട്ടും അദ്ദേഹം കഥയറിയാതെ ആട്ടംകാണുന്നതായിട്ടാണ് തോന്നുക. ഇങ്ങനെ ഒന്നിനെപ്പററിത്തന്നെയല്ല, പലതിനേപ്പററിയും അദ്ദേഹത്തിനു രാജകുമാരനില്ലാത്ത ഹാംലററ്നാടകം അഭിനയിക്കാനുണ്ടുതാനും. ഏകാഗ്രമായ യോഗത്തിലാണ് ആനന്ദം അഥവാ സൗന്ദര്യം സ്ഥിതിചെയ്യുന്നതു്. രാമായണമെഴുതുന്നതിനുമുമ്പു വാല്മീകിമഹാകവി യോഗത്തിൽ പ്രവേശിച്ചതായി പറയുന്നതു് ഒരു വെറും കിറുക്കിന്റെലക്ഷണം മാത്രമായിട്ടോ മറേറാ ആണ് അതു വായിച്ചവരെല്ലാം ധരിച്ചിരിക്കുന്നതെന്നു തോന്നുന്നു. പക്ഷേ ആ കഥയുടെ അർത്ഥം, വിഷയവുമായി യോഗംചെയ്യാൻ, ഏകാഗ്രമായി വിഷയസ്വാത്മ്യം സാധന ചെയ്യാൻ, അതുമായി ഐകാത്മ്യം പ്രാപിക്കാൻ ഗ്രന്ഥകാരനും ഒരുപാററിയിട്ടില്ല. എങ്കിലും സൗന്ദര്യത്തെക്കുറിച്ചു് അദ്ദേഹത്തിനു സമ്പോധമായ അറിവുണ്ടെന്നു് ഈ ഖണ്ഡം വായിച്ചാൽ തോന്നുകയില്ല. ചില അഭിപ്രായങ്ങൾ ഏതാണ്ടൊക്കുന്നതുപോലെ തോന്നിയതുകൊണ്ടു് അദ്ദേഹം അവ പകർത്തിയെന്നുമാത്രം. സൗന്ദര്യത്തിന്റെ അടിസ്ഥാനം, അഥവാ ആഹ്ളാദത്തിന്റെ അടിസ്ഥാനം സംസ്കാരമാണെന്നു അദ്ദേഹത്തിനു് അഭിപ്രായമുണ്ടു്: സൗന്ദര്യം ഒരു "ഒത്തിരുപ്പ്"—അംഗോപാംഗങ്ങളുടെ യഥാസ്ഥാനനിവേശത്തിൽ നിന്നുണ്ടാകുന്ന ഒരേകാഗ്രമോഹനത—"എന്നൊക്കെ അദ്ദേഹം വിക്കിയും, ഞെരങ്ങിയും പറയുന്നതുകാണുമ്പോൾ ഒരു അനുകമ്പയും തോന്നാതിരിക്കുന്നില്ല. വാസ്തവത്തിൽ എന്താണ് സൗന്ദര്യം? അതൊരു "ഐക്യം" (unity) ആണെന്നു കാണാനും, അങ്ങനെതന്നെ പറയാനും ഇത്ര ബുദ്ധിമുട്ടൊന്നുമില്ല. അതുതന്നെയാണ് ആഹ്ളാദവും കീററ്സിന്റെ സത്യവുമെന്നുകൂടി കൂട്ടിച്ചേർത്താൽ സകല സംശയങ്ങളും, ആശയക്കുഴപ്പങ്ങളും അവസാനിക്കുന്നതുമാണ്.

> "ഒരു പിച്ചക്കാരനോ, ഭ്രാന്തനോ ജീവിതത്തിൽ ആകർഷകനല്ല. നാടകത്തിലുംമററും നേരേമറിച്ചാണ് അനുഭവം. ഇതിനുകാരണമെന്തു്? പ്രൊഫസറുടെ മറുപടികാണേണ്ടതാണ്. ഇതാ: "ആ പിച്ചക്കാരന്റെ പ്രതീതിയെ യഥാർത്ഥം ഉളവാക്കുന്നതിൽത്തന്നെ. എന്നുവച്ചാൽ ഒത്തിരിപ്പാണ് കലയിലെ സൗന്ദര്യമെന്നർത്ഥം. ജുഗുപ്സയെല്ലാം ആ തള്ളലിലും കൊള്ളലിലുംവച്ചു് പൊയ്ക്കൊള്ളും." ഇതുവായിച്ചപ്പോൾ "ബലേ!"! എന്നുപറഞ്ഞുപോയി. യഥാർത്ഥം ഒരു പിച്ചക്കാരനെ ജീവിതത്തിൽ കാണുകയില്ലെന്നുണ്ടോ? ഒത്തിരിപ്പിനു അവിടെ ഭംഗംവരണമെന്നുണ്ടോ? തള്ളലും കൊള്ളലും ജീവിതത്തിൽത്തന്നെ അങ്ങു നിർവഹിച്ചുനോക്കരുതോ? പക്ഷേ എന്തെല്ലാമായാലും എത്ര തള്ളിയാലും, കൊണ്ടാലും ജീവിതത്തിൽ പിച്ചക്കാരൻ അനാകർഷകൻതന്നെ. പിന്നെന്താണു കലയിൽമാത്രം വ്യത്യാസം? അതു പ്രൊഫസർക്കറിവില്ല."

അംഗോപാംഗങ്ങളുടെ യഥാസ്ഥാനനിവേശമെന്നു പറയുമ്പോൾതന്നെ ഗ്രന്ഥകാരൻ ആ ഐക്യത്തിൽ വിരലൂന്നിക്കഴിഞ്ഞു. പക്ഷേ ദിഗ്ഭ്രമംകൊണ്ടു് തുരൻ കടവിലെത്തിയ കഥ അദ്ദേഹം അറിയുന്നില്ലെന്നുമാത്രം. എന്നു തന്നെയല്ല Uniformity in variety എന്നും മററും 117-ാംപേജിൽ ഇംഗ്ലീഷിലും മലയാളത്തിലും അദ്ദേഹം ശ്രമിച്ചെന്നാണ്. ഈ യോഗം അഥവാ ഐക്യമില്ലെങ്കിൽ ഒരു കൃതി സുന്ദരമായിരിക്കയില്ല; ആനന്ദജനകമായിരിക്കയില്ല. ആത്മാർത്ഥതയുടെ പ്രതിഷ്ഠയും, അനൗചിത്യപരിഹാരവുമെല്ലാം പ്രസ്തുത യോഗത്തിലാണ് സാധിക്കുന്നതു്. എന്നുവച്ചാൽ വസ്തുവിന്റെ അംഗോപാംഗനിവേശം ശരിയ്ക്കു കാണുന്നതു് യോഗത്താലാണെന്നർത്ഥം.

ഗ്രന്ഥകാരൻ കഥ മനസ്സിലാക്കിയിരുന്നെങ്കിൽ താഴെകാണുന്ന വാക്യങ്ങൾ അദ്ദേഹം എഴുതുകയില്ലായിരുന്നു എന്നു തീർച്ച. "സംസ്കാരമായി കൂട്ടിപ്പിണഞ്ഞുകിടക്കുന്ന ആ ഭാവങ്ങളോരോന്നിനും ഇണങ്ങിയതായി വരുമ്പോഴാണ് തന്നിൽനിന്നു വേറിട്ടുനില്ക്കുന്ന ഓരോന്നും തനിക്കഭിമതമായി മനുഷ്യൻ എണ്ണിപ്പോകുന്നതു്. അപ്പോൾ അനുഭൂതിയിങ്കൽ പൊതുവേ ആഹ്ളാദമെന്നുവിളിക്കുന്ന ആ ഉള്ളിണക്കത്തിന്റെ അടിസ്ഥാനം സംസ്കാരമാണെന്നുവരുന്നു" എവിടെ വരുന്നു? അങ്ങനെയൊന്നും വരുന്നില്ല. ഈ അസംബന്ധം ചില വൻപന്മാർ പോലും എഴുന്നള്ളിക്കാറുണ്ടെന്നേയുള്ളു. സംസ്കാരമെന്തെന്നും, ഗ്രന്ഥകാരൻതന്നെ പറയുന്ന "നിർവൃതി" എന്തെന്നും ആലോചിക്കുമ്പോൾ അക്കഥ വ്യക്തമാകുന്നതാണ്. സംസ്കാരമെന്നതു് പല ഘടകങ്ങളുടെ ഒരു ചേരുവയാണല്ലോ. പലതും കൂടിച്ചേർന്നുണ്ടാകുന്ന ഒന്നു് എപ്പോഴും നാശോന്മുഖവും അതുകൊണ്ടുതന്നെ ദുഃഖഹേതുകവുമാണ്. ആ സ്ഥിതിയും അതു് ആനന്ദജനകമാണെന്നു വിചാരിക്കുന്നതു് അബദ്ധമായിരിക്കും. വാസ്തവത്തിൽ അവനവന്റേതായ സംസ്കാരം തകർന്നു് ആത്മസത്തയ്ക്കു് വിജൃംഭണത്തിനു വഴികൊടുക്കുന്നതെപ്പോഴോ അപ്പോൾമാത്രമേ നിർവൃതി എന്നൊന്നു അനുഭവപ്പെടുകയുള്ളു. അഥവാ തന്റെ സ്വാർത്ഥത നശിക്കുമ്പോൾമാത്രമേ ആനന്ദം അനുഭൂതമാകയുള്ളു.

താഴ്ന്നതരം ജീവികൾ, നദികൾ, പാറകൾ മുതലായവയ്ക്കു് ഒരു ജഡസംസ്കാരമുണ്ടായിരിക്കാം; പക്ഷേ ശ്രീകൃഷ്ണന്റെ വേണുഗാനവും, ഹനുമാന്റെ വീണാഗാനവും, ഓർഫിയസ്സിന്റെ തന്ത്രിവാദ്യവും വൃക്ഷങ്ങളെയും, പാറകളെയും, നദികളെയും ഇളക്കിയതായി കാണുന്നു. അക്ബറിന്റെ കൊട്ടാരത്തിലെ ടാൻസൻ പാട്ടുപാടി മാൻകൂട്ടങ്ങളെ ആകർഷിച്ചിരുന്നു. സർ ജഗദീശ്ബോസിന്റെ പുടശാലയിലെ വാടിത്തളർന്ന ചെടിയെ പണ്ഡിററ് ഓംകാരനാഥ് പാട്ടുപാടി ഉജ്ജീവിപ്പിച്ചു. ഇതിനൊക്കെ എന്തർത്ഥമാണുള്ളതു? സംസ്കാരം എത്രയോ ജഡമായിരുന്നാലും കലയ്ക്കു അതിനെ തട്ടിത്തകർത്തു് ഗ്രന്ഥകാരൻപറയുന്ന "ആശയവിജൃംഭണം" അഥവാ ആത്മനിർവൃതിനൽകാൻ സാധിക്കുമെന്നാണ്. മേൽപ്പറഞ്ഞതെല്ലാം കെട്ടുകഥകളാണെങ്കിൽതന്നെയും അവയിൽ ഒരു സത്യം അടങ്ങിയിട്ടുണ്ടെന്നു സ്പഷ്ടമാകുന്നു. ആ സത്യമാണ് മേൽപ്രസ്താവിച്ചതു്. അതല്ലെങ്കിൽ, കല ഐക്യധർമ്മിയാണെന്നുള്ള ടാൾസ്റ്റോയിയുടെ വിശ്വാസത്തിനും, സംഗീതത്തിനു് ലോകത്തെ ഏകീകരിക്കാൻ കഴിയുമെന്നുള്ള എയിൻസ്റ്റീന്റെ അഭിപ്രായത്തിനും അടിസ്ഥാനമില്ലാതെവരും. എന്തെന്നാൽ, കല മനുഷ്യരാശിയെ ഏകീകരിക്കണമെങ്കിൽ, ഓരോവർഗ്ഗത്തിന്റേയും സംസ്കാരത്തെ ജയിക്കുന്ന ശക്തി അതിനുണ്ടായിരിക്കുകതന്നെ വേണം. ശ്രീകൃഷ്ണൻ മുതൽ എയിൻസ്റ്റീൻവരെ ഈ അഭിപ്രായക്കാരാണുതാനും.

ഇതിൽനിന്നു് പ്രൊഫസർ മുണ്ടശ്ശേരി പലതും അറിഞ്ഞിട്ടില്ലെന്നു വെളിപ്പെടുന്നുണ്ടു്. "നിർവൃതി" എന്ന ശബ്ദത്തിന്റെ അർത്ഥമെങ്കിലും ശരിയ്ക്കു അന്വേഷിച്ചിരുന്നെങ്കിൽ അദ്ദേഹത്തിനു ഈ അബദ്ധം പിണയുകയില്ലായിരുന്നു. "വൃതി" അഥവാ ആവരണം ഇല്ലാത്ത അവസ്ഥയാണ് നിർവൃതി. നമ്മുടെ സംസ്കാരങ്ങൾ ആത്മസത്ത പ്രകാശിക്കാതെ അതിനെ ആവരണംചെയ്തുകൊണ്ടാണിരിക്കുന്നതു്. അതു് പല ഘടകങ്ങളുടെ ഒരു ചേരുവയുമാണ്. കലാമുഖേന ഉണരുന്ന ആത്മസത്ത ഈ ആവരണത്തെ ഭേദിച്ചു തന്റെ മൂടിയില്ലാത്ത അവസ്ഥയെ അഭിമുഖീകരിക്കുന്നതാണ് ആനന്ദാനുഭൂതിയെന്നുപറയുന്നതു്. പ്രൊഫസർ പറയുംപോലെ തൽപ്രേരിമയുടെ സംതൃപ്തി, സുഖം, അഥവാ നിർവൃതി അപ്പോഴാണ് അതു് നേരിൽ അറിയുന്നതു്. കലയിൽ ഒരുവൻ തന്റെ ആത്മസൗന്ദര്യമാണ് ദർശിക്കുന്നതെന്നും, കല ആത്മാവിഷ്കരണമാണെന്നും, ആ നിർവൃതിയിൽ കലപ്പൊന്നുമില്ലെന്നുംമററും പറയുന്നതിനൊക്കെ അർത്ഥമിതാണ്. കലപ്പില്ലാത്ത ആത്മനിർവൃതിയും, പലതും കലർന്നുണ്ടാകുന്ന സംസ്കാരവുംതമ്മിൽ പൊരുത്തമൊന്നുമില്ല.

അനന്തരം അദ്ദേഹം രസനിരൂപണത്തിനിടയിൽ കല കലയ്ക്കുവേണ്ടി എന്ന സിദ്ധാന്തത്തെ ഒന്നു എതിർത്തു സംസാരിച്ചിട്ടു് ഇങ്ങനെ പറയുന്നു:- "സാഹിത്യാസ്വാദനത്തിൽ ഹൃദയം നിർവൃതമാകുന്നു എന്നുള്ളതിൽ പക്ഷാന്തരമില്ലതന്നെ. പക്ഷേ സാഹിത്യകാരൻ ജീവിതത്തെ നിഷ്കർഷണംചെയ്തു രസനീയരൂപത്തിൽ പകർന്നുതരുന്ന സംസ്കാരം ആസ്വദിച്ചു തൃപ്തിപ്പെടുക—അതല്ലേ നിർവൃതിക്കു് അർത്ഥം?" നിർവൃതിക്കു് അർത്ഥമതല്ലെന്നു് മേൽ കണ്ടുകഴിഞ്ഞു. കല കലയ്ക്കുവേണ്ടിയല്ലെങ്കിൽ, കലപ്പില്ലാത്ത ആനന്ദാനുഭൂതിക്കുവേണ്ടിയല്ലെങ്കിൽ, പിന്നെന്തിനു്? ഇങ്ങനെയൊരു ചോദ്യമുണ്ടാകുന്നു. അതിനു് പ്രൊഫസറുടെ മറുപടിയാണ് മേലുദ്ധരിച്ചതു്. കല കലയ്ക്കുവേണ്ടിയല്ല, രസനീയരൂപത്തിൽ പകർന്നുതരുന്ന സംസ്കാരത്തിനുവേണ്ടിയാണത്രേ. സംസ്കാരത്തിന്റെ കുഴപ്പവും മേൽ തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു പ്രൊഫസർക്കു ആകെ കുഴപ്പമാണ് പററിയിരിക്കുന്നതെന്നു വ്യക്തമാകുന്നു. ഇനി അതിരിക്കട്ടെ; ഈ സംസ്കാരംതന്നെ എന്തിനാണ്? സകല യത്നങ്ങളുടേയും, സമ്പാദനത്രമങ്ങളുടേയും സർവ്വജീവിസാധാരണമായ ലക്ഷ്യം ഒന്നേഒന്നുമാത്രമാണ്—ആനന്ദപ്രാപ്തി. അപ്പോൾ നാം സംസ്കാരം നേടുന്നതും ആനന്ദത്തിനുവേണ്ടിയാണെന്നു അനായാസേന സിദ്ധിക്കുന്നു. പക്ഷേ മുകളിൽ വിവരിച്ചതുപോലെ സംസ്കാരം നമ്മുടെ യഥാർത്ഥസ്വഭാവമായ ആനന്ദത്തെ പലപ്പോഴും മറയ്ക്കുകയാണ് ചെയ്യുന്നതു്. കല അതിന്റെ വേലികെട്ടു പൊളിച്ചു് പെട്ടെന്നു നമുക്കു് നമ്മുടെതന്നെ സ്വാതന്ത്ര്യരൂപമായ ആനന്ദം കാട്ടിത്തരുന്നു. ആനന്ദമല്ല നമ്മുടെ യഥാർത്ഥസ്വഭാവം അഥവാ സ്വരൂപമെ

ഇതാ പ്രസിദ്ധീകരിച്ചു!
ചിന്താസുന്ദരവും സംഭവബഹുലവുമായ
ഒരു ചലനകഥ!
മംഗളാംബിക
വിഭിന്നജീവിതമണ്ഡലങ്ങളിലെ നിഗ്രഢയാഥാർത്ഥ്യങ്ങളെ
സമർത്ഥമായി ചിത്രീകരിക്കുന്ന ഏററവുംപുതിയ മലയാളനോവൽ
ഉടൻ ആവശ്യപ്പെടുക:—
മാനേജർ,
ശ്രീരാമവിലാസംബുക്കുഡിപ്പോ, കൊല്ലം.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

ങ്കിൽ, അതിനുവേണ്ടി നാം ഇത്രവളരെ കഷ്ടപ്പെടുകയില്ലായിരുന്നു. ഒരു മീനിനെ പിടിച്ചു് കരയിലിട്ടാൽ അതു് വെള്ളത്തിലേയ്ക്കുതന്നെ പോകാൻ കിടന്നു പിടയ്ക്കും. അതുപോലെ ആനന്ദത്തിൽനിന്നു വേർപെട്ടുപോയിരിക്കുന്ന നാം കിടന്നുപിടയ്ക്കുന്ന പിടയലാണു് ലോകജീവിതം. അതിൽ കലമാത്രം നിസ്സ്വാർത്ഥമായ, നിഷ്കളങ്കമായ, ആനന്ദം നൽകാൻ പര്യാപ്തമായിരിക്കുന്നു. സംസ്കാരം ആ വിഷയത്തിൽ അനൈക്യവും, ലക്ഷ്യഭ്രംശവും മാത്രമേ കൈവരുത്തുന്നുള്ളു. പക്ഷെ നാം അന്വേഷിക്കുന്ന ആനന്ദം പല സ്ഥാനങ്ങളിലും കണ്ടുകിട്ടിയെന്നു തോന്നുമ്പോഴും അതൊക്കെ തെററാണെന്നു് ക്രമേണ മനസ്സിലാക്കാനിടയാകുന്നതുപോലെ സംസ്കാരവും അത്രയ്ക്കു് ആനന്ദസാധകമല്ലെന്നു മനസ്സിലാകാൻ കുറച്ചു കാലതാമസം മാത്രമേ വേണ്ടു. അതുതന്നെയുമല്ല, കല കലയ്ക്കുവേണ്ടി, ജ്ഞാനം ജ്ഞാനത്തിനുവേണ്ടി എന്നെല്ലാം പറയുന്നതിലന്തർഭവിക്കുന്ന രഹസ്യം എത്രയോ പരസ്യമാണെങ്കിലും പ്രൊഫസറേപ്പോലുള്ളവർ അതു് മനസ്സിലാക്കാത്തതു് ഒരു നേരമ്പോക്കുപോലെയാണിരിക്കുന്നതു്. ജ്ഞാനത്തോടു് ആത്മാർത്ഥത വേണം; കലയോടു് ആത്മാർത്ഥത വേണം; ഇതൊക്കെ ആർക്കാണു് അറിഞ്ഞുകൂടാത്തതു്? അതു് പ്രൊഫസറും നിഷേധിക്കുമെന്നു തോന്നുന്നില്ല. എന്തെന്നാൽ, ആത്മാർത്ഥതയില്ലാതെ ഒന്നും എഴുതേണ്ടതില്ലെന്നു് അദ്ദേഹം സാഹിത്യകാരന്മാരെ ഗുണദോഷിക്കാൻ വളരെ താമസിക്കുന്നില്ല. പിന്നെന്താണു് അദ്ദേഹം ഇങ്ങനെയൊക്കെ പറയുന്നതെന്നു് ചോദിച്ചാൽ സമാധാനമൊന്നേയുള്ളു. നിഷ്കർഷണം, ആശയവ്യക്തി, വിചാരശുദ്ധി ഈവക ഗുണങ്ങൾക്കു പകരം, കുറെ ആശയക്കുഴപ്പങ്ങളുംകൊണ്ടാണു് അദ്ദേഹം പുസ്തകമെഴുതാനിരുന്നതെന്നുതന്നെ. പലതും അദ്ദേഹം വായിച്ചു. പക്ഷെ വായിച്ചാൽമാത്രം പോരാ, അതെല്ലാം കുറെയൊക്കെ മനസ്സിലാകുകയുംകൂടി ആവശ്യമാണല്ലോ.

കീററ്സിൻെറ സത്യസൗന്ദര്യങ്ങളിലേക്കു് കടക്കുമ്പോഴും പ്രൊഫസ്സറുടെ ഗതി ഇതുതന്നെ. സത്യസൗന്ദര്യങ്ങൾക്കു് അദ്ദേഹം കല്പിച്ചുകൊണ്ടുള്ള കീററ്സിൻെറ പരിശോധന അന്തരൗചിത്യം, ബാഹിരൗചിത്യം എന്നിവയിൽ കുടുങ്ങിക്കിടക്കുന്നു എന്നേ അദ്ദേഹം മനസ്സിലാക്കിയിട്ടുള്ളു. കവിയുടെ ആത്മാവിഷ്കാരമാണു് കലയെങ്കിൽ സ്വന്തം ആത്മാവിനേക്കാൾ സത്യമായി ആർക്കും ഒന്നുമില്ല. അതു് സൗന്ദര്യമയമാണെന്നു എല്ലാവരും സമ്മതിക്കയും ചെയ്യുന്നു. അഥവാ, തൻെറ സത്യം കലയിൽ പ്രകാശിച്ചു കാണുമ്പോഴുള്ള സൗന്ദര്യം ആ സത്യംതന്നെയാണെന്നു സാരം. ഇതാണു കീററ്സ് പറഞ്ഞതു്, പ്രൊഫസ്സർ ഇത്രയും അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹം കീററ്സിനെ ഔചിത്യചർച്ചക്കിടയിൽ അവതരിപ്പിക്കാതെ സൗന്ദര്യവിചാരത്തിനിടയിൽതന്നെ സ്ഥാപിക്കുമായിരുന്നു.

സൗന്ദര്യവിചാരത്തിൽ പിന്നെയും പ്രൊഫസ്സർ കാട്ടുകയറിക്കൂട്ടുന്ന കാഴ്ച കാണ്മാനുണ്ടു്. ബാഹ്യലോകത്തിൽ ആകർഷകമല്ലാത്ത പലതും, കലയിൽ രമണീയമായിത്തന്നെയിരിക്കുന്നു. ഒരു പിച്ചക്കാരനോ, ഭ്രാന്തനോ ജീവിതത്തിൽ ആകർഷകനല്ല. നാടകത്തിലുംമററും നേരെമറിച്ചാണു് അനുഭവം. ഇതിനുകാരണമെന്തു്? പ്രൊഫസറുടെ മറുപടി കാണേണ്ടതാണു്. ഇതാ: "ആ പിച്ചക്കാരൻെറ പ്രതീതിയെ യഥാർത്ഥം ഉളവാക്കുന്നതിൽത്തന്നെ. എന്നുവച്ചാൽ ഒത്തിരിപ്പാണു് കലയിലെ സൗന്ദര്യമെന്നർത്ഥം. ജുഗുപ്സയെല്ലാം ആ തള്ളലിലും കൊള്ളലിലുംവച്ചു് പൊയ്യൊക്കുമുള്ളു." ഇതുവായിച്ചപ്പോൾ "ബലേ!" എന്നു പറഞ്ഞുപോയി. യഥാർത്ഥം ഒരു പിച്ചക്കാരനെ ജീവിതത്തിൽ കാണുകയില്ലെന്നുണ്ടോ? ഒത്തിരിപ്പിനു അവിടെ ഭംഗംവരണമെന്നുണ്ടോ? തള്ളലും കൊള്ളലും ജീവിതത്തിൽത്തന്നെ അങ്ങു നിവ്വഹിച്ചുതന്നുകൂടെ? പക്ഷെ എന്തെല്ലാമായാലും എത്ര തള്ളിയാലും, കൊണ്ടാലും ജീവിതത്തിൽ പിച്ചക്കാരൻ അനാകർഷകൻതന്നെ. പിന്നെന്താണു കലയിൽമാത്രം വ്യത്യാസം? അതു പ്രൊഫസർക്കറിവില്ല.

കലയിലെ "വിഷയങ്ങൾ നിർവിഷയകങ്ങളാണു്". അഥവാ, നമുക്കു അവയുമായി വെറും ഭാവനാബന്ധമല്ലാതെ, നമ്മെ ബാധിക്കുന്ന സ്വാർത്ഥബന്ധങ്ങളൊന്നുമില്ല. വിഷയബന്ധം സ്വാർത്ഥമാണു്. പിച്ചക്കാരനെ കാണുമ്പോൾ നമ്മുടെ സ്വാർത്ഥതയുമായി ബന്ധിപ്പിച്ചല്ലാതെ അവനെ നോക്കാൻ നമുക്കു സാധിക്കുന്നില്ല. നമുക്കും അവൻെറ അവസ്ഥ നേരിട്ടാലോ എന്നൊരു വിചാരം, സ്വാർത്ഥവിചാരം അന്തർബോധത്തിൽ നമ്മെ ബാധിക്കുന്നുണ്ടു്. ഈ ബന്ധമാണു് ജീവിതത്തിൽ അവനെ അനാകർഷകനാക്കിത്തീർക്കുന്നതു്. കലയിൽ ഇമ്മാതിരി ഒരു വിഷയബന്ധം നമുക്കുണ്ടാകുന്നില്ല. പിച്ചക്കാരൻെറ വേഷമല്ലാതെ പിച്ചക്കാരൻ അവിടെങ്ങുമില്ലെന്നു നമുക്കറിയാം. അതോടെ പിച്ചക്കാരനുമായി നമുക്കു ലൗകികബന്ധമില്ലാതായിത്തീരുന്നു അഥവാ, പിച്ചക്കാരനെ നിർവിഷയകമായി കാണാൻ നാം സന്നദ്ധരാകുന്നു. രസനിരൂപണത്തിനിടയിൽ പ്രൊഫസർ മുണ്ടശ്ശേരി പറയുകയാണു്: "സുപ്താവസ്ഥയിലിരുന്നുണരുന്ന സ്ഥായിഭാവങ്ങൾ സാധാരണീകരണത്തിൽ ഭൗതികതയെവിട്ടു് സ്വാദിഷ്ടങ്ങളായിത്തീരുന്നു എന്നാണു് ധ്വനികാരമതം." ഈ ഭൗതികത വിടുക, അപ്പോൾ സ്വാദിഷ്ഠമായിത്തീരുക, എന്നെല്ലാം പറയുന്നതിനർത്ഥമെന്തെന്നു് ആലോചിച്ചിരുന്നെങ്കിൽ, കലയിൽ പിച്ചക്കാരനിൽ ചിലതെല്ലാം കൊള്ളുകയും, ബാക്കിയെല്ലാം തള്ളുകയും ചെയ്യുന്നതുകൊണ്ടുതന്നെ ആകർഷകതയുളവാകുമെന്നു് അദ്ദേഹം എഴുതിവിടുമോ? ഒരിക്കലുമില്ല. ഈ അഭിപ്രായത്തിനു് രസനിരൂപണത്തിലോ, ഔചിത്യവിചാരത്തിലോ സ്ഥാനം നൽകിയിരുന്നെങ്കിൽ അതു് ഉചിതമാകുമായിരുന്നു. നിർവിഷയകമാണു കലയെന്നുള്ള പ്രാഥമികതത്വം പിച്ചക്കാരൻെറ ഉദാഹരണത്തിൽ ശരിയ്ക്കു് ഘടിക്കുമെങ്കിലും, പ്രൊഫസർ അതിനെപ്പററി അവിടെങ്ങും സ്മരിക്കുന്നതേയില്ല. പകരം വെറും അബദ്ധംതന്നെ പറയുന്നുമുണ്ടു്. ഏതായാലും കല നിസ്സ്വാർത്ഥമാണെന്നും, ലൗകികബന്ധംവിട്ടു് ഭാവനാമണ്ഡലത്തിൽതന്നെ വർത്തിക്കുന്നതാണു് അതിനു കാരണമെന്നും, അതുകൊണ്ടാണു് ശോകംപോലും കലയിൽ സ്വാദിഷ്ഠമായിക്കലാശിക്കുന്നതെന്നും വായനക്കാർ മനസ്സിലാക്കിയാൽ നന്നു്.

ഇങ്ങനെ എഴുതിയാൽ കാവ്യപീഠിക പൊതുവെ അബദ്ധമയംതന്നെയാണെന്നു തോന്നിപ്പോകുന്നതാണു്. ആകെ ഒരു 50 പേജിൽ കവിഞ്ഞു് ഇവിടെ ഒരു വിചാരം നടന്നിട്ടുമില്ല. പക്ഷെ, നിഷ്കൃഷ്ടമായ ഒരു ശാസ്ത്രഗ്രന്ഥമായി പ്രൊഫസ്സർതന്നെയും ഇതിനെ കരുതിയിട്ടില്ലെന്നു തോന്നുന്നു. നിർവ്വചിക്കേണ്ട പലതും നിർവ്വചിക്കാതെ കടന്നുപോകാൻ അദ്ദേഹം ഒരു മടിയും കാണിക്കുന്നില്ല. അതുകൊണ്ടു് പ്രതിപാദനം ഒഴുക്കനാണെന്നു് നേരത്തെ പറയുകയും ചെയ്തു. എങ്കിലും ഓജസ്സും, പ്രൗഢതയും അതിനില്ലെന്നു പറഞ്ഞുകൂടാ, പറയാനുള്ളതു് ധാരാവാഹിയായിത്തന്നെ പറയാൻ അദ്ദേഹത്തിനു കഴിയും. താളം മുറുകിച്ചുവിട്ടുന്ന അദ്ദേഹത്തിൻെറ ശൈലി ചിലപ്പോൾ അബലങ്ങളെ സുബലങ്ങളും സുബലങ്ങളെ അബലങ്ങളുമാക്കുന്നതിനു് സമർത്ഥംതന്നെ. ആകെക്കൂടി പറയാവുന്നതു് അദ്ദേഹത്തിനു കൂടുതൽ ആലോചനാശക്തി കാണിക്കാമായിരുന്നു എന്നാണു്.

—o—


മതസാഹിത്യത്തിൽ
ഒരു പുതിയ വെളിച്ചം

## മരണാനന്തരം എന്തു്?

മരണംമുതൽ പുനർജ്ജന്മംവരെയുള്ള കഥ-യുക്തിശാസ്ത്രം, അനുഭവം ഈ മൂന്നും സമ്മതിക്കുംവിധം പ്രതിപാദിക്കുന്നു.

മനുഷ്യൻ ആര്, ഉപാധികൾ, ഭുവർല്ലോക-സ്വർഗ്ഗലോക-മഹർല്ലോകങ്ങൾ, സ്വർഗ്ഗനരകതത്വം, മരണതത്വം, ശ്രാദ്ധാദികൾ, പുനരാവർത്തനം, കർമ്മം, കർമ്മവിപാകം, കർമ്മവിനാശം, ഇവ പ്രധാന വിഷയങ്ങൾ.

ഡെമ്മി-8-ൽ 173 പേജ് മേനിക്കടലാസ്.
ഗ്രന്ഥകർത്താവു്:-സ്വാമി ത്രിപുരാനന്ദഭാരതി.
കാഴ്ചവില 2 ക.

S. D. Printing Works,
Ernakulam.


തകഴി കെ. രാമവാര്യർ

30-2-126 മുതൽ 6-3-126 വരെ
16-10-1950 ,, 22-10-1950 ,,

അശ്വതി—വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽകൂടി ആദായത്തിനുവഴിയുണ്ടാകും. സ്വാഭിലാഷങ്ങൾ നടപ്പിലാക്കുവാൻ നല്ലപോലെ പ്രയത്നിക്കും. സ്വജനങ്ങളുടെ സഹായസഹകരണങ്ങൾ മനഃസന്തോഷത്തിനിടയാകും.

ഭരണി—വിവാദഭയമോ നീചന്മാരിൽനിന്നുള്ള അപമാനഭയമോ സംഭവിക്കും. എന്നാൽ പ്രബലമായ സഹായം പിന്നണിയിൽ ഉണ്ടായിരിക്കും. നാനാവികാരങ്ങളാൽ മനഃസ്വൈരത കുറയും. ഗൃഹത്തിൽ സുഭിക്ഷതയ്ക്കു ഹാനി തട്ടുകയില്ല.

കാർത്തിക—വ്യവസായവൽക്കരണത്തിനു വേണ്ട നയരൂപീകരണത്തോടുകൂടിയ പരിപാടികൾ ആലോചിക്കും. സൽക്കാര്യമായി പുലർത്തേണ്ട എല്ലാ സംഗതികളിലും അനുകൂലഫലമുണ്ടാകും. ഉദരസുഖം കുറവായിരിക്കും.

രോഹിണി—അതിയായ അദ്ധ്വാനം അസുഖഫലങ്ങളുണ്ടാക്കും. പ്രവർത്തനം പുരോഗമിപ്പിക്കും. പല പ്രകാരത്തിൽ ധനമാർജ്ജിക്കുന്നതിനുള്ള പരിസരം സംജാതമാകും. മൈത്രി പുഷ്ടിപ്പെടും.

മകയിരം—പരിശ്രമത്തിൻെറ ഫലം തുച്ഛമായിരിക്കും. സ്നേഹിതർക്കു് വിദ്വേഷവും വെറുപ്പും തോന്നും. ഗൃഹസുഖം കുറയും. ഈശ്വരകൃപയാൽ എല്ലാ കാര്യങ്ങളും നടന്നുകൊള്ളും.

തിരുവാതിര—അധികൃതരുടെ ആനുകൂല്യംമൂലം കാര്യലാഭവും ഉൽകർഷവും പരിവർത്തനഗുണവും ഉണ്ടാകും. കുടുംബജനങ്ങളിൽ അസുഖം കാണും. വിരഹവും സംഭവിക്കും.

പുണർതം—കർമ്മത്തിനു് പുതുമയും പരിവർത്തനവും ആഗ്രഹിക്കും. സൽക്കാര്യങ്ങളും സംയുക്തപ്രവർത്തനങ്ങളും നടപ്പിലാക്കും. സന്തോഷപരമായ വാർത്തകൾ ശ്രവിക്കും.

പൂയം—സന്താനപരമായി മനഃപീഡയുണ്ടാകും. അന്യകാര്യനിരതത്വം വീട്ടിൽ വിഷമതവരുത്തും. പ്രമുഖന്മാരുടെ പാരുഷ്യം സമ്പാദിക്കും. ബുദ്ധിശൂന്യമായി പല പ്രവൃത്തികളിലുമേർപ്പെടും. ത്രിദോഷങ്ങൾ കോപിക്കും.

ആയില്യം—സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന ചുമതലകളിൽ സംതൃപ്തിവളരും. പൗരാവകാശകാര്യങ്ങളിൽ ശ്രദ്ധചെലുത്തും. സ്വകൃത്യനിർവ്വഹണത്തിൽ പല വൈഷമ്യതകളും നിഴലിക്കും ഗൃഹാവശ്യങ്ങൾ പ്രതീക്ഷപോലെ നടക്കും.

മകം—നല്ല കാര്യങ്ങൾക്കുവേണ്ടി ധാരാളം സമയം ചെലവാക്കും. ബുദ്ധിപരപ്രവർത്തനത്തിൽ ഏർപ്പെടും. ആശ്രിതർനിമിത്തമായി വ്യയവും വ്യഥയും ഉണ്ടാകും. വ്യവസായം വർദ്ധിക്കും. കളത്രാരിഷ്ടത കുറയും, പുതിയ വ്യക്തികളുമായി സമ്പർക്കം പുലർത്തും.

പൂരം—നാൽക്കാലിവർഗ്ഗങ്ങളിൽനിന്നുള്ള പ്രയോജനം കുറയും. അനുചിതപ്രവൃത്തികളിൽ തൽക്കാലഗുണം സിദ്ധിക്കും. പൊതുജനപിൻതുണ വൈഷമ്യതകളെ തരണംചെയ്യുവാൻ ഉപകരിക്കും. കലഹങ്ങൾക്കു സമാധാനം നേടും. എന്നാൽ ധനകാര്യങ്ങളിൽ ഞെരുങ്ങും.

ഉത്രം—നല്ലവണ്ണം ആലോചിച്ചുപ്രവർത്തിക്കുമെന്നിരുന്നാലും ധനപരമായ നഷ്ടംതട്ടും. പ്രവർത്തനത്തിൽ സംതൃപ്തി ലഭിക്കും. ആരോഗ്യം തീരെ കാണുകയില്ല. ഏതുകാര്യത്തിനും സഹായികൾ ഉണ്ടായിരിക്കും. പണവിനിമയങ്ങളിൽ സൂക്ഷിച്ചില്ലെങ്കിൽ മനഃക്ലേശത്തിനിടവരും. സഞ്ചാരവ്യയം കുറയുകയില്ല.

അത്തം—സ്വതന്ത്രമായ പെരുമാററത്തിലും സ്ഥിരതയിലും ശത്രുക്കൾ വർദ്ധിക്കും. ഗൃഹസുഖം ലഭിക്കും. സഹോദരാദ്യരിഷ്ടതകൾ നേരിടും. വ്യാവസായികനന്മകൾ പ്രതീക്ഷിക്കാവുന്നതാണു്. ആശ്രിതരിൽ അനുകമ്പ പ്രകടിപ്പിക്കും. വിശ്രമം കുറയും.

ചിത്തിര—സാങ്കേതികകാര്യങ്ങളാൽ കാര്യനഷ്ടവും പ്രതിബന്ധങ്ങളും ഉണ്ടാകും. മനസ്സല്യങ്ങളായ ഹേതുകൾക്കിടവരും. ഈശ്വരാനുകൂല്യം ദുരിതങ്ങളെ അകററും. അപ്രതീക്ഷിതവ്യയങ്ങൾ നേരിടും.

ചോതി—അപവാദം, സ്ഥാനചലനം, പ്രബലവ്യക്തികളുടെ ശത്രുത, കളത്രവിഷയമായ പീഡകൾ ഇവയുണ്ടാകും. ബന്ധുക്കളും സ്നേഹിതരും ആത്മാർത്ഥത വിട്ടുനിൽക്കും. പൊതുജനക്ഷേമത്തിനുവേണ്ടി സമയവും ധനവും വ്യയം ചെയ്യും.

വിശാഖം—പുതിയതായി ചില ചുമതലകൾ ഏറെറടുക്കും. നിയമകാര്യങ്ങൾ ആവശ്യമായിവരും. ധനവിഷയമായി പലരും ഞെരുക്കും. പത്രപാരായണാസക്തി വളരും. രാഷ്ട്രീയകാര്യങ്ങളിൽ ശ്രദ്ധചെലുത്തും. രഹസ്യാലോചനകളിൽ പങ്കെടുക്കും.

അനിഴം—നീർദോഷാദിപീഡകൾ ഉണ്ടാകും. വ്യാപാരപുരോഗതി സിദ്ധിക്കും. ഗൃഹകാര്യാദികളിൽ മനഃസ്വൈരത കുറയും. വസ്തുവിഷയങ്ങളിൽ വിപ്രിയം ജനിക്കും. സന്താനങ്ങൾക്കു അസുഖം നേരിടും.

തൃക്കേട്ട—അവിചാരിതമായി പണം കൈവശംവരും മറിപ്പുതിരിപ്പുകൾ കൂടും. തൊഴിലുകൾക്കുവേണ്ടിയുള്ള പ്രയത്നം പ്രതീക്ഷയ്ക്കൊത്ത ഗുണം കാണിക്കയില്ല. ബുദ്ധിപരമായ പ്രവർത്തനം വിഘ്നങ്ങളെ അകററും.

മൂലം—സ്വാഭീഷ്ടങ്ങൾ നിറവേററുവാൻ തീവ്രശ്രമങ്ങൾ നടത്തും. വെറുപ്പിക്കുന്ന സാഹചര്യം വളർത്തും. സഹപ്രവർത്തകർക്കു വിശ്രമം നൽകുകയില്ല. ദ്രവ്യങ്ങൾ ധാരാളമായി വരും. വാതം കോപിക്കും.

പൂരാടം—വ്യവസായപരിവർത്തനത്തിനു് പുതിയ പരിപാടികൾ സൃഷ്ടിക്കും. അന്യബന്ധം പുലർത്തേണ്ട സംഗതികളിൽ അനുകൂലം സിദ്ധിക്കും. ചെറിയ ലാഭങ്ങൾ കിട്ടും കളത്രസുഖം കുറയും. സന്തോഷകരമായ വാർത്തകൾ കിട്ടുവരും.

ഉത്രാടം—സ്വപ്രവർത്തികളിൽ ജാഗ്രതയോടെ ഇടപെടും, എതിർപക്ഷവുമായിട്ടുള്ള തെററിദ്ധാരണകൾ അകലും. ഗൃഹനായികയുടെ സഹായം പലതിലും ലഭിച്ചുകൊണ്ടിരിക്കും. എന്നാൽ ചില കാരണങ്ങൾ മനോപീഡക്കിടവരുത്തും.

തിരുവോണം—സുഖകരമായ ദിനചര്യ സ്വീകരിക്കും. അന്യരുടെ കാര്യങ്ങളിൽ പ്രതിപത്തിയേറും. ബുദ്ധി വക്രപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കും. പണം കടംവാങ്ങിയാൽ തക്കസമയത്തു തിരിച്ചുകൊടുക്കുവാൻ കഴിയാതെവരും.

അവിട്ടം—നയതന്ത്രപരമായ പെരുമാററം സഹപ്രവർത്തകപ്രീതിക്കിടവരുത്തും. ദേശീയകാര്യങ്ങളിൽ കൂടുതലായി ശ്രദ്ധചെലുത്തും. പലരും അപലപിക്കും. വിപ്ലവബുദ്ധികൾ സമീപിക്കും.

ചതയം—പ്രശസ്തിയും പണവിഷയത്തിൽ സംതൃപ്തിയും ലഭിക്കും. പുണ്യകർമ്മങ്ങളിൽ വ്യയംചെയ്യും. അലസതകൾ വെടിയും. വ്യയങ്ങൾ കുറയ്ക്കുവാൻ ആഗ്രഹിക്കും. ചില ചെറിയയാത്രകൾ നടത്തും. കളത്രാരിഷ്ടതവർദ്ധിക്കും.

പൂരുരുട്ടാതി—സ്വജനങ്ങൾക്കു അസുഖങ്ങളുണ്ടാകും. ചിലപ്പോൾ അവരുടെ നീരസത്തിനും പാത്രമാകും. ചുമതലകൾക്കുപുറമെ ഗൃഹകാര്യത്തിൽ മനസ്സുപതിക്കും. വ്യയഹേതുക്കളുണ്ടാകും.

ഉത്തൃട്ടാതി—ധനലാഭത്തിനും വ്യവസായപുരോഗതിക്കുമിടവരും. രാഷ്ട്രീയകാര്യങ്ങൾ അറിയുവാൻ ആഗ്രഹംജനിക്കും. സന്താനാരിഷ്ടക്കിടയാകും. ദീപനം ശരിയായിട്ടുണ്ടായിരിക്കയില്ല. കഫക്കേടു കാണും. ചില ചതിവുകൾ നേരിടും, ദുഷ്കീർത്തിയുണ്ടാകും.

രേവതി—പരിസരം ശുചീകരിക്കുന്നതിൽ ശ്രദ്ധപതിയും. കാർഷികകാര്യങ്ങളിൽ മനസ്സുവയ്ക്കും. അല്പമായ ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാകും. പ്രവർത്തനശേഷി കൂടും. കളത്രം ഓരോ കാര്യങ്ങൾക്കായി സദാ അലട്ടിക്കൊണ്ടിരിക്കും. നീർദോഷങ്ങൾ വന്നേയ്ക്കും.

—o—


FOR HOUSE OF QUALITY
Step in
**SHUNMUGAM PHOTO STUDIO**
**MAIN ROAD, QUILON.**
Exists Over 25 Years.
For sale at list:
KODAK CAMERAS & FILMS
തൃപ്തികരമായ ഫോട്ടോയ്ക്കു്:
ഷൺമുഖം സ്ററുഡിയോ
മെയിൻറോഡ്, കൊല്ലം സന്ദർശിക്കുവിൻ.

## റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നതാണു്.
മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# കളിയും കാര്യവും

[വിനോദത്തിനും വിജ്ഞാനത്തിനും വകനൽകുന്ന ഈ പംക്തി ഇനിയുള്ള എല്ലാ ലക്കങ്ങളിലും തുടർച്ചയായുണ്ടായിരിക്കുന്നതാണ്]

## അക്ബറിനെ തോല്പിച്ച കുഞ്ഞ്

ഒരിക്കൽ അക്ബർചക്രവർത്തിയും അദ്ദേഹത്തിൻെറ നർമ്മസചിവനായ ബീർബലും തമ്മിൽ ഒരു തർക്കമുണ്ടായി. കുഞ്ഞുങ്ങളുടെ "സിദ്ധാന്തം" ശമിപ്പിക്കാൻ സാധിക്കുമെന്ന് ചക്രവർത്തിയും, ഇല്ലെന്ന് ബീർബലും വാദിച്ചു രണ്ടുപേരും വാദത്തിൽ തോല്ക്കുകയില്ല. ഒടുവിൽ അതു പരീക്ഷിച്ചറിയണമെന്ന് അവർ തീർച്ചപ്പെടുത്തി. ഒരു മഹാചക്രവർത്തി വിചാരിച്ചാൽ ആരുടെ "സിദ്ധാന്ത"മാണ് ശമിപ്പിക്കാൻ പാടില്ലാത്തതു! വിശേഷിച്ചു കുഞ്ഞുങ്ങൾ അത്ര വലിയ ആവശ്യങ്ങളൊന്നും സാധിച്ചുകൊടുക്കണമെന്ന് "സിദ്ധാന്തി"ക്കയില്ല. പിന്നെന്തുകൊണ്ടു പരീക്ഷിച്ചുകൂടെന്നാണ് പാവപ്പെട്ട ചക്രവർത്തി വിചാരിച്ചുപോയതു്. പക്ഷെ ബീർബൽ ആളുവേറെയായിരുന്നു. അദ്ദേഹം ഒരു കുഞ്ഞിൻെറ ഭാവത്തിൽ ഓരോ സിദ്ധാന്തം തുടങ്ങും. ചക്രവർത്തി അതെല്ലാം സാധിച്ചുകൊടുക്കണം. ഇതാണ് കാര്യം പരീക്ഷിച്ചറിയാൻ അവർ നിശ്ചയിച്ചമാർഗ്ഗം. 'മാർഗ്ഗം തരക്കേടില്ല, അല്ലേ?

കുഞ്ഞായ ബീർബൽ "സിദ്ധാന്തം" തുടങ്ങി. "ഒരു കരിമ്പുവേണം" കുഞ്ഞിനു—ഒരു വെറും കരിമ്പ്. ചക്രവർത്തിക്കു് അതു നിസ്സാരകാര്യമല്ലേ? ഒരു കഞ്ചാവുകുടിയൻസന്ന്യാസി ധ്യാനിച്ചു ധ്യാനിച്ചു ശിവനെ പ്രത്യക്ഷപ്പെടുത്തിയത്രെ. "നിനക്കെന്തുവേണം?" എന്നായി ശിവൻ "അരപ്പലം ഗഞ്ചാവേണം" എന്നു സന്ന്യാസി. സർവ്വലോകങ്ങളും കൊടുക്കാൻ തയാറായ ശിവനോടാണ് സന്ന്യാസി അരപ്പലം ഗഞ്ചാവേണമെന്നുള്ളവരം ചോദിച്ചതു്. കരിമ്പുവേണമെന്നു നിലവിളിതുടങ്ങിയ കുട്ടിയും ഈ സന്ന്യാസിയും ഒപ്പംതന്നെയെന്നു് അക്ബറിനു തോന്നിക്കാണും. "അരപ്പലം ഗഞ്ചാ മതിയോ? ഓ, ഗണേശാ, give it, give it!!" എന്നു് ഉത്തരവുകൊടുക്കാൻ ശിവൻ ഒട്ടും താമസിച്ചില്ല. അക്ബറും അങ്ങനെതന്നെ ഉടൻ കരിമ്പു വന്നുകഴിഞ്ഞു അതോടെ കുഞ്ഞിൻെറ "സിദ്ധാന്തം" അടങ്ങിയെന്നു ചക്രവർത്തി കരുതി. കുഞ്ഞു കുറച്ചുനേരം അതുവച്ചു് കളിച്ചുകൊണ്ടിരുന്നു താൻ ജയിച്ചു എന്നു് ചക്രവർത്തി ഒന്നു സന്തോഷിച്ചു

പക്ഷെ കുഞ്ഞുണ്ടോ വിടുന്നു! അങ്ങനെ കുറച്ചുകഴിഞ്ഞപ്പോൾ കേൾക്കാം ഒരൊറ്റനിലവിളി. എന്താകാര്യം? അതു മാത്രം കുഞ്ഞു പറയുകയില്ല. ഒടുവിൽ ചക്രവർത്തി എന്തും കൊടുത്തുകളയാമെന്നു തീരുമാനിച്ചുകൊണ്ടു് ചോദിച്ചപ്പോൾ, കുഞ്ഞു പറയുകയാണ്, "കരിമ്പു് കഷണം കഷണമായി മുറിച്ചുതരണം." ഹ, ഇതിനാണോ ഇത്ര നിലവിളിച്ചതു? അതു നേരത്തെ പറഞ്ഞാൽ മതിയായിരുന്നല്ലോ. സാമ്രാജ്യംതന്നെ വേണ്ടിവരുമെന്നാണ് വിചാരിച്ചുപോയതു്! അക്ബറിനു് കുഞ്ഞുങ്ങളുടെ ശാഠ്യം കുറേശ്ശ മനസ്സിലായിത്തുടങ്ങിയിരിക്കണം. ഏതായാലും കരിമ്പു മുറിച്ചുകൊടുക്കാൻ പ്രയാസമില്ലല്ലോ. അതുകൊണ്ടെങ്കിലും ശാഠ്യം തീരുമാറിരിക്കും എന്നു് വിചാരിക്കുന്നതിനിടയിൽ, കുഞ്ഞു പെട്ടെന്നു നെഞ്ഞത്തടിച്ചൊരു വിളി! കാര്യം മറ്റൊന്നുമില്ല. ആദ്യം നീണ്ടുനിവന്നു്, മനോഹരമായ നിറങ്ങളുംകലൻ് നെടുകെകിടന്നിരുന്ന കരിമ്പു് ഇപ്പോൾ, അതാ, ഒരു ഭംഗിയുമില്ലാത്തവിധം തുണ്ടുതുണ്ടായിക്കിടക്കുന്നു! കുഞ്ഞെങ്ങനെ നിലവിളിക്കാതിരിക്കും? കരിമ്പുമുറിച്ചാൽ ഇങ്ങനെ വരുമെന്നു് അതു വിചാരിച്ചിരുന്നില്ല. അപ്പോഴും പഴയ സൌന്ദര്യമെല്ലാം ഉണ്ടായിരിക്കുമെന്നാണ് കുട്ടി കരുതിപ്പോയതു്. ആ ഉദ്ദേശം തെററിയപ്പോൾ അതിൻെറ നിലവിളിക്കു് മൂച്ചുകൂടി. അക്ബർ യുദ്ധക്കളത്തിലും, രാജ്യകാര്യങ്ങളിലും ഇത്രയും വിഷമിച്ചിട്ടില്ല. ചോദിച്ചാൽ കുഞ്ഞു് കാര്യം പറയുകയില്ല നിലവിളി മാത്രമാണ് ചോദ്യങ്ങൾക്കെല്ലാം അതിൻെറ മറുപടി. ചക്രവർത്തി പറിച്ചപണിയെല്ലാംനോക്കി ഒരു പ്രയോജനവുമില്ല. കുഞ്ഞിൻെറ കരച്ചിലൊട്ടു ശമിക്കയുമില്ല തർത്തിച്ചപ്പെട്ടുള്ളതന്നെയും അബദ്ധമായിപ്പോയെന്നു ചക്രവർത്തി സ്വയം ശപിക്കാൻതുടങ്ങി. അപ്പോൾ കുഞ്ഞു നിലവിളിയുടെ കാരണംപറഞ്ഞു:—"കഷണമെല്ലാംചേർത്തു് പഴയ കരിമ്പാക്കിത്തരണം!" ഇത്രയും പറഞ്ഞിട്ട് കുഞ്ഞ് പിന്നെയുമങ്ങു നിലവിളിച്ചേക്കുകയാണ്. മറുപടിയൊന്നും അതിനു കേൾക്കേണ്ട. അതുകൊടുക്കാം, ഇതു കൊടുക്കാം എന്നൊക്കെ പറഞ്ഞുകൊള്ളൂ. അതൊന്നും ഒട്ടും വേണ്ട. ചക്രവർത്തി വിചാരിച്ചാൽ കഷണങ്ങൾ ഒന്നിച്ചുകൂടി പഴയപടി കരിമ്പിൻതണ്ടാകുമോ?

അക്ബർ തോൽവി സമ്മതിച്ചു. അപ്പോഴെ കൊച്ചിൻെറ കരച്ചിലടങ്ങിയുള്ളൂ.

* * *

## ചക്രവർത്തിക്കുവേണ്ടിയല്ല പാട്ട്.

അക്ബറിൻെറ കാലത്തു് ഗായകരിൽ "ധനസേനൻ" എന്നൊരു ഗായകചക്രവർത്തി അദ്ദേഹത്തിൻെറ കൊട്ടാരത്തിലുണ്ടായിരുന്നു. ഇംഗ്ലീഷ് ചരിത്രകാരന്മാർ ഇദ്ദേഹത്തെ "ടാൻസൻ" (Tansen) എന്നാണ് വിളിക്കുന്നതു്. ധനസേനൻ പാടുമ്പോൾ കൊട്ടാരംവക പാർക്കിലെ മൃഗങ്ങൾ അദ്ദേഹത്തിൻെറ അടുക്കൽ ഓടിക്കൂടുമായിരുന്നു "പക്ഷിയും ശിശുവും പാമ്പും പാട്ടിൽ ഗുണമറിഞ്ഞീടും." എഴുന്നള്ളിക്കുന്ന ആനകൾ നാഗസ്വരസംഗീതത്തിൽ ലയിക്കാറുള്ളതായി അനുഭവപ്പെട്ടിട്ടുണ്ടത്രേ! അതിരിക്കട്ടെ. ഒരു സായാഹ്നത്തിൽ വിജനമായ പാർക്കിലിരുന്ന് ധനസേനൻ അസ്തമയംകണ്ടു മയങ്ങി. ഭാവാവിഷ്ടനായ അദ്ദേഹം തന്നറിയാതെയെന്നപോലെ അചേതനപ്രകൃതിപോലും ലയിക്കത്തക്കവിധം ഗാനാലാപം തുടങ്ങി. എന്തിനുവേണ്ടി, ആർക്കുവേണ്ടി, എന്നെല്ലാമുള്ള കഥകൾ അദ്ദേഹം മറന്നു. ധനസേനനെ പിരിഞ്ഞിരിക്കാൻ പ്രയാസമായ അക്ബർ പഴയ ഗോപികമാരേപ്പോലെ ധനസേനൻെറ പിന്നിലെത്തി. അദ്ദേഹം യാതൊരു ശബ്ദവുമുണ്ടാക്കാതെ നിശ്ചലനായി നിന്നതേയുള്ളൂ. ഒടുവിൽ രാത്രിയായപ്പോഴേയ്ക്കു് ഗാനം നിലച്ചു. അക്ബർചക്രവർത്തി പതുക്കെനീങ്ങി ധനസേനൻെറ മുന്നിൽ പ്രത്യക്ഷപ്പെട്ടു. "നിങ്ങൾ ഒരിക്കലും കൊട്ടാരത്തിൽവച്ചു് ഇത്ര മനോഹരമായി പാടിയിട്ടില്ലല്ലോ. അതെന്താണ്?" എന്നു് അദ്ദേഹം ചോദിച്ചു. "പ്രഭോ, കൊട്ടാരത്തിൽ ഞാൻ ചക്രവർത്തിക്കുവേണ്ടി പാടുകയാണ്. ഇവിടെ ഞാൻ ഈശ്വരനുവേണ്ടി പാടുന്നു", എന്നായിരുന്നു ധനസേനൻെറ മറുപടി!

ഇതിനു ചക്രവർത്തി എന്തുസമാധാനം പറഞ്ഞു എന്നു് നിശ്ചയമില്ല.

* * *

## ചക്രവർത്തിയുടെ മുതുകിൽ

എന്നാൽ വേറൊരു സന്ദർഭത്തിൽ ഒരു സംഭവം നടന്നു. ചക്രവർത്തിയും ധനസേനനും ഒന്നിച്ചു് പാർക്കിൽ ഉലാത്തിക്കൊണ്ടിരുന്നു. നേരം സായാഹ്നംതന്നെ. അപ്പോൾ ധനസേനൻ കയ്യെത്തുന്നതിൽ കവിഞ്ഞപൊക്കത്തിൽ നില്ക്കുന്ന ഒരു മാമ്പഴംകണ്ടു അതു് വിശേഷപ്പെട്ടതായിരുന്നതിനാൽ പറിച്ചെടുക്കണമെന്നു് ധനസേനനു് തോന്നി. ബുദ്ധിമാന്മാരിൽ അഗ്രേസരനായ ചക്രവർത്തിക്കു് മാമ്പഴത്തേയും ധനസേനനേയുംകൂടി കണ്ടപ്പോൾ കഥ ഏതാണ്ടു് മനസ്സിലായിരിക്കണം. അദ്ദേഹം ധനസേനനോടു് എന്തുവേണമെന്നു ചോദിച്ചു. മാമ്പഴം പറിക്കാൻ കയ്യെത്തുകയില്ല. അവിടെങ്ങും ഒരു കമ്പു് കിട്ടുകയുമില്ല. അക്ബർ ഒട്ടും താമസിക്കാതെ മാമ്പഴത്തിൻെറ താഴെച്ചെന്നു കുനിഞ്ഞുനിന്നുകൊടുത്തു. ധനസേനൻ അദ്ദേഹത്തിൻെറ മുതുകിൽ കയറിനിന്നു് മാമ്പഴം പറിക്കുകയും ചെയ്തു!

അക്ബർ മഹാനായതു് വെറുതെയല്ലല്ലോ. അദ്ദേഹം മനുഷ്യനെയാണ്, അധികാരത്തെയല്ല, മാനിച്ചിരുന്നതു്.

* * *

## കലാകാരനെഅറിഞ്ഞ സൈന്യങ്ങൾ

ഡാൻറേ, പെട്രാർക്ക്, ബൊക്കാകിയോ, എന്നീ പേരുകൾ വിശ്വസാഹിത്യപ്രസിദ്ധങ്ങളാണ്. പെട്രാർക്ക് ആദ്യത്തെ "ഹ്യൂമനിസ്റ്റ്" ആണെന്നു പറയപ്പെടുന്നു. ഒരു സ്ത്രീയോടുള്ള പ്രണയത്തിൽ ആത്മാവിൻെറ അടിത്തട്ടുവരെ ആണ്ടുപോയ പെട്രാർക്ക് അതിൻെറ പേരിൽ 1300 പേജോളം കവിത എഴുതി. "അവളെപ്പററി എഴുതാത്ത ഒരാശ്വാസം പോലും ഉണ്ടായിരുന്നില്ല" എന്നാണ് ഒരു നിരൂപകൻ പറയുന്നതു്, പെട്രാർക്കിനെ അദ്ദേഹത്തിൻെറ കാലത്തുതന്നെ കൊട്ടാരംമുതൽ കുടിൽവരെ ബഹുമാനിക്കാൻ തുടങ്ങിയെന്നുള്ളതു് അന്നു് ഒരു അത്ഭുതംതന്നെയായിരുന്നു. ഒരു പ്രഭു അദ്ദേഹത്തെ അതിഥിയായികിട്ടാൻ വളരെക്കാലം പ്രയത്നിച്ചശേഷം ഒടുവിൽ കാര്യം സാധിക്കുകതന്നെ ചെയ്തു. ചാൾസ്ചക്രവർത്തി ഇററലിയിൽ എഴുന്നള്ളിയപ്പോൾ ഒരു ക്രിസ്തുമസ്സ്കാലത്തു് ഒരു കൂടിക്കാഴ്ചയ്ക്കായി മഹാകവിയെ ക്ഷണിച്ചു. "പഴയ റോമിൻെറ പ്രേതാത്മാവു് ഉയിർത്തെഴുന്നേററു് പെട്രാർക്കിൻെറ ശിരസ്സിൽ പ്രശസ്തിമുദ്രയായ ലാറൽകിരീടം ചാർത്തി", എന്നു് ഒരു പണ്ഡിതൻ രേഖപ്പെടുത്തുന്നു. ഇങ്ങനെ ലോകപ്രസിദ്ധനായ മഹാകവി സർവ്വജനപൂജിതനായി കഴിഞ്ഞുവന്നു.

അങ്ങനെയിരിക്കെ ഒരു ശത്രുസൈന്യം റോം കീഴടക്കുന്നതിനുവേണ്ടി "പോ" നദീതീരത്തിൽ വന്നെത്തി. റോമൻസൈന്യം ശത്രുക്കളെ എതിർത്തു അതിഭയങ്കരമായി യുദ്ധംചെയ്തു. യുദ്ധം നടന്നുകൊണ്ടിരിക്കെ പെട്രാർക്കിനു നദി കടന്നുപോകേണ്ട ആവശ്യം നേരിട്ടു അദ്ദേഹം യുദ്ധമൊന്നും വകവെയ്ക്കാതെ നദീതീരത്തിലെത്തി. പക്ഷെ, അപ്പോഴെന്താണു സംഭവിച്ചതു്? റോമൻസൈന്യം മഹാകവിയെ രക്ഷിക്കാൻ അദ്ദേഹത്തെ പിന്നാക്കം പിടിച്ചു വലിച്ചോ? ഇല്ല. പെട്രാർക്ക സ്വയം പിൻതിരിഞ്ഞോ? ഇല്ല ശത്രുക്കൾ അദ്ദേഹത്തെ കടന്നുപിടിക്കുവാൻ ശ്രമിച്ചോ? അതുമില്ല. പെട്രാർക്കിനെ കണ്ടപ്പോൾ ശത്രുക്കളും മിത്രങ്ങളും പെട്ടെന്നു യുദ്ധം നിർത്തിവെയ്ക്കുകയാണുണ്ടായതു്! എന്തിനുവേണ്ടി? മഹാകവി യാതൊരു ശല്യവും ഏൽക്കാതെ നദി കടന്നുപോകുന്നതിനുവേണ്ടി!

ലോകം ഇത്തരം കാഴ്ചകൾ കണ്ടിട്ടില്ലെന്നില്ല. എങ്കിലും അവ ചുരുക്കമാണ്! തീർച്ച.

* * *

## പുസ്തകങ്ങൾ അധികമായാൽ

സോക്രട്ടീസ് തൻെറ അന്തേവാസിയും ശിഷ്യനുമായ ഫെയഡ്രസ്സിനോടു പറയുകയാണ്!

"നൌക്രാറിസ് എന്ന ഇജിപ്ഷ്യൻനഗരത്തിൽ "തൃത്ത്" (Theuth) എന്നൊരു ദേവതയുണ്ടായിരുന്നു. പക്ഷെ രാജ്യത്തിൻെറ പൊതുദേവത "താമസ്" (Thamas) ആണ്. ഒരിക്കൽ തൃത്ത് താമസിൻെറ അടുക്കൽ വന്നു് ലോകക്ഷേമത്തിനുവേണ്ടി താൻ കണ്ടുപിടിച്ച ജ്ഞാനോപകരണങ്ങളെപ്പററി പ്രസംഗിക്കാൻ തുടങ്ങി. താമസിനു അവയിൽ ചിലതു ഇഷ്ടപ്പെട്ടു; മററുചിലതു ഇഷ്ടപ്പെട്ടില്ല. ഇഷ്ടപ്പെട്ടവയെ പ്രസംഗിക്കയും മററുള്ളവയെ ഭർത്സിക്കയും ചെയ്തതിനെപ്പററി ഇവിടെ വിസ്തരിക്കുക പ്രയാസമാണ്. ഒടുവിൽ അവർ "അക്ഷരവിദ്യ" എന്ന കണ്ടുപിടിത്തത്തിലേക്കു തിരിഞ്ഞു. ഈ കണ്ടുപിടിത്തം ഇജിപ്ഷ്യന്മാരെ ബുദ്ധിമാന്മാരും, ഓർമ്മശക്തിയുള്ളവരും വിവേകശാലികളും മററുമാക്കിത്തീർക്കുമെന്നാണു തൃത്ത് അവകാശപ്പെട്ടതു്. എന്നാൽ താമസ്സ്പറഞ്ഞു. "ഹേ, തൃത്ത്, ഒരു വിദ്യകണ്ടുപിടിക്കുന്നയാളിനു അതിൻെറ ഗുണദോഷങ്ങളെപ്പററി തീരുമാനിക്കാൻ യോഗ്യതയില്ല. ഇവിടെ താങ്കൾ സ്വന്തം സന്താനമായ അക്ഷരവിദ്യയ്ക്കു വാസ്തവത്തിൽ ഇല്ലാത്ത മേന്മയെല്ലാമുണ്ടെന്നു വെറും സന്താനവാത്സല്യത്താൽ ഉൽഘോഷിക്കയാണു ചെയ്യുന്നതു്. കാരണം, അക്ഷരവിദ്യ പ്രചരിച്ചു് പുസ്തകങ്ങൾ അധികമാകുംതോറും ആളുകളുടെ ഓർമ്മശക്തി കുറയും. എന്തെന്നാൽ അവർ ഒന്നും ഓർമ്മിച്ചുവെയ്ക്കേണ്ട ആവശ്യം ഇല്ലാതെയാകും. പുസ്തകത്തിൽ അറിവുള്ളപ്പോൾ അതു ഓർമ്മയിൽ സൂക്ഷിക്കേണ്ട ആവശ്യമെന്താണ്? കൂടാതെ സത്യത്തെക്കാൾ അധികമായി അസത്യംപ്രചരിക്കാൻ ഗ്രന്ഥങ്ങൾ സഹായിക്കും. ആളുകൾ ഒട്ടേറെ വായിക്കും; പക്ഷെ അറിയേണ്ടതൊന്നും അറിയുകയില്ല. ധാരാളം അറിവുണ്ടെന്നു ഭാവിക്കുമ്പോൾ അവർക്കു വാസ്തവത്തിൽ ഒന്നും അറിയാൻ പാടില്ലായിരിക്കും. അവരുടെ സാമീപ്യം ബുദ്ധിമാന്മാർക്കു ഒരു ശല്യമായിരിക്കും. എന്തെന്നാൽ വിവേകമില്ലാത്ത ഈ വായനക്കാർ വിവേകികളെപ്പോലെ സംസാരിക്കും!!"

അന്നുപറഞ്ഞ ഈ കഥ എത്ര പരമാർത്ഥമാണെന്നു ഇന്നാണു മനസ്സിലാകുന്നതു്. സോക്രട്ടീസ് തുടങ്ങി ശ്രീരാമകൃഷ്ണൻവരെയുള്ള പല കുരുക്കന്മാർ പുസ്തകങ്ങൾ എഴുതിയിട്ടേയില്ലെന്നുള്ളതു ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുമാണ്.

* * *

## തലകിഴക്കാംപാടായിരിക്കണം

അലക്സാണ്ടർ ചക്രവർത്തിയുടെകാലത്തു ഗ്രീസിൽ ഡയോജനിസ് എന്നൊരു സന്ന്യാസി ജീവിച്ചിരുന്നു. പക്ഷികളും, മൃഗങ്ങളും അദ്ദേഹത്തിൻെറ കൂട്ടുകാരാണ്. താമസം, ശവത്തെ അടക്കംചെയ്യാനുള്ള ഒരു വലിയ പാനയിലും. ഒരുദിവസം ഈ അത്ഭുതജീവിയെക്കാണാൻ ചെന്ന ചക്രവർത്തി എന്തുവരവും കൊടുക്കാൻ തയാറായതും, വെയിൽ മറയ്ക്കാതിരുന്നാൽമാത്രം മതിയെന്നു ഡയോജനിസ് പറഞ്ഞതും പ്രസിദ്ധമാണ്. മററൊരിക്കൽ ഡയോജനിസ് ഒരുറാന്തലും കത്തിച്ചുപിടിച്ചുകൊണ്ടു് നല്ല പകൽസമയത്തു് നഗരവീഥിയിൽകൂടി സവാരിചെയ്തു. പകൽസമയത്തു വിളക്കുകത്തിച്ചുകൊണ്ടു നടക്കുന്നതെന്തിനെന്നു ചോദിച്ചപ്പോൾ അദ്ദേഹത്തിൻെറ മറുപടി, "മനുഷ്യനെക്കാണാൻ നോക്കുകയാണ്," എന്നായിരുന്നു! മനുഷ്യാകൃതിയിൽ നടക്കുന്നവരൊക്കെ വാസ്തവത്തിൽ മൃഗങ്ങളാണെന്നാണു ഈ മറുപടിയുടെ ഭാവം. ഒടുവിൽ ഡയോജനിസും മരിച്ചു. മരണവേളയിൽ ശിഷ്യന്മാർ ചോദിച്ചു, "അങ്ങയെ എങ്ങിനെയാണു അടക്കംചെയ്യേണ്ടതു്?"

ഡയോജനിസ്.—"തലകിഴക്കാംപാടായി കുഴിച്ചുമൂടിയേക്കണം."

ശിഷ്യ—"അതെന്തുകൊണ്ടു?"

ഡയോ:—ലോകം കീഴ്മേൽ മറിയാൻ പോകയാണ്."

അപ്പോൾ തലകിഴക്കാംപാടായി കിടക്കുന്ന ഡയോജനിസ് നേരെയാവുമല്ലോ? ലോകം മറിഞ്ഞുപോകുമെന്നു നിശ്ചയം. അപ്പോഴും തനിക്കു നേരെതന്നെ നില്ക്കണം.

—൦—


## കോടിക്കണക്കായ ജനങ്ങൾക്ക ആശ്വാസത്തെ നൽകുന്ന

തലവേദന, പൽവേദന, മാംസപേശിവേദന, ഞരമ്പു വേദന മററു ജലദോഷത്താലും ജ്വരങ്ങളാലും വാതോപദ്രവങ്ങൾ മൂലമായും ഉണ്ടാവുന്ന വേദനകളിൽ നിന്നും വേദനകളെക്കൊല്ലുന്ന നാലൌഷധങ്ങടങ്ങിയ അനാസിൻ ... ത്തിൽതന്നെ പ്രത്യക്ഷമാകുന്നു. ശല്യങ്ങളെ നിശ്ചയമായും നിർഭയമായും, അതിശീഘ്രത്തിലും അകററുവാൻ ഏററവും ഉചിതമായതു അനാസിൻ മാത്രതന്നെ. സകല വേദനകൾക്കും പററിയതും നിസ്സാരമായ വിലയോടുകൂടിയതുമായ അനാസിൻ മാത്രകളെ ഇന്നുതന്നെ മേടിച്ചു തയ്യാറാക്കിയാൽ ഇതുവരെ ദുഃസ്സഹമായി തോന്നിയിരുന്ന ദേഹവേദനകൾ നാളെ മുതൽ നിസ്സാരമായിതന്നെ പോകും.




# അനാസിൻ
TRADE MARK REGISTERED
**ഗുളികകൾ**

14 എണ്ണമുള്ള ട്യൂബുകൾ, 50 എണ്ണമുള്ള അടപ്പുകൾ, 2 എണ്ണമുള്ള പാക്കററുകൾ

ഇന്ത്യയിൽ തയ്യാർ ചെയ്യുന്നവർ: ജോഫ്രേമേനേർസ് ആൻറ് കമ്പനി ലിമിറ്റഡ്, ബാംബായി, 1.
ലൈസൻസ് കൊടുത്തവർ: വൈററ്ഹാൾ ഫാർമ്മക്കൽ കമ്പനി, ന്യൂയോർക്ക് യു.എസ്.എ.













ഒന്നാമത്തെ വരി:—

പശ്ചിമയൂണിയൻ ഡിഫൻസ് മന്ത്രിമാർ ലണ്ടനിൽ സമ്മേളിക്കുന്നു. ബ്രിട്ടീഷ് ഡിഫൻസ് മന്ത്രി മി: ഇമ്മാനുവൽ ഷിൻവെൽ, ഫ്രേസർപ്രഭുവുമൊത്തു സമ്മേളനത്തിൽ ഇരിക്കുന്നു.

ചൈനീസ്ദേശീയദിനം അക്ടോബർ 1-ാംതീയതി ചൈനയുടെ ദേശീയദിനാഘോഷം സംബന്ധിച്ചു അംബാസ്സഡർ ജനറൽ യുവാങ്ചുങ്ഹസിൽ ഡൽഹിയിലെ ചൈനീസ് എംബസ്സിയിൽവച്ചു ഒരു സ്വീകരണം നൽകുകയുണ്ടായി. അവിടെ പ്രദർശിപ്പിച്ചിരുന്ന കൗതുകവസ്തുക്കൾ പ്രധാനമന്ത്രിയും പുത്രിയും പരിശോധിക്കുന്നു. വലതുഅറ്റത്തു നിൽക്കുന്നതു ജനറൽ യുവാങ്ചുങ്ഹസീനും ഇടതുനിൽക്കുന്നതു എംബസ്സിയിലെ മറ്റൊരു പ്രധാന ഉദ്യോഗസ്ഥനുമാണ്.

രണ്ടാമത്തെ വരി:

ഇൻഡ്യൻ വിദ്യാർത്ഥിസംഘം 25 രാഷ്ട്രങ്ങളിൽനിന്നു അമേരിക്കൻ സന്ദർശനാർത്ഥം എത്തിയിട്ടുള്ള 60 എൻജിനീയറിംഗ്, ടെക്നിക്കൽ വകുപ്പുവിദ്യാർത്ഥികൾ 2500 മൈൽ പര്യടനം നടത്തിവരുന്നു. മസ്സച്ചുസെററ്സ് സാങ്കേതിക വിദ്യാലയത്തിൽ ഇവരിൽ ഒരുസംഘം "സമ്മർകോഴ്സ്" നടത്തുകയുണ്ടായി. ഇപ്പോൾ അവർ വ്യവസായസ്ഥാപനങ്ങൾ സന്ദർശിച്ചുവരികയാണ്. ചിത്രത്തിൽ വലത്തുനിന്നു സുഖ്ദേവ്ലാലാ (ബാംഗ്ളൂർ) കൃഷ്ണസ്വാമി വെങ്കിട്ടരാമൻ (തിരുവനന്തപുരം) മൃഗാങ്കസിൻഹാ (കൽക്കട്ടാ) എന്നിവരും, അടുത്തു നിൽക്കുന്നതു് അവരെ സ്വീകരിച്ച യൂ എസ്സ്. അസി: സെക്രട്ടറി മി: എഡ്വർഡ് ബാരററുമാണ്.

മദ്രാസിലെ ഗാന്ധിജയന്തി ആഘോഷം ഗാന്ധിജയന്തി സംബന്ധിച്ചു മദ്രാസ് ഡിസ്ട്രിക്ട് കാൺഗ്രസ്സ് കമ്മിററിയുടെ ആഭിമുഖ്യത്തിൽ രാജാജിഹാളിൽകൂടിയ പൊതുയോഗത്തിൽ മന്ത്രി ശ്രീ: മാധവമേനോൻ പ്രസംഗിക്കുന്നു. ബീഗംസുൽത്താൻ മീർഅമീറുദ്ദീൻ എം. എൽ. എ, ശ്രീമതി കസ്തൂർബാഗാന്ധിയുടെ ഒരു ചിത്രം അനാച്ഛാദനം ചെയ്യുകയുണ്ടായി. ഇടതുനിന്നു മിസ്സിസ് സുൽത്താൻ മീർഅമീറുദ്ദീൻ, ശ്രീ: കെ. വി. വൈദ്യനാഥൻ (നാഷണൽ പോർട്രെയിററ്ഗാലറി സ്ഥാപകൻ) ശ്രീ: ടി. ചെങ്കൽവരായൻ (ഡി. സി. സി. പ്രസിഡൻറ്) ശ്രീ: മാധവമേനോൻ.

തൊഴിലാളിദിനാഘോഷം — സെപ്റ്റംബറിലെ ആദ്യത്തെ തിങ്കളാഴ്ച അമേരിക്കയിൽ തൊഴിലാളിദിനമായി ആചരിക്കപ്പെട്ടുവരുന്ന ഒരു ദേശീയപൊതുഒഴിവുദിവസമാണെന്നു അമേരിക്കൻ തൊഴിലാളിപ്രസ്ഥാനത്തിൻെറ ജനയിതാക്കളിലൊരാളായ സാമുവൽ ഗോംപേഴ്സിൻെറ 100-ാംമതു ജന്മദിനം ഈ വർഷത്തെ തൊഴിലാളിദിനത്തോടൊന്നിച്ചു ആഘോഷിക്കപ്പെട്ടു. ഷിക്കാഗോയിൽ സമ്മേളിച്ച അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ എന്ന തൊഴിലാളിസംഘടനയുടെ യോഗത്തിൽ, പ്രസ്തുത സംഘം പ്രസിഡൻറ വില്യംഗ്രീൻ (മുൻഭാഗത്തു, വെള്ളത്തൊപ്പി) പ്രസംഗിച്ചു.

മൂന്നാമത്തെ വരി:

ബർമിങ്ഹാമിലെ നാഷണൽ റേഡിയോപ്രദർശനം — ഉത്തരബ്രിട്ടനിലെ ജനങ്ങൾക്കു ഒരു ടെലവിഷൻ പ്രദർശനം കാണുന്നതിനു ബർമിങ്ഹാമിൽവച്ചു നടത്തപ്പെട്ട "നാഷണൽറേഡിയോഷോ" സന്ദർഭം നൽകി. 5-അടി ഉയരമുള്ള ഒരു "ടെലവിഷൻവാൽവ്" സന്ദർശകർ പരിശോധിക്കുന്നതാണു ചിത്രം. സാധാരണവാൽവിൻെറ 30 ഇരട്ടി വലിപ്പം ഇതിനുണ്ട്.

കൊറിയൻസമരമുഖത്തേക്കു നീങ്ങുന്ന ഒരു അമേരിക്കൻ യന്ത്രീകൃതസേനാവിഭാഗം.

രാജകുമാരിയുടെ ജനനസർട്ടിഫിക്കററ് — ഇംഗ്ലണ്ടിലെ എലിസബത്തുരാജകുമാരിയുടെ രണ്ടാമത്തെ സന്താനമായ ആൻ എലിസബത്ത് ആലീസ് ലൂയിസെയുടെ ജനനസർട്ടിഫിക്കററ്





# സ്വാമി ശിവാനന്ദസരസ്വതി

## സ്വാമിജിയുടെ അഖിലേന്ത്യാപര്യടനവും അതിന്റെ ഉദ്ദേശങ്ങളും

ലൗകികജീവിതത്തിൽക്കൂടിത്തന്നെ ദിവ്യജീവിതവും നയിക്കുന്നതിനുള്ള ഏകമാർഗ്ഗമാണ്, 1936-മാണ്ട് ആനന്ദകുടീരത്തിൽ ശ്രീ ശിവാനന്ദസരസ്വതിതൃപ്പാദർസ്വാമികളാൽ സ്ഥാപിക്കപ്പെട്ട പ്രസ്തുത സംഘം ഉദ്ബോധിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്തുകൊണ്ടിരിക്കുന്നത്. അവരവരുടെ മതത്തിൽനിന്നും വേർപെടാതെ തന്നെ സത്യം, ശുദ്ധി, പ്രേമം, ജീവകാരുണ്യം ഇവ മുൻനിറുത്തി ജീവിതം നയിപ്പിക്കുന്നതിന് സ്ത്രീപുരുഷഭേദമെന്യേ ഓരോ വ്യക്തിയേയും പ്രോത്സാഹിപ്പിക്കുന്നത്, ഈ സംഘത്തിന്റെ ഒരു പ്രത്യേക ചുമതലയാണ്.

സംഘത്തിന്റെ പ്രധാനലക്ഷ്യം മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശം മനുഷ്യരിൽ സംജാതമാക്കുകയും ആ ലക്ഷ്യത്തിനുവേണ്ടി വിഭിന്നപദ്ധതികളും അനുഷ്ഠാനങ്ങളുംമൂലം അവരെ പ്രചോദിപ്പിക്കുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് ആദ്ധ്യാത്മികവും വർഗ്ഗാതീതവും വിശ്വവ്യാപകവും സഹിഷ്ണുതാപരവുമായ ലക്ഷ്യത്തെ മുൻനിറുത്തി അത് പ്രവർത്തിച്ചുവരുന്നു. സംഘത്തിന്റെ സ്ഥായിയായ നിലതന്നെ അതിന്റെ സാധകന്മാർ സ്വീകരിക്കുന്ന പദ്ധതി ഏതുതന്നെയായാലും, ഏതു മതത്തിൽക്കൂടിയായാലും അതിന്റെയെല്ലാം പരമലക്ഷ്യം ഏകമായിരിക്കണമെന്നതാണ്. അതിലേക്കുവേണ്ടി സംഘം ഓരോരുത്തരേയും അവരവരിഷ്ടപ്പെടുന്ന പന്ഥാവിൽക്കൂടി പരിശീലിക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ ഇതേ ലക്ഷ്യത്തെ മുൻനിറുത്തി സംഘം എല്ലാ മതങ്ങളേയും വിശ്വാസങ്ങളേയും ചിന്തകളേയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് നിലനില്ക്കുന്നത്.

ഭക്തിപ്രചാരണം, ജ്ഞാനയജ്ഞം, നിഷ്കാമ്യസേവ, ഇത്യാദി ആദ്ധ്യാത്മിക ജ്ഞാനപ്രചരണത്തിനുതകുന്നതും ഭഗവന്നാമസങ്കീർത്തനങ്ങളിൽ ആളുകളുടെ ശ്രദ്ധയെ പതിപ്പിക്കുന്നതിനും പ്രാർത്ഥനാസദസ്സുകൾ നടത്തുക കഥാശ്രവണം, സംഘംചേർന്നുള്ള ജപം, ഭഗവത്പരമായ ഉത്സവങ്ങൾ, ആഘോഷിക്കുക, വിഭിന്നമതങ്ങളിലെ മതാചാര്യന്മാരുടേയും മതപ്രവാചകന്മാരുടേയും ദിനങ്ങളെ അനുസ്മരിപ്പിക്കുന്ന ആഘോഷങ്ങൾകൊണ്ടാടുക, മുതലായതു നടത്തുന്നതിനും ഈ സംഘം എല്ലാപ്രകാരത്തിലും ആളുകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

മനുഷ്യരാശിക്കുവേണ്ട നിഷ്കാമ്യസേവനം ഈശ്വരാരാധനയുടെപേരിൽ നടത്തിക്കൊണ്ടിരിക്കുക എന്നതും ഈ സംഘത്തിന്റെ പരിപാടിയിൽ ഉൾപ്പെട്ടതാണ്. സർവ്വമതങ്ങളുടേയും ഐക്യത്തിനും, മതങ്ങളുടെ പ്രധാനഘടകമായ ആ ഐക്യതയെ ആധാരമാക്കീട്ടുള്ള മൗലികമായ ഏകത്വത്തിനും, ആദ്ധ്യാത്മിക ജീവിതത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഈ സംഘം അപ്രധാനവും അന്ധവിശ്വാസജടിലവുമായ ചടങ്ങുകളെ പരിപൂർണ്ണമായും അവഗണിക്കുന്നു. അഹിംസ, സത്യം, ബ്രഹ്മചര്യം, എന്നിവ ഈ സംഘത്തിന്റെ മുദ്രാവാക്യങ്ങളാണ്. എല്ലാ മതങ്ങളുടെ സജീവമായ ഐക്യതയേയും, എല്ലാ മതങ്ങളിലുമുള്ള സകല സാധനാമാർഗ്ഗങ്ങളുടെ ഐക്യതയേയും ഈ സംഘം പരിഗണിക്കുന്നു.

പ്രസ്തുത സംഘത്തിന്റെ ബഹുമാന്യപ്രതിഷ്ഠാവും അദ്ധ്യക്ഷനുമായ സ്വാമികളുടെ നേരിട്ടുള്ള പ്രചോദനത്തിന് വിധേയമായി സംഘം അതിന്റെ താഴെപ്പറയുന്ന ബഹുമുഖപരിപാടികൾ മുഖേന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആദ്ധ്യാത്മികപരമായ സാഹിത്യങ്ങളും ലഘുലേഖകളും പ്രചരിപ്പിക്കുക, സത്സംഗങ്ങളും ആദ്ധ്യാത്മിക സമ്മേളനങ്ങളും വിളിച്ചുകൂട്ടുക, 'ഡിവൈൻ ലൈഫ്' "വിസ്ഡം ലൈററ്", എന്നീ മാസികകൾ മുഖേനയും "ഫാറസ്റ്റ് യൂണിവേർസിററി" എന്ന വാരിക മുഖേനയും മേൽപറയപ്പെട്ട കാര്യങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുക, സാധന അഭ്യസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഹ്രസ്വകാല പരിശീലനക്ലാസുകൾ നടത്തുക എന്നിവയാണ് കാര്യപരിപാടികളിലെ ചില പ്രധാനപ്പെട്ട ഭാഗങ്ങൾ. മററുള്ളവരുടെ സൗകര്യത്തെ മുൻനിറുത്തി ഋഷീകേശത്തിൽ നടത്തിവരുന്ന സാധനാപരിശീലനക്ലാസ് മുതലായവ ഈസ്റ്റർ, ക്രിസ്തുമസ്സ്, നവരാത്രി, എന്നീ ഒഴിവുദിവസങ്ങളിലാണ് നടത്താറുള്ളത്. ദൂരദിക്കുകളിൽ താമസിക്കുന്നവരെ ഉദ്ദേശിച്ച് കൂടക്കൂടെ കത്തുകളും സന്ദേശങ്ങളും മുഖേന ആദ്ധ്യാത്മികപ്രചോദനവും നടത്തിവരുന്നു.

സംഘത്തിന്റെ പ്രധാനകാര്യാലയം ഋഷീകേശത്ത് ഗംഗാനദിയുടെ തീരത്ത് സ്ഥിതിചെയ്യുന്നു. ഇതിന്റെ ശാഖകൾ ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ മാത്രമല്ല, വിദേശങ്ങളിലും പലയിടത്തും സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. തിരുവനന്തപുരത്തും ഇതിന്റെ ഒരു ശാഖ പ്രവർത്തനം നടത്തിവരുന്നു. പ്രധാനകേന്ദ്രമായ ഋഷീകേശത്ത് ഒരു കേന്ദ്രപ്രാർത്ഥനാമന്ദിരം, എല്ലാവർക്കും ആരാധിക്കാൻ സൗകര്യമുള്ള ഒരു ക്ഷേത്രം, ഗ്രന്ഥശാല, അശരണരായവർക്കും തപോനിഷ്ഠന്മാരായ മഹാത്മാക്കൾക്കും സന്ദർശകർക്കും തീർത്ഥാടകർക്കും ആവശ്യമുള്ള വൈദ്യസേവനംചെയ്യുന്നതിനു ഒരു ധർമ്മാശുപത്രി, സ്ഥലനിവാസികളായ കുട്ടികൾക്കു സൗജന്യവിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയുള്ള ഒരു വിദ്യാലയം, സ്ഥിരമായി താമസിച്ചു സാധനകൾ പരിശീലിക്കുന്നതിനും തീർത്ഥാടകർ വന്നാൽ താമസിക്കുന്നതിനും ഉപകരിക്കുന്ന അനേകം കുടീരങ്ങൾ മുതലായവയും സജ്ജമാക്കീട്ടുണ്ട്.

മനശ്ശാന്തിയും ആദ്ധ്യാത്മികബോധനവും കാംക്ഷിക്കുന്ന ഏതൊരു വ്യക്തിയെയും യഥാകാലം സേവനം നടത്താൻ തയ്യാറായിരിക്കുന്ന ഈ സംഘം നഗരവാസംകൊണ്ട് ക്ലേശിച്ച് ക്ഷീണിച്ചവർക്ക് വേണ്ട യഥാർത്ഥവിശ്രമവും മനസ്സമാധാനവും നൽകി അവരെ ആദ്ധ്യാത്മികപന്ഥാവിലേക്ക് നയിക്കുകയും ചെയ്യുന്നു. ആശ്രമം ഇരിക്കുന്ന സ്ഥലം പ്രകൃതിസൗന്ദര്യമേറിയതും പ്രശാന്തവുമായ ഒരു ഭാഗത്താണ്. പരിപാവനയായ ഗംഗയുടെ സന്തതസാമീപ്യവും മഹോന്നതമായ ഹിമാചലശൃംഗങ്ങളുടെ നികടദൃശ്യവും ദിവ്യാത്മാക്കളുടെ സാന്നിദ്ധ്യവുംകൊണ്ട് ഈ സ്ഥലത്തിന്റെ മാഹാത്മ്യവും ആകർഷണീയതയും അവർണ്ണനീയമാംവണ്ണം നാൾക്കുനാൾ വദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്.



### ശ്രീ ശിവാനന്ദസ്വാമി അവർകളുടെ ഇപ്പോഴത്തെ യാത്രയുടെ ഉദ്ദേശങ്ങൾ

1. മതസമ്മേളനങ്ങൾ, സത്സംഗം, സംകീർത്തനം, സംഘംചേർന്നുള്ള പ്രാർത്ഥന മുതലായവമുഖേന ജനങ്ങൾക്ക് ആദ്ധ്യാത്മികാനുഭൂതി വരുത്തിക്കൊടുക്കുക. 2 വ്യത്യസ്തവൈദ്യപദ്ധതികൾ വഴിയായി തീവ്രവ്യാധികൾപോലും പിടിപെട്ട രോഗാതുരന്മാർക്ക് ആവശ്യമായ വൈദ്യസഹായങ്ങൾ നൽകി രോഗശാന്തി ഉണ്ടാക്കുക. 3 എല്ലാ ഭാഷകളിലും തയ്യാറാക്കീട്ടുള്ള യോഗം, ഭക്തി, വേദാന്തം മുതലായവയെസംബന്ധിച്ച ലഘുലേഖകൾ സൗജന്യമായി വിതരണംചെയ്തു ജനങ്ങളുടെ ഇടയിൽ ആസ്തിക്യബോധം ഉണ്ടാക്കുക. 4. വിദ്യാലയങ്ങളിലും സർവ്വകലാശാലകളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ ആദ്ധ്യാത്മികജ്ഞാനം ഉളവാക്കി അവരെ സത്പഥത്തിൽ ചരിപ്പിച്ച് യോഗപരിശീലനത്തിലൂടെ അവരുടെ ഇടയിൽ ധാർമ്മികപ്രചോദനം ഉണ്ടാക്കുക.

ഗംഗയുടെ ഉത്ഭവസ്ഥാനമായ ഗംഗോത്രിയിൽനിന്നും എടുക്കപ്പെട്ട പരിപാവനമായ ഗംഗാജലംകൊണ്ട് രാമേശ്വരത്തുള്ള മൂർത്തിയെ ആയിരക്കണക്കിനുള്ള ഭക്തന്മാർ അഭിഷേകം ചെയ്യുന്നതു് ഈ യാത്രയിലെ പ്രധാനപ്പെട്ട ഒരു ചടങ്ങായിരിക്കുന്നതാണ്. ലോകം ഇന്ന് എങ്ങോട്ടു തിരിയേണ്ടു എന്ന് അറിയാതെയുള്ള വിഷമപന്ഥാവിലെത്തി ചേർന്നിരിക്കുകയാണ്. ചാർവ്വാകസിദ്ധാന്തത്തിലടിയുറച്ച അനഭിലഷണീയമായ സമീകൃതവ്യവസ്ഥിതി നിറഞ്ഞു്, ലോകം ഭയചകിതമായിട്ടുണ്ട്. അത്ര ഭയങ്കരമായ ആ സിദ്ധാന്തം പ്രചരിക്കാനനുവദിക്കുന്നതായാൽ അത് ആദ്ധ്യാത്മികതത്വങ്ങൾക്കുള്ള മഹനീയതയെ പാടെ ഉന്മൂലനാശം ചെയ്യും. ഭാരതത്തിനു ആ വഴി പോകുക എന്നതു് ഒട്ടും തന്നെ അഭികാമ്യമല്ല കാരണം, അങ്ങനെ പോകുന്നതായാൽ അതിന്റെ യഥാർത്ഥധർമ്മത്തെ കൈവെടിയേണ്ടതായിവരും. ഐക്യത ഉണ്ടാകുന്നപക്ഷം ആയതു് ആദ്ധ്യാത്മികതത്വത്തിൽ അടിയുറച്ചതായിരിക്കണം. ഇങ്ങനെ എല്ലാ പ്രകാരേണയും ചരിത്രപ്രാധാന്യമർഹിക്കുന്ന ഈ സന്ദർഭത്തിൽ സ്വാമിജി ആദ്ധ്യാത്മികപ്രചരണത്തിനായി പുറപ്പെട്ടിട്ടുള്ള യാത്ര എത്രയും സമുചിതമായിട്ടുണ്ട്. തദ്വാരാ രാഷ്ട്രം ഋജുപന്ഥാവിൽക്കൂടെ ചരിക്കുന്നതാണ്.

ജഡീയവാദമാകുന്ന കാർമേഘപടലങ്ങൾ ചക്രവാളമണ്ഡലത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കയും ലോകത്തെ അവ അജ്ഞാനതിമിരത്തിൽ നിമഗ്നമാക്കിക്കൊണ്ടിരിക്കയും ചെയ്യുമ്പോൾ സ്വാമിജി അദ്ദേഹത്തിന്റെ അക്ഷീണശക്തികൾമുഖേന ജനങ്ങളുടെ ഹൃദയത്തിൽ ആദ്ധ്യാത്മികദീപ്തി ജ്വലിപ്പിക്കുന്നതിന് പരിശ്രമിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. സ്വാമിജി ചെയ്യുന്ന ഈ യത്നം മനുഷ്യരാശിക്ക് എല്ലാവിധത്തിലും ഒരു മഹനീയമായ സേവനംതന്നെ. ഈ അവസരത്തിൽ ശ്രീബുദ്ധഭഗവാൻ പ്രസ്താവിച്ചിരിക്കുന്ന ഏററവും അനുകരണീയമായ ആദ്ധ്യാത്മതത്വത്തെ ഇവിടെ ഉദ്ധരിക്കുന്നതു് സമുചിതമായിരിക്കുമെന്ന് കരുതുന്നു. "ഒരു വ്യക്തിക്കു സമസൃഷ്ടങ്ങളോടു ചെയ്യുവാൻ കഴിയുന്ന ഏററവും മഹത്തായ സേവനം, സ്വയം നിർവ്വാണപന്ഥാവിൽ ചരിച്ചിട്ടു് അന്യരേയും ആ പന്ഥാവിൽ ചരിപ്പിക്കുക എന്നതാണ്." അതുകൊണ്ടു് ഇപ്പോൾ സ്വാമിജി ചെയ്തുകൊണ്ടിരിക്കുന്ന സേവനത്തിനുപരിയായി മറെറാന്നുമില്ല

ഭാരതത്തിന്റെ ആദ്ധ്യാത്മികനഭോമണ്ഡലത്തിലെ അത്യുജ്ജ്വലതാരമായ ഈ ഋഷിവര്യൻ ലോകത്തിലുള്ള അവിദ്യയാകുന്ന അന്ധകാരത്തെ പാടെ നിർമ്മാർജ്ജനംചെയ്ത് തന്റെ ജ്ഞാനപ്രഭാപൂരത്തെ ലോകം ഒട്ടാകെ വ്യാപിപ്പിച്ചുകൊണ്ട് നീണാൾ പ്രശോഭിക്കുമാറാകട്ടെ എന്നു ജഗദീശ്വരനോട് നമുക്ക് അകമഴിഞ്ഞു പ്രാർത്ഥിച്ചുകൊള്ളാം.

ഓം തത് സത്.

ശ്രീ ശിവാനന്ദ യാത്രാമണ്ഡലസ്വീകരണ സംഘം, തിരുവനന്തപുരം.

### സ്വാമിജിയുടെ ജീവിതചരിത്രം

ഋഷീകേശത്തിലെ യോഗിവര്യനും പരമാരാധ്യനുമായ ശ്രീസ്വാമി ശിവാനന്ദസരസ്വതി തൃപ്പാദരുടെ ഇന്ത്യയൊട്ടുക്കുള്ള യാത്രാപരിപാടിയിൽ സ്വാമിജി, 1950-ഒക്ടോബർമാസത്തിൽ തിരുവനന്തപുരംനഗരവും സന്ദർശിക്കുന്നുണ്ട്. ആർഷഭാരതത്തിന്റെ ആത്മീയവും സാംസ്കാരികവുമായ ഉൽകൃഷ്ടപാരമ്പര്യത്തെ അക്ഷയതേജസ്സോടെ പുലർത്തിവന്നിട്ടുള്ള അനേകം ഋഷിവര്യന്മാരുടെ കൂട്ടത്തിൽ ശ്രീസ്വാമി ശിവാനന്ദജിക്ക് ഒരതിപ്രധാനസ്ഥാനം ലഭിച്ചിട്ടുണ്ട്. ദുരന്തദുരിതങ്ങളനുഭവിക്കുന്ന ഇന്നത്തെ മനുഷ്യരാശിക്ക് സാന്ത്വനമരുളുന്ന ആദ്ധ്യാത്മികവിജ്ഞാനരശ്മികൾ വിതറി സ്വാമി ശിവാനന്ദജി വിരാജിക്കുന്നു.

താമ്രവർണ്ണീനദീതീരത്തുള്ള പത്തമട എന്ന ഗ്രാമത്തിൽ ഒരുൽകൃഷ്ടകുടുംബത്തിൽ 1887-ാമാണ്ട് സെപ്റ്റംബർ എട്ടാംതീയതി സ്വാമിജി ഭൂജാതനായി. സ്വാമിജിയുടെ വിദ്യാലയജീവിതവും കലാശാലാജീവിതവും വിജയസമ്പൂർണ്ണവും ഭാസുരവുമായിരുന്നു. ആതുരശുശ്രൂഷണത്തിൽ ഉത്സുകനായിരുന്നതുകൊണ്ട് സ്വാമിജി ഭിഷഗ്വരനായിത്തീരുകയും എഫ്. എം. എസ്. മുതലായ വിദൂരപൂർവ്വദേശങ്ങളിൽ സജീവമായ വൈദ്യസഹായപ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തു. മനുഷ്യർ അനുഭവിക്കുന്ന ദുരിതങ്ങൾ കണ്ട് മനസ്സുനൊന്ത് അദ്ദേഹത്തിന്റെ ആത്മാവ് ശാന്തിക്കുവേണ്ടി ദാഹംകൊണ്ടു. ഒരു മഹാത്മാവിന്റെ ഉപദേശാനുസരണം ഉദ്യോഗവും ഭൗതികസമ്പത്തുകളും ഉപേക്ഷിച്ച് സ്വാമിജി, ശാന്തതയേയും, സത്യത്തേയും കൈവരുത്തുവാനുള്ള ഒരു തീർത്ഥാടകനായി സഞ്ചാരമാരംഭിച്ചു. സ്വതഃസിദ്ധമായുള്ള സംഗീതാഭിരുചി ഈ സമയത്ത് അദ്ദേഹത്തിന് അനേകം ഈശ്വരസ്തുതികൾ രചിച്ചു ഗാനംചെയ്യാൻ സഹായമായി ഭവിച്ചു. ഒരു ദിവ്യപുരുഷന്റെ ഉപദേശപ്രകാരം അവിടുന്ന് തപസ്സുചെയ്യാനായി ഋഷീകേശത്തിൽ പോയി. സാധനയിൽ ഏർപ്പെട്ടിരുന്നപ്പോഴും സ്വാമിജി ആതുരശുശ്രൂഷണത്തിൽ ബദ്ധശ്രദ്ധനായിരുന്നു. ഗാന്ധിജിക്കെന്നപോലെ സ്വാമിജിക്കും നിഃസ്വാർത്ഥമായ മനുഷ്യസേവനം ഈശ്വരാരാധനയായിത്തന്നെ തോന്നിയിട്ടുണ്ട്. ആത്മീയാനന്ദം കൈവന്നശേഷവും അദ്ദേഹം ശ്രീശങ്കരൻ, ശ്രീരാമാനുജൻ മുതലായ ഗുരുശ്രേഷ്ഠരുടെ മാതൃകയെ സ്വീകരിച്ചു തന്റെ ജീവിതം നിഃസ്വാർത്ഥമായ ജനസേവനത്തിന് ഉഴിഞ്ഞുവയ്ക്കുകയും, യഥാർത്ഥവിജ്ഞാനവിതരണത്തിൽ വ്യാപൃതനാകുകയുംചെയ്തു. ഈ ഉദ്ദേശത്തോടുകൂടി സ്വാമിജി 1936-ൽ "ഡിവൈൻലൈഫ് സൊസൈററി" (ദിവ്യജീവനസംഘം) സ്ഥാപിച്ചു.

സ്വാമിജിയുടെ ഋഷീകേശത്തിലുള്ള ആവാസസ്ഥലമായ "ആനന്ദകുടീരം", തിരുവണ്ണാമലയിലെ രമണാശ്രമം, പാണ്ടിച്ചേരിയിലെ അരവിന്ദാശ്രമം ഇതുകൾപോലെ ഭക്തജനങ്ങൾക്കു ഒരു തീർത്ഥാടനകേന്ദ്രമായിത്തീർന്നിട്ടുണ്ട്. അദ്ധ്യാത്മവിജ്ഞാനത്തിന്റെ മണിപ്രദീപത്തിൽനിന്നുതിരുന്ന കിരണകന്ദളങ്ങളാൽ പ്രശോഭിതമായ ഈ പുണ്യസ്ഥലം അനേകം ശിഷ്യരെ ആകർഷിക്കുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല.

ഹിമാലയപർവ്വതനിരയുടെ അടിവാരത്തിൽ സ്ഥിതിചെയ്യുന്ന ഋഷീകേശത്തിൽ ചെല്ലുവാനോ അവിടുത്തെ പുണ്യപുരുഷന്റെ ദർശനം ലഭിക്കുവാനോ ഉള്ള ഭാഗ്യം, ഭാരതത്തിന്റെ ദക്ഷിണകോണിൽ സ്ഥിതിചെയ്യുന്ന നമ്മളിൽ പലർക്കും ലഭിച്ചിട്ടില്ല. ദൂരത്തിൽ സ്ഥിതിചെയ്യുന്ന പലരുടേയും ആത്മാർത്ഥമായ അപേക്ഷയെ സാദരം സ്വീകരിച്ച് സ്വാമിജി അദ്ദേഹത്തിന്റെ 64-ാമത്തെ വയസ്സിൽ ഇന്ത്യൻപര്യടനത്തിനായി പുറപ്പെട്ടിരിക്കുകയാണ്. സത്സംഘം, ഭജന, ഏകോപിച്ചുള്ള സാധന എന്നീ വിവിധപരിപാടികളിൽക്കൂടെ ചെല്ലുന്ന സ്ഥലത്തെല്ലാം ആത്മീയോപദേശം നൽകുന്നതിനും സ്വാമിജി തീർച്ചയാക്കിയിരിക്കുന്നു. ഇപ്പോഴത്തെ പരിപാടി അനുസരിച്ചു സ്വാമിജി 1950 ഒക്ടോബർ 18-ാംനു വൈകുന്നേരം 4-മണിക്ക് നാഗർകോവിലിൽനിന്നു തിരിക്കുകയും ഉദ്ദേശം 5-30-ന് തിരുവനന്തപുരത്തു വന്നുചേരുകയുംചെയ്യും. 19-ാംനു ഉച്ചയ്ക്കു 12-45 ന് വിമാനമാർഗ്ഗം സ്വാമിജി ബാംഗ്ളൂരിലേയ്ക്കു യാത്രതിരിക്കും. നമ്മുടെ ഇടയിലുള്ള സ്വാമിജിയുടെ സാന്നിദ്ധ്യം വളരെ കുറഞ്ഞസമയത്തിനുമാത്രമേ ഉള്ളൂ. എങ്കിലും ആ ഹ്രസ്വസമയത്തിനുള്ളിൽ, അവിടുന്നു ഭക്തജനങ്ങളുടെ പൊതുയോഗത്തിൽ പ്രസംഗിക്കുകയും, സാധകർക്ക് ഉപദേശം നൽകുകയും ചെയ്യും. ആവശ്യപ്പെടുന്നവർക്കു ഹ്രസ്വമായ അഭിമുഖസംഭാഷണങ്ങളും

ചെറുകഥ

# കുററവാളി

ഗി. ദെ. മാപ്പസാങ്ങ്

വിവർത്തകൻ: എസ്. ആർ. നായർ, ഇടപ്പള്ളി

ഡിന്നറിനുശേഷം, അവർ പുകവലിക്കുന്ന മുറിയിലേക്കുപോയി. ആ നാട്ടിലെ പ്രധാനവക്കീലായ മിസ്റ്റർ ബ്‌റവൻറ് തീപ്പെട്ടി ഉരച്ചു. കൂട്ടുകാർ അദ്ദേഹത്തിൻെറ ചുററും കൂടി. "ഈ സമയത്ത്" അദ്ദേഹം പറഞ്ഞു; ഞാൻ കാണാതെപോയൊരാളുടെ കഥ ഓർമ്മിക്കുകയായിരുന്നു. അയാളുടെ കഥ വളരെ രസകരമാണ്. ഭയങ്കരപരിതഃസ്ഥിതിയിലാണയാളെ കാണാതായത്. ഇത്തരം ശോചനീയകഥകൾ നിത്യസംഭവങ്ങളാണ്. എന്നാലും ഈ ഭയങ്കരമായ ചരിത്രം സംഭവിച്ചിട്ടുണ്ടായിരിക്കയില്ല. ഇതാണതിൻെറ ഉള്ളടക്കം!

"ആറുമാസത്തിനുമുൻപ് ഞാൻ മരിക്കാൻകിടന്നിരുന്ന ഒരു സ്ത്രീയുടെ അടുത്തേക്കു ക്ഷണിക്കപ്പെട്ടു."

"ബ്‌റവൻറ്" അവളെന്നോടുപറഞ്ഞു; "നിങ്ങളുടെ ക്ഷമയെ ചോദ്യംചെയ്യുന്ന ഒരു കാര്യമാണ് ഞാൻ ചോദിക്കുവാൻപോകുന്നത്. ആദ്യമായി നിങ്ങൾ ഒരു കാര്യംചെയ്യണം. ആ മേശപ്പുറത്തു കിടക്കുന്ന എൻെറ മരണപത്രമെടുത്തുനോക്കണം. നിങ്ങൾക്കുവേണ്ടി ഞാൻ ഒരു ലക്ഷം ഫ്‌റാൻകുകൾ സൂക്ഷിച്ചിട്ടുണ്ട്. എൻെറ മരണശേഷം നിങ്ങൾ എൻെറ മകനെ കണ്ടുപിടിക്കണം. അതുമാത്രമേ ഈ നീചയ്ക്കുവേണ്ടി നിങ്ങൾ ചെയ്യേണ്ടതുള്ളൂ."

ഞാൻ സന്തോഷത്തോടുകൂടി അവരെ എഴുന്നേൽപിച്ചു. അത്രയ്ക്ക് ക്ഷീണമുണ്ടായിരുന്നു അവൾക്ക്.

ആ വീട് വളരെ മനോഹരമാണ്. കിടക്കമുറി ഭംഗിയായി അലങ്കരിച്ചിരുന്നു. ഇത്ര ഭംഗിയായിട്ടുള്ള ഒരു കിടക്കമുറി ഞാൻ കണ്ടിട്ടില്ല. നാലുവശവും ശരറാന്തലുകളും പുഷ്പങ്ങളും തൂക്കിയിരുന്നു. അതിനുള്ളിൽ ഇരുന്നു വർത്തമാനം പറഞ്ഞാൽ എല്ലാം വിസ്മരിച്ചുപോകും.

"നിങ്ങളാണെൻെറ സഹായി! അവർ പറഞ്ഞു." എൻെറ മകൻെറ കഥ ശ്രദ്ധിക്കുവാൻ ദയാലുവായ നിങ്ങൾക്കു ക്ഷമയുണ്ടാകുമോ? അതുമുഴുവൻ പറയുവാൻവേണ്ടി മരണം കാത്തുനിൽക്കുമോ? നിങ്ങൾ അതിലെ ഓരോ വാചകവും ശ്രദ്ധിക്കണം. കാരണം നിങ്ങൾ ലോകത്തിനു വേണ്ടപ്പെട്ടവനാണ്. നിങ്ങളുടെ ഹൃദയം കഠിനമല്ല.

"നിങ്ങളാണെൻെറ സ്വഭാവവും അവൻ തുടർന്നു. എൻെറ വിവാഹത്തിനു മുൻപുതന്നെ ഞാൻ ഒരു പുരുഷനുമായി സ്നേഹബന്ധത്തിലേർപ്പെട്ടിരുന്നു. പക്ഷെ എൻെറ മാതാപിതാക്കൾ, ആ യുവാവിനെ എനിക്കു ചേർന്നതല്ല എന്ന കാരണംപറഞ്ഞ് അവർ എന്നെ ഒരു ധനവാനു വിവാഹം കഴിച്ചുകൊടുത്തു. വിവാഹത്തിനുശേഷം അയാളെ സ്വീകരിക്കയല്ലാതെ നിവർത്തിയുണ്ടായിരുന്നില്ല. സാധാരണ സ്ത്രീകൾ ചെയ്യാറുള്ളതുപോലെ—ലജ്ജയോടും വെറുപ്പോടുംകൂടി ഞാൻ അയാളെ സ്വീകരിച്ചു. അങ്ങനെ ഒടുവിൽ ഞാൻ ഒരു മാതാവായി. മകന് ഒരു വയസ്സായപ്പോൾ, അയാൾ മരിച്ചുപോയി. ഞാൻ സ്നേഹിച്ചിരുന്ന ആ യുവാവും ഇപ്പോൾ വിവാഹിതനായിക്കഴിഞ്ഞിരുന്നു. പക്ഷെ ഞാൻ ഒരു വിധവയായിത്തീർന്നു എന്നറിഞ്ഞപ്പോൾ അദ്ദേഹം വിഷമിച്ചു. ആ യുവാവ് എന്നെക്കാണുവാൻ വന്നു. എൻെറ ഹൃദയം പൊട്ടുമാറുള്ള അദ്ദേഹത്തിൻെറ പ്രലപനങ്ങൾ—ആ ദുഃഖമുളവാക്കുന്ന വാക്കുകൾ—അതെല്ലാം എങ്ങിനെ പറയാനാണ്! പക്ഷെ, ഞാൻ അദ്ദേഹത്തെ വിവാഹംകഴിക്കുവാൻ വിസമ്മതിച്ചു. എങ്കിലും ഞാൻ എൻെറ കാമുകനെ കണ്ടുവന്നു. കേഴുന്ന ഹൃദയത്തിൻെറ വിഷമതകൾ! അതെല്ലാം കേട്ടുകേട്ട് ഞാൻ വിഷമിച്ചു. ഞാൻ ഏകയായിരുന്നു. ദുഃഖത്തിൻെറയും നിരാശയുടെയും അഗാധഗർത്തത്തിലേക്ക് ഞാൻ എടുത്തെറിയപ്പെട്ടുവെങ്കിലും അദ്ദേഹത്തെ സ്നേഹിച്ചു. ആ സമയത്തു എൻെറ മാതാപിതാക്കൾ ഈ ലോകം വിട്ടുപോയിരുന്നു. എനിക്കേകാവലംബം അദ്ദേഹംമാത്രമായിരുന്നു. മിക്കപ്പോഴും അദ്ദേഹമെന്നെ കാണുവാൻവന്നു. സായാഹ്നത്തിൽ ഞങ്ങൾ നമ്മ സല്ലാപങ്ങളിൽ ഏർപ്പെടുക പതിവായിത്തീർന്നു. അദ്ദേഹത്തിനെ ഞാനെങ്ങിനെമറക്കും? ഞാൻ എന്തുപറയട്ടെ? ഒടുവിൽ അദ്ദേഹത്തിൻെറ കൂടെ താമസം തുടങ്ങി. അതെങ്ങനെ സംഭവിച്ചു? എനിക്കുതന്നെ അതറിയാൻവയ്യ! ആർക്കറിഞ്ഞുകൂടാ! പരസ്പരം പ്രേമബദ്ധരായ രണ്ടുയുവഹൃദയങ്ങൾക്കു കാമുകീകാമുകന്മാരാകാതെ എന്താണുനിവർത്തി? പ്രിയപ്പെട്ട ബ്‌റവൻറ,

നിർവ്യാജമായി സ്നേഹിക്കുന്ന ഒരു യുവാവിനെ മറക്കുവാൻ ഒരു സ്ത്രീക്ക് കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അങ്ങിനെയുള്ള ഒരാളെ ഒരു യുവതി എങ്ങനെ നിരാശനാക്കും? സന്തോഷിപ്പിക്കാനല്ലേ ശ്രമിക്കുക?

"പ്രിയപ്പെട്ട ബ്‌റവൻറ, ഒടുവിൽ ഞങ്ങൾ ദമ്പതികളായി. ജീവൻ, എൻെറ മകനെ അദ്ദേഹത്തിനു വളരെ പ്രിയമായിരുന്നു. അവൻ അദ്ദേഹത്തിൻെറ കണ്ണിലുണ്ണിയായിരുന്നു. അങ്ങിനെ, സ്നേഹത്തിൻെറയും, സത്യസന്ധതയുടേയും, ഒരു മൂർത്തീകരണമായി ജീൻ ഞങ്ങളുടെ ശിക്ഷണത്തിൻകീഴിൽ വളർന്നുവന്നു. അദ്ദേഹമവനെ വേണ്ടവിധത്തിൽ ഉപദേശിച്ചുവന്നു. സ്നേഹസമ്പന്നനായ ഒരു മനുഷ്യനായി ജീൻ അദ്ദേഹത്തിനെ വിശ്വസിച്ചു. അവനദ്ദേഹത്തെപ്പററി ഒന്നുമാത്രമറിഞ്ഞുകൂടായിരുന്നു. അവന് ഞങ്ങളുടെ ബന്ധത്തെപ്പററി അറിഞ്ഞുകൂടായിരുന്നു.

"ഒരു സായാഹ്നത്തിൽ ഞാൻ ഒരു ടീ പാർട്ടിക്കു തയാർചെയ്തു. വൈകുന്നേരം നടക്കാൻപോയിരുന്ന അവരിൽ ആരാണാദ്യം വരുന്നതെന്നു ഞാൻ സൂക്ഷിച്ചു. മകൻ വരുമെന്നും അവനോട് എൻെറ സകല തെററുകളും ഏററുപറയണമെന്നുമാണ് ഞാൻ കരുതിയത്. പക്ഷെ എൻെറ പ്രതീക്ഷകൾക്കു വിരുദ്ധമായി, അന്നാദ്യം വന്നത് എൻെറ ഭർത്താവായിരുന്നു. ഞാൻ അദ്ദേഹത്തിൻെറടുത്തേയ്ക്കോടിച്ചെന്നദ്ദേഹത്തെ സ്വീകരിച്ചു. ഞാൻ അദ്ദേഹത്തിൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു. ഞങ്ങളുടെ ചുണ്ടുകൾകൂട്ടിമുട്ടി. അങ്ങനെ കുറച്ചുനേരം ഞങ്ങൾ പ്രേമസാമ്രാജ്യത്തിലേക്കു പറന്നുപോയി.

"ഉടൻ ഒരൊച്ച—കതകു തുറക്കപ്പെട്ടു. ജീൻ!! ഒരു വെറുപ്പോടും ലജ്ജയോടുംകൂടി അവൻ ഞങ്ങളുടെ മുൻപിൽ തലകുനിച്ചുനിന്നു. അതൊരു ഭയങ്കരസംഭവമായിരുന്നു. ഞാൻ അദ്ദേഹത്തിൻെറ പിടിയിൽനിന്നും മാറിനിന്നു. പെട്ടെന്നു ഞാൻ ജീനിൻെറ അടുത്തേയ്ക്കോടി. പക്ഷെ ആ ഓമനപ്പുത്രൻ രൂക്ഷമായി എന്നെ ഒന്നുനോക്കിയതിനുശേഷം, എങ്ങോട്ടോ മറഞ്ഞു. അതിൽപിന്നെ ഇന്നുവരെ ഞാനവനെ കണ്ടിട്ടില്ല.

"ഞാനും അദ്ദേഹവും അനങ്ങാതെ നിന്നു നിശ്ശബ്ദരായി—ഇടിവെട്ടേററതുപോലെ ഞാൻ ഒരു കസേരയിലേക്കു ചാഞ്ഞു. എണ്ണമില്ലാത്ത ചോദ്യചിഹ്നങ്ങൾ എൻെറ മുമ്പിൽ പൊങ്ങിവന്നു. എനിക്കൊരു തളർച്ച. ആയിരമായിരം ചിന്തകൾ! ലജ്ജയും ദുഃഖവും എന്നെ കുത്തിക്കീറുവാൻ തുടങ്ങി. ഇതാണോ ഒരമ്മ ചെയ്യേണ്ടതു്?

"ജീൻ വീണ്ടുംവന്നാലോ എന്നുവിചാരിച്ച് എൻെറ ഭർത്താവനങ്ങിയില്ല എന്നെ വീണ്ടും ആശ്ലേഷിക്കണമെന്നും എന്നോടു സല്ലപിക്കണമെന്നും അദ്ദേഹത്തിനുണ്ടായിരുന്നു. ഒടുവിൽ അദ്ദേഹം പറഞ്ഞു,

'ഞാൻ പോകാം. അവനെ ഞാൻ കണ്ടുപിടിക്കാം......എല്ലാം അവനോടു പറയാം... വിസ്തരിച്ചു പറയാം......'

"അദ്ദേഹം മറിവിട്ടു"

"ഞാൻ വീണ്ടും നിരാശയിലാഴ്ത്തപ്പെട്ടു. ഞാൻ കിടപ്പിലായി. പനിയുടെ ചൂടുകൊണ്ടെനിക്കനങ്ങുവാൻ വയ്യായിരുന്നു. ഒരു ഭയങ്കരത എൻെറ ഹൃദയത്തെ നിഴലിച്ചിരുന്നു. ഞാനാരുമായും കാണപ്പെടുന്നില്ല. പക്ഷെ ആ വേദന എങ്ങനെ സഹിക്കും? എൻെറ മകനെവിടെ? അവനിപ്പോൾ എന്തുചെയ്യുന്നു?

"രാത്രിയുടെ നിശ്ശബ്ദതയിൽ ഒരു ദൂതൻ എൻെറടുത്തുവന്നു. അയാളുടെ കയ്യിൽ ഒരു കുറിപ്പുണ്ടായിരുന്നു. അതിലെ ഓരോ വാക്കുപോലും ഞാനിപ്പോഴും മറന്നിട്ടില്ല" ജീൻ മടങ്ങിയെത്തിയോ? ഇതുവരെ എനിക്കവനെ കാണുവാൻ സാധിച്ചിട്ടില്ല. ഞാൻ താഴെ കാത്തുനില്ക്കുന്നുണ്ട്. മകളിലേക്കു വരുന്നതു ഇപ്പോൾ ഉചിതമല്ലല്ലോ?. അതെൻെറ ഭർത്താവിൻെറ കുറിപ്പായിരുന്നു.'

ആ കുറിപ്പിൻെറ അടിയിൽ ഞാൻ എഴുതി. 'ജീൻ ഇതുവരെ മടങ്ങി വന്നിട്ടില്ല. നിങ്ങൾതന്നെ അവനെ കണ്ടുപിടിക്കണം'.

"അന്നു രാത്രി മുഴുവൻ ഞാൻ ഉറക്കമിളച്ചിരുന്നു, ഒരു ഭ്രാന്തിയെപ്പോലെ എനിക്കെന്തൊക്കെയോ തോന്നി. പക്ഷെ ഞാൻ കിടക്കയിൽനിന്നും അനങ്ങിയില്ല. ഇതിൻെറയെല്ലാം അർത്ഥമെന്തായിരുന്നു? ഞാൻ സങ്കല്പിച്ചുനോക്കി. പക്ഷെ എൻെറ വ്യാധികൊണ്ടെനിക്കൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ജീനിനെപ്പററിയുള്ള ഏകചിന്ത എൻെറ ആത്മാവിനെ കാർന്നുകൊണ്ടിരുന്നു. ജീനും അദ്ദേഹവും തമ്മിൽ കണ്ടുമുട്ടിയോ? അതിൻെറ പ്രത്യാഘാതങ്ങളെപ്പററി എനിക്കറിയുവാനും വയ്യായിരുന്നു, എൻെറ തലച്ചോറിൽ ഒരു പെട്ടിത്തെറിക്കൽ! ഒരു വേദന! യാതൊന്നുമറിഞ്ഞിട്ടില്ലാത്ത ഭൃത്യ മുറിയിൽ വന്നുകൊണ്ടിരുന്നു. അവളെ അറിയിക്കണമെന്നും എനിക്കാഗ്രഹമുണ്ടായിരുന്നില്ല. എൻെറ കാര്യങ്ങളറിയാത്തതിൽ ഞാനവളെ ശാസിച്ചു അവൾ ഉടൻ ഡാക്ടറെ വിളിച്ചു. ഡാക്ടർ വന്നുനോക്കി. ഞാൻ ഒരു കിടക്കയിൽ കിടത്തപ്പെട്ടു. ഭയങ്കര പനി.

'ബോധം വീണപ്പോൾ കിടക്കയ്ക്കരികെ വീണ്ടും ഞാനദ്ദേഹത്തെ—എൻെറ ഭർത്താവിനെ—ഇരിക്കുന്നതായിട്ടാണു കണ്ടതു്......എൻെറ രണ്ടാം ഭർത്താവ്......!'

'എൻെറ പുത്രൻ', ഞാൻ നിലവിളിച്ചു, 'അവനെവിടെ?'

മറുപടിയില്ല

'മരിച്ചോ?......എൻെറ ജീൻ മരിച്ചോ?... എന്തു? അവനാത്മഹത്യചെയ്തുവോ? എനിക്കു ഭ്രാന്തുപിടിക്കുന്നതുപോലെ തോന്നി'.

'ഇല്ല—ഇല്ല—ഞാൻ ചെയ്യാം ഞാൻ വളരെ ശ്രമിച്ചു, പക്ഷെ ജീനിനെ കണ്ടുകിട്ടിയില്ല. ഇനിയും പരിശ്രമിക്കാം. അദ്ദേഹം പറഞ്ഞു.

"ദേഷ്യവും നിരാശയുംകലർന്ന മുഖഭാവത്തിൽ ഞാൻ പെട്ടെന്നു പറഞ്ഞു; വേണ്ട, പോയി അവനെ കണ്ടുപിടിക്കൂ. അതുവരെ ഇവിടെ വരാതിരുന്നാൽ നന്ന്. പോകൂ ഇപ്പോൾ......'

"അയ്യോ ഞാനെന്താണ് പറഞ്ഞതു്. എൻെറ പ്രേമനായകനെ ഞാൻ പറഞ്ഞയച്ചുവോ?......അയ്യോ!.

"അദ്ദേഹം മുറിവിട്ടു പുറത്തുപോയി. ആ സംഭവം കഴിഞ്ഞിട്ടിപ്പോൾ നീണ്ട ഇരുപതു വർഷങ്ങൾ അങ്ങനെ ചിറകു വിടുർത്തി ഒരു പറവയെപ്പോലെ പറന്നുപോയിക്കഴിഞ്ഞിരിക്കുന്നു. ഇന്നുവരെ അവരിലൊരാളേയും ഞാൻ കണ്ടിട്ടില്ല.

'പ്രിയപ്പെട്ട ബ്രൂവൻറ, നിരാശയുടെ കരാളഗർത്തത്തിലേക്കു ആഞ്ഞുവലിച്ചെറിയപ്പെട്ട ഒരു സ്ത്രീയുടെ ഹൃദയം—ക്ലേശഭൂയിഷ്ഠമായ ഒരമ്മയുടെ ഹൃദയം അതിൻെറ അവസാനമില്ലാത്ത തുടിപ്പുകൾ നിങ്ങൾ കേൾക്കുന്നില്ലേ? ആ!......ഇല്ല ഞാൻ മരിക്കാറായി—എൻെറ അന്തിമനിമിഷങ്ങളാണിവ. എൻെറ പ്രേമനായകനേയും ഓമനപ്പുത്രനേയും കാണാതെ ഞാൻ മരിക്കുവാൻപോകുന്നു.

"മിക്കദിവസവും അദ്ദേഹത്തിൻെറ കത്തുകൾ വരാറുണ്ട്, പക്ഷെ ഒരു ഞൊടിനേരത്തേക്കെങ്കിലും ഞാനവ കണ്ടില്ല—സ്പർശിച്ചിട്ടില്ല; അത്രക്കു പേടിയാണെനിക്കിന്ന്.

"എങ്ങിനെയെങ്കിലും അദ്ദേഹത്തെ ഇവിടെ വരാൻ അനുവദിച്ചാൽ മകൻ അപ്പോൾ പ്രത്യക്ഷമാകും എൻെറ മകൻ!—എൻെറ ഓമനപ്പുത്രൻ!......അവൻ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ? അതോ മരിച്ചുവോ? ആ അഗാധമായ ആഴിക്കപ്പുറം—അങ്ങകലെ—വിദൂരത്തിൽ—പേരുപോലുമറിയപ്പെടാത്ത ഒരു നഗരത്തിൽ ഒരു പക്ഷെ അവൻ സുഖമായി വസിക്കുന്നുണ്ടാകും? അവൻ എന്നെപ്പററി ചിന്തിച്ചിരുന്നെങ്കിൽ......?

"മക്കൾ," പ്രിയ ബ്രൂവൻറ, "പ്രത്യേകിച്ചും പുത്രന്മാർ എത്ര ഭയങ്കരരാണ്! എന്തൊരു ഭയങ്കരനിരാശയിലെന്നെ ആഴ്ത്തിയിട്ടാണവൻ പോയതു്? നിരാശയും ശോകവും എന്നെ ഇഞ്ചിഞ്ചായി കീറിക്കൊണ്ടിരിക്കുന്നു. എൻെറ മരണംവരെ അവയെന്നെ വിട്ടുമാറുകയില്ല. എങ്കിലും ഒരമ്മയല്ലേ എന്നു വിചാരിച്ചെങ്കിലും അവൻ തിരിച്ചുവരേണ്ടതല്ലേ? പാവം അവൻ ക്രൂരനല്ലേ?......പ്രിയപ്പെട്ട ബ്‌റവൻറ—നിങ്ങൾ അവനെക്കണ്ടാൽ ഇതിൽ ഒന്നുവിടാതെ പറയണം!" എൻെറ അവസാനവാക്കുകളാണിവ.

"എൻെറ പുത്രാ—ജീനേ—നിൻെറ പ്രവൃത്തികൾ സ്നേഹംനിറഞ്ഞവയായിരിക്കട്ടെ! ജീവിതം നിരാശയും ദുഃഖവും ഇടകലർന്നതാണ്. നീ നിൻെറ അമ്മയെ വിട്ടുപിരിഞ്ഞ അന്നുമുതൽ അവർ അദ്ദേഹത്തെ കണ്ടിട്ടില്ല; അന്നുമുതൽ അവരുടെ ജീവിതം എത്രദുഃഖമയമാണെന്നു ഒന്നു സങ്കല്പിച്ചെങ്കിലും നോക്കൂ. പ്രിയ പുത്രാ—എനിക്കു മാപ്പുതരൂ. മരിക്കാൻപോകുന്ന ഒരു ഹൃദയത്തിൻെറ അവസാന അപേക്ഷകൾ അതെങ്കിലും കരുതി നീ എനിക്കു മാപ്പുതരൂ.'

"അവളുടെ തുടിപ്പുകൾ കൂടിക്കൂടിവന്നു. കാരണം അവളുടെ മുമ്പിലിരിക്കുന്ന മകനെ കണ്ടതുപോലെ അവൾക്കുതോന്നി. അവനോടായിട്ടാണിത്രയും പറഞ്ഞതു്. ഒടുവിൽ അവർ പറഞ്ഞു. നിങ്ങൾ അവനോടിതു പറയണം—ഞാനാമനുഷ്യനെ അതിനുശേഷം സ്പർശിച്ചിട്ടുപോലുമില്ലെന്ന്."

അവരുടെ കണ്ണുകളിൽനിന്നും രണ്ടുതുള്ളി കണ്ണീർകണങ്ങൾ അടർന്നുവീണു—അവർ ഗദ്ഗദത്തോടു പറഞ്ഞു.

'ഞാൻ ആരേയും കാണാതെ മരിക്കട്ടെ! നിങ്ങൾ ഇപ്പോൾ പോകുക.

ശോകമൂകമായ ചില നിമിഷങ്ങൾ ഇഴഞ്ഞുപോയി.

ഞാൻ മുറിവിട്ടു, ബ്‌റവൻപറഞ്ഞു—ഒരു മകൻ എന്താണു ചെയ്യേണ്ടതു്. ഞാൻ വണ്ടിയിൽകയറി. എൻെറ നിലവിളി ഒരുപക്ഷെ വണ്ടിക്കാരൻ കേട്ടിരിക്കും.

ഇതെല്ലാം നമ്മുടെ ദൈനംദിനജീവിതത്തിൽ സാധാരണമാണ് എങ്കിലും ഇത്തരം സംഭവങ്ങൾ വിരളമാണ്.

ഞാൻ അവരുടെ പുത്രനെ ഇതുവരെ കണ്ടിട്ടില്ല......ആ പുത്രൻ-ക്രൂരനും കൃതഘ്നനുമായ ആ പുത്രൻ......അല്ലേ ഞാൻ.

ഞാൻ എന്തുപറയട്ടെ—ഞാൻ ഒരു കുററവാളിയോ? കൃതഘ്നനോ? ക്രൂരനോ? നിങ്ങൾ ആലോചിക്കിൻ കൂട്ടുകാരേ,

—o—



കൊറിയയുടെ നേർക്കുള്ള ആക്രമണത്തെ എതിർടുന്നതിന്ന യു.എൻ.-ൻെറ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള പ്രതിരോധസൈന്യത്തിലേക്കു 4000 ഭടന്മാരെ അയച്ചുകൊടുക്കാമെന്നു തായ്‌ലൻഡു സമ്മതിച്ചിരിക്കുന്നു. അമേരിക്കയിലെ തായ്‌ലൻഡ് അംബാസ്സഡർ പ്രിൻസ് വാൻ വൈത്തയക്കോൺ അമേരിക്കൻപ്രതിരോധകാര്യാലയം സന്ദർശിച്ചപ്പോൾ പ്രതിരോധവകുപ്പു സെക്രട്ടറിയായിരുന്ന മി. ലൂയിസ് ജോൺസണുമായി കുശലപ്രശ്നം നടത്തുന്നു.




അനുവദിക്കപ്പെടുന്നതാണ്. പാദപൂജ പൊതുവായിട്ടു നടക്കുന്നതാണ്. അർഹിക്കുന്ന വ്യക്തികൾക്കു സ്വാമിജി മന്ത്രദീക്ഷ നൽകുന്നതും അനുഗ്രഹിക്കുന്നതാണ്. കമ്മിററിയെ നേരത്തെ അറിയിക്കേണ്ടതുമാണ്.

എല്ലാ സംഭാവനകളും ശ്രീ. എൻ. പരമേശ്വരൻതമ്പി, ബീച്ച്ബംഗ്ലാവ്, ശംഖുമുഖം, തിരുവനന്തപുരം എന്ന മേൽവിലാസത്തിലും സ്വാമിജിയുടെ യാത്രാവിവരങ്ങൾ സംബന്ധിച്ചുള്ള എല്ലാകത്തുകളും ശ്രീ: എ. പിച്ചുമണി അയ്യങ്കാർ, തൈക്കാട്ടുവീട്, കോട്ടയ്ക്കകം, തിരുവനന്തപുരം എന്ന മേൽവിലാസത്തിലും അയയ്ക്കേണ്ടതാണ്.

—o—





# ശ്രീമത് ഭഗവദ്ഗീത

വ്യാഖ്യാതാ—കുന്നത്തു് ജനാർദ്ദനമേനോൻ അവർകൾ

ഭാരതീയസംസ്കാരത്തിന്റെയും ചിന്താശക്തിയുടെയും നിസ്തുല്യമാഹാത്മ്യത്തെ പാശ്ചാത്യരെക്കൊണ്ടുപോലും സശിരഃകമ്പം സമ്മതിപ്പിക്കുന്ന ഭഗവദ്ഗീതയിലെ അനന്യസാധാരണമായ അദ്ധ്യായങ്ങളെപ്പറ്റി എന്താണു പറയേണ്ടതു്. ഹിന്ദുമതത്തിന്റെ പരമപ്രധാനമായ പ്രമാണഗ്രന്ഥവും സർവോപനിഷത്സാരസർവസ്വങ്ങളുടെ ആവാസരംഗവുമായ ശ്രീമദ് ഭഗവദ്ഗീത, സംസ്കൃതാനഭിജ്ഞന്മാരായ സാധാരണന്മാൎക്കുകൂടി ഉപകരിക്കണമെന്നുകരുതി, ശ്ലോകങ്ങൾക്കു ചുവടെ പച്ചമലയാളത്തിൽ സാരവുംചേൎത്തു് പ്രസിദ്ധീകരിച്ചിരിക്കുന്നു. വില രൂ: 1.

മാനേജർ; ശ്രീരാമവിലാസംപ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.

ആലപ്പുഴയും തിരുവനന്തപുരത്തുമുള്ള ഞങ്ങളുടെ ബ്രാഞ്ചുകളിലും കിട്ടുന്നതാണു്.

വിനോദപംക്തി

# അൽപന്മാർ

നാനാ

[..]ാരയാതൊരു ദുഷ്യവുമില്ലാത്ത ഒരാൾ ക്[..]യെന്ന ഉദ്യോഗസ്ഥന്റെ ഭാര്യാസഹോദര[..]ായിപ്പോയെന്നുള്ളതു് വലിയ ദുഷ്യമായിക്ക[..]ാകാമോ എന്നെനിക്കറിഞ്ഞുകൂടാ. ഒരിക്കൽ, തന്റെ വീട്ടിന്റെ മുൻവശത്തുകൂടി പോകുന്ന സിററി ട്രാൻസ്പോർട്ടുബസ്സിൽ കയറി അയാളുടെ വീട്ടുവാതില്ക്കൽ ഇറങ്ങണമെന്നൊരാഗ്രഹം തോന്നി. അതുസാധിച്ചുകിട്ടുന്നതിനു് അയാളൊരുദിവസം ഒരു മുടക്കുകതന്നെചെയ്തു. 'സ്റ്റോപ്പുകളി'ൽപ്പോലും നില്ക്കാൻ മടിക്കുന്ന ബസ്സുകണ്ടോ നമ്മുടെ ഉദ്യോഗസ്ഥബന്ധുവിന്റെ ആഗ്രഹം സാധിച്ചുകൊടുക്കുന്നു? ബസ്സിനറിയാമോ അതിനകത്തിരിക്കുന്ന ആളിന്റെ ബന്ധുത്വത്തെപ്പററി? ബസ്സ് അയാളുടെ വീട്ടിനടുത്തെത്താറായപ്പോൾ അയാൾ അക്ഷമനായി കണ്ടക്ടറോടു 'അക്കാണുന്ന വീട്ടിന്റെ വാതില്ക്കലാണെന്നെ ഇറക്കേണ്ടതു്' എന്നുപറഞ്ഞുതുടങ്ങി. കണ്ടക്ടർ 'ഇതാ നത്തപ്പോയി' എന്നമട്ടിൽ വിസിൽ വായിൽ കടത്തിക്കൊണ്ടു് അതു ഊതാതെ, എന്നാൽ ഊതാൻ തയ്യാറായിനിന്നു. വീട്ടുവാതില്ക്കൽനിന്നും അമ്പതടി അപ്പുറത്തുണ്ടായിരുന്ന 'സ്റ്റോപ്പി'ൽ വണ്ടിചെന്നെത്തിയപ്പോൾ കണ്ടക്ടറുടെ ഊത്തുകേൾക്കാതെതന്നെ വണ്ടിനിന്നു. അപ്പോൾ ഉദ്യോഗസ്ഥബന്ധുവിനുവന്ന കോപം കാണേണ്ടതായിരുന്നു. കണ്ടക്ടറെ സമീപിച്ചു ഞെളിഞ്ഞുനിന്നുകൊണ്ടു് അയാൾ ചോദിച്ചു: 'ഞാനാരാണെന്നറിയാമോ?'

മററുപല സംഗതികളും അറിയാമെങ്കിലും ഈയൊരു സംഗതിമാത്രം അത്ര നല്ല നിശ്ചയമില്ലെന്നു പറയുന്നതരത്തിലുള്ളതായിരുന്നു കണ്ടക്ടറുടെ മുഖഭാവം.

കണ്ടക്ടറുടെ 'അറിവില്ലായ്മ'യെ നിന്ദിച്ചുകൊണ്ടു അയാൾ തുടർന്നു: "ഞാൻ—"

പക്ഷെ, വണ്ടിയിലിരുന്ന ഒരാൾ ഉദ്യോഗസ്ഥബന്ധുവിന്റെ വിനയബാധത്തെ അപകടപ്പെടുത്താനിടകൊടുത്തില്ല "അറിഞ്ഞുകൂടെ ഇദ്ദേഹത്തെ? ഇന്നാരുടെ ഭാര്യയുടെ സഹോദരൻ"

കണ്ടക്ടർ ആദരവഭിനയിച്ചു തനിക്കു തോന്നിയ പുച്ഛരസത്തെ മറയ്ക്കാൻ ശ്രമിച്ചെങ്കിലും തീരെ പരാജിതനായിപ്പോകുകയാണുണ്ടായതു്.

ഉദ്യോഗസ്ഥബന്ധു ഉവാച: "തനിക്കു എന്നെ അറിഞ്ഞുകൂടാ. ഞാൻ വിചാരിച്ചാൽ എന്റെ വീട്ടിന്റെ മുമ്പിൽ ഒരു സ്റ്റോപ്പുവയ്പിക്കാൻ സാധിക്കും: സാധാരണ ബസ്സുയാത്രക്കാരെപ്പോലെ പോക്കുകെട്ട, നിലയും വിലയുമില്ലാത്ത കൂട്ടത്തിലുള്ളവനല്ല ഞാനെന്നറിയാൻ പഠിക്കണം."

ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തത്തിന്റെ വേറൊരു വിജയംകൂടി! ഞാനോ, ബസ്സിലുള്ള മററു യാത്രക്കാരോ അയാളുടെ ദേഹത്തൊന്നു സ്പർശിക്കുകപോലും ചെയ്തില്ല.

അയാൾ അയാളുടെ വിനയസംരക്ഷകന്റെ നേർക്കു തിരിഞ്ഞുകൊണ്ടുപറഞ്ഞു "എന്തിനു പറയുന്നു; കഴിഞ്ഞയാഴ്ച, വാങ്ങണമെന്നുപറഞ്ഞു് എന്റെ അടുക്കൽ കൊണ്ടുവന്ന കാറു് വാങ്ങാഞ്ഞതു മോശമായിപ്പോയി. ഇന്നുതന്നെ ഞാനതു വാങ്ങി അതിൽ യാത്രചെയ്യുന്നതു് ഈയാളെ കാണിച്ചുകൊടുത്തേക്കാം—" ഇത്രയും പറഞ്ഞു കണ്ടിറങ്ങിപ്പോയ അയാളെ സൂക്ഷിച്ചുകൊണ്ടിരുന്ന എന്റെ നാക്കിൻതുമ്പത്തു് വന്നെത്തിയ വാക്കു് 'അൽപൻ' എന്നായിരുന്നു.

എന്റെ ചിന്തകൾ നാലുവഴിക്കും പാഞ്ഞു. എനിക്കറിയാവുന്ന അൽപന്മാരെയെല്ലാം ഞാനോർത്തുനോക്കി. വലിയ ആളുകളുമായുള്ള ബന്ധുത്വവുമുയർത്തിപ്പിടിച്ചു് അവരുടെ അകന്ന ബന്ധുക്കൾ ഞെളിയുന്നതു കാണാനൊരു രസംതന്നെയാണു്. നിലയും വിലയും ഉള്ളവരുടെ അടുത്ത ബന്ധുക്കൾക്കു്, അവരടുത്ത ബന്ധുക്കളായതുകൊണ്ടു്, അവരുടെ ബന്ധത്തെപ്പററി മററുള്ളവരെ അറിയിക്കേണ്ട ആവശ്യമില്ല. അകന്ന ബന്ധുക്കൾ അകന്നബന്ധുക്കളാണെന്നു മററുള്ളവരറിഞ്ഞെങ്കിലോ എന്നുള്ള ഭയംകൊണ്ടു് അവരുടെ ബന്ധുത്വത്തെ നിങ്ങളുടെ കൺമുമ്പിലേയ്ക്കുന്തിത്തള്ളിവിടുന്നു. അവരവരുടെ വിലയില്ലായ്മ അവരവർക്കുതന്നെ മനസ്സിലാകുമ്പോൾ, മററുള്ളവരെയെങ്കിലും തങ്ങൾ വിലയുള്ളവരാണെന്നു ധരിപ്പിക്കാൻ വിലയുള്ളവരുടെ സാമീപ്യം സഹായകമായേക്കുമെന്നുള്ള ധാരണയിൽനിന്നാണു് ഇത്തരം അൽപത്തം ജനിക്കുന്നതു്.

കാളേജിലെ ചരിത്രപ്രസംഗകൻ ശിപായിലഹളയെപ്പററി പഠിപ്പിക്കുകയാണു്: "ശിപായിലഹളയുടെ കാരണങ്ങളെന്നു നാം ധരിച്ചുവച്ചിട്ടുള്ളവയിലൊട്ടുമുക്കാലും ശരിയല്ല. ഇന്നലെ ഇതിനെക്കുറിച്ചു എനിക്കെന്റെ ശ്വശുരനുമായി സംസാരിക്കേണ്ടിവന്നു. നിങ്ങൾക്കറിയാമല്ലോ എന്റെ ശ്വശുരനാരാണെന്നു—വിദ്യാഭ്യാസഡയറക്ടർ—" ഈ വാചകം പറയുന്നതിൽ അയാൾക്കുണ്ടാകുന്ന സന്തോഷം, ആ വാചകത്തെത്തുടർന്നുണ്ടാകുന്ന കൂക്കിവിളികൾക്കിടയിലുണ്ടാകാവുന്ന ചിത്തശല്യത്തെ കവിഞ്ഞുനില്ക്കുന്നതുകൊണ്ടായിരിക്കണം അയാൾ ഇന്നും ഈ ശ്വശുരപ്രയോഗം ഉപേക്ഷിക്കാത്തതു്.

തന്റെ സ്നേഹിതന്മാർക്കും ബിരുദവും, സാമർത്ഥ്യവും, സൌന്ദര്യവും ഉള്ള തന്റെ മകളെപ്പോലൊരു മകളില്ലെന്ന ബോധംകൊണ്ടു ഒരോ വാചകവും 'മൈ ഡാട്ടറെന്നി'ല്ലാതെ അവസാനിപ്പിക്കാൻ കഴിയാത്ത ഒരു പിതാവിനെ എനിക്കറിയാം. ചുററുമുള്ള യുവാക്കന്മാർക്കെല്ലാം ഡിഗ്രിക്കാരികളായ ഭാര്യമാരില്ലാത്തതുകൊണ്ടാണു് ബി. എ.-ക്കാരിയുടെ ഭർത്താവു് അവളെ എഴുന്നള്ളിച്ചുകൊണ്ടുനടക്കുന്നതെന്നു എനിക്കറിയാം. 'മിസ്സിസ്—റിട്ടയാർഡ് ചീഫ് സെക്രട്ടറി' എന്ന മേൽവിലാസമുള്ള എഴുത്തുകൾ മാത്രമെ പണ്ടത്തെ ഒരു ചീഫ്സെക്രട്ടറിയുടെ ഭാര്യ കൈപ്പററാറുള്ളു എന്നുപറയുന്നതു് ഞാൻ വിശ്വസിക്കാം. പക്ഷെ, എഴുത്തെടുത്തശേഷം മേശപ്പുറത്തേയ്ക്കു അവർ വലിച്ചെറിയുന്ന കവറിന്റെ മേൽവിലാസമുള്ള വശമാണു് എപ്പോഴും മുകളിൽ വരാറുള്ളതു് എന്നു നിങ്ങൾ ഊന്നിപ്പറയുമ്പോൾ നിങ്ങൾ കള്ളമാണു് പറയുന്നതെന്നും, നിങ്ങൾക്കെന്തോ ദുരുദ്ദേശമുണ്ടെന്നുമൊക്കെ ഞാൻ വിചാരിച്ചുപോകുന്നു. അതുനിങ്ങൾക്കെങ്ങിനെ പറയാൻ തോന്നുന്നു? അവർ, അശ്രദ്ധയോടെ, അലക്ഷ്യമായല്ലേ ആ കവർ വലിച്ചെറിയുന്നതു്.

പാവപ്പെട്ട ഒരു പിതാവിനും അദ്ദേഹത്തിന്റെ പുത്രിക്കും അല്പനായ ഒരു പിതാവിന്റെയും അയാളുടെ കൊള്ളരുതാത്ത മകളുടെയുംകൂടെ തീവണ്ടിയിലെ ഒരു രണ്ടാംക്ലാസ്സുമുറിയിൽ ഒന്നുരണ്ടുമണിക്കൂർ കഴിച്ചുകൂട്ടേണ്ടിവന്നു. വടക്കേഇന്ത്യയിലെ ഒരു കാളേജിൽ പഠിക്കുന്ന ആ 'അല്പപുത്രി'യുടെ ഭാവവും, മിനിട്ടിനു് അഞ്ചു തവണവീതമുള്ള അവളുടെ 'ഡാഡി' വിളിയും, മലയാളം അത്ര വശമില്ലെന്നുള്ളമട്ടും അവളെ ഒരു പരിഹാസപാത്രമാക്കിക്കൊണ്ടിരുന്നു എന്നല്ല അവൾ ധരിച്ചതു്. അല്പനായ പിതാവിനു തന്റെ സഹയാത്രക്കാരന്റെ പുത്രിയും ഒരു കാളേജുവിദ്യാർത്ഥിനിയാണെന്നു മനസ്സിലായപ്പോൾമുതൽ, തന്റെ മകളുടെ കഴിവുകളെപ്പററി പ്രസംഗിക്കാതിരിക്കാൻ വയ്യാതായിത്തുടങ്ങി. അയാൾക്കു ഒന്നരമണിക്കൂറുകൊണ്ടുപോലും പറഞ്ഞവസാനിപ്പിക്കാൻ കഴിയാത്ത സംഗതികൾ ഞാൻ ഒന്നരമിനിട്ടുകൊണ്ടു പറഞ്ഞുതീർക്കാമെന്നുകരുതുന്നതു് മൌഢ്യമാണു്. അയാളുടെ മകൾ സസ്യഭുക്കല്ല; അവളുടെ ബട്ട്ളറെക്കൂടെ കൊണ്ടുവരാഞ്ഞതുകൊണ്ടു നാടൻഭക്ഷണമൊന്നും പിടിക്കാതെ അവൾ കുഴങ്ങിപ്പോയേക്കും; അവൾ പഠിക്കാൻമിടുമിടുക്കിയാണു്; അവൾ അവളുടെ പ്രൊഫസറന്മാരേക്കാൾ വായിച്ചിട്ടുള്ളവളാണു്; പല കളികളിലും അവൾ വിജയിച്ചിട്ടുണ്ടു്; വിവാഹം ഇഷ്ടമല്ല എന്നും വിവാഹം വേണമെന്നു തോന്നിത്തുടങ്ങുമ്പോൾ അറിയിക്കാമെന്നും പറയുന്നവളാണു്—എന്നെല്ലാം പറഞ്ഞുകൊണ്ടു ആ അല്പൻ, അടങ്ങിയൊതുങ്ങി ശാന്തമായി പുഞ്ചിരിയിട്ടുകൊണ്ടിരിക്കുന്ന മററേ കാളേജുവിദ്യാർത്ഥിനിയെ "നിന്നെത്തന്നെ നീയൊന്നുനോക്കെടി; എ[..]ിട്ടെന്റെ മകളെയുമൊന്നുനോ[..]" എന്നുപറയുംമട്ടിൽ പുച്ഛത്തോടെ നോക്കി. ഇടതടവില്ലാതെ സംസാരിച്ചു ശല്യപ്പെടുത്തിക്കൊണ്ടിരുന്ന അയാളുടെ അടുക്കൽനിന്നും കടന്നുകളയാൻ ഒരു മാർഗ്ഗവുമില്ലല്ലോ എന്നു ഖേദിച്ചുകൊണ്ടിരുന്ന മററുചില യാത്രക്കാരും ആ മുറിയിലുണ്ടായിരുന്നു. ദൈവമേ! അങ്ങു് ഇനിമേൽ സൃഷ്ടിക്കുന്നവർക്കെങ്കിലും അവരുടെ കണ്ണടയ്ക്കാൻ കഴിയുന്നതുപോലെതന്നെ ചെവിയും വേണ്ടപ്പോൾ അടയ്ക്കാൻ സാധിക്കുമാറാക്കിത്തീർക്കണമേ.

അയാൾ കോട്ടുവായിടാനായി വായ്തുറന്നപ്പോൾ ഉണ്ടായ നിശ്ശബ്ദവേളയിൽ അയാളുടെ മകൾ പറഞ്ഞു, "ഡാഡി, ഞാനൊന്നു 'ലവേറററി'യിലേക്കു പോട്ടേ."

"ചാലു! (ലളിത ചുരുക്കിയതാണു്) ലവേറററിയിലേയ്ക്കാണെങ്കിൽ ആ ചെരിപ്പൂരിയിട്ടേക്കു. പെട്ടി തുറന്നു് ഞാൻ ആ 'ബാത്ത്'റൂം സ്ലിപ്പേഴ്സ്' എടുത്തുതരാം."

അല്പൻ പെട്ടിതുറന്നു. 'ലവേറററി'യിൽ പേനയുടെ ആവശ്യം അത്രവലുതായില്ലല്ലോ എന്നു് പെട്ടെന്നോർമ്മിച്ചതിനാൽ, അവൾ 'ബോഡീസി'ൽ കുത്തിയിരുന്ന പേനയെടുത്തു് അല്പന്റെ കയ്യിൽ കൊടുത്തു.

"ഉം? പേനയോ? ഇതു 'പാക്കറാ'ണല്ലോ. മററ 'ഷീഫേഴ്സ്' എവിടെ?"

"അതു പെട്ടിക്കകത്തുണ്ടു്, ഡാഡി"

"എവർഷാർപ്പോ?"

"അതു ഞാനവിടെത്തന്നെ വെച്ചിട്ടാപോന്നതു്, ഡാഡി"

വണ്ടി അടുത്ത സ്റ്റേഷനിലെത്തിയപ്പോൾ സോഡാവില്ക്കുന്നവൻ ആ മുറിയിൽ കടന്നുവന്നു. അല്പനല്ലാത്ത പിതാവു് ഒരുകുപ്പി ലമണേഡു് വാങ്ങി മകൾക്കു കൊടുത്തു. എന്നിട്ടു് അല്പനോടു ചോദിച്ചു: "എന്താ ലമണേഡു് കുടിക്കുന്നില്ലേ?"

"എനിക്കു വേണ്ട. പിന്നെ, ലാലുവാണെങ്കിൽ പുറത്തുനിന്നും ഒന്നും കഴിക്കുകയുമില്ല......സോഡാക്കുപ്പികളൊക്കെ എത്രപേർ ചുണ്ടത്തുവച്ചതായിരിക്കും? കുഷ്ഠരോഗികൾ, ക്ഷയരോഗികൾ ഇവരെല്ലാം തീവണ്ടിയിൽ സഞ്ചരിക്കാറില്ലേ?......എന്റെ ലാലു 'കോയിൻസ്' തൊടുകയില്ല. അതറിഞ്ഞുകൂടെ?"

പാവം, അദ്ദേഹം എങ്ങിനെ അറിയും?

അല്പൻ തുടർന്നു: "അവൾക്കു പണം ചിലവാക്കേണ്ടിവരുമ്പോൾ കൂടെപ്പോകുന്നവരാണു് അവൾക്കുവേണ്ടി അവളുടെ പണം എടുത്തുകൊടുക്കാറുള്ളതു്. ലാലു പറയുന്നതു് നാണയങ്ങളിൽ രോഗാണുക്കളുണ്ടെന്നാണു്."

ഈശ്വരാ! അവളുടെ ഭർത്താവു് ആകുന്നവൻ ഭാഗ്യവാൻ! അയാൾക്കു കിട്ടുന്നശമ്പളം നാണയങ്ങളാക്കി മാററിക്കൊണ്ടുചെന്നാലവളതിൽ കൈവയ്ക്കുകയില്ലല്ലോ!

ഈ അല്പനെ നല്ലവണ്ണം കണ്ടുകഴിഞ്ഞല്ലോ. ഇനി മററുള്ള അല്പന്മാരെക്കൂടി നമുക്കൊന്നു നോക്കാം. തന്റെ ഒപ്പം ജോലിചെയ്യുകയും തൻറത്ര ശമ്പളം വാങ്ങുകയും ചെയ്യുന്ന മറെറാൻപതു വീരന്മാരുണ്ടായിട്ടും തനിക്കുമാത്രമേ മദ്രാസ്ഗവർണ്ണർ, അദ്ദേഹത്തിന്റെ ആഗമനാവസരത്തിൽ, ഹസ്തദാനംചെയ്തുള്ളു എന്നതുകൊണ്ടു് തന്റെ വീട്ടിന്റെ മുൻവശത്തു 'മദിരാശിഗവർണ്ണർ എനിക്കു് കൈതരുന്നതു്' എന്നെഴുതിവച്ചിട്ടുള്ള ഫോട്ടോ തൂക്കിയിട്ടിരിക്കുന്നവൻ, തന്റെ നാട്ടിൽ ബി. എ.-ക്കാരാരുമില്ലെന്നറിഞ്ഞാഹ്ളാദിക്കുന്നതുകൊണ്ടു് തന്റെ പേരിനോടൊപ്പം 'ബി. എ.' എന്നുകൂടി എഴുതിയൊപ്പിട്ടുവരുന്ന ബിരുദധാരി; ഇവിടുന്നൊക്കെത്തന്നെ പഠിച്ചു ബിരുദം സമ്പാദിച്ചവർ പ്രൊഫസറന്മാരായിരിക്കുന്ന കാളേജിൽ, ഇംഗ്ലണ്ടിൽനിന്നും കൊണ്ടുവന്ന ബിരുദമുള്ള തനിക്കും പ്രൊഫസറായിരിക്കേണ്ടിവന്നല്ലോ എന്നോർക്കുമ്പോൾ, സംഭാഷണത്തിന്റെപോക്കു് അതിനൊന്നും ആവശ്യപ്പെടുന്നില്ലെങ്കിലും, തന്റെ ലണ്ടൻ ജീവിതത്തെപ്പററി പ്രസംഗിച്ചുപോകുന്ന പ്രൊഫസർ; 'ധനതിമിരം' എന്ന രോഗം ബാധിച്ചിട്ടുള്ളവർ (അതായതു്, ഇന്നലെവരെ തെണ്ടിനടന്നിട്ടു് ഇന്നു പണം കണ്ടുപോയതുകൊണ്ടു് മററുള്ളതൊന്നും കാണാൻപാടില്ലാതായിത്തീർന്നവർ); സ്വന്തം സമ്പാദ്യം, കഴിവു് ഇവയെപ്പററി 'അറിയാതെ' പറഞ്ഞുപോകുന്നവർ; ഇംഗ്ലീഷ്പദങ്ങൾ ശരിയായുച്ചരിക്കാനറിഞ്ഞുകൂടാത്ത ഇൻഡ്യാക്കാർ ഇംഗ്ലീഷാണു തങ്ങൾ സംസാരിക്കുന്നതെന്നഭിമാനിക്കുന്നതിന്റെ തെററു് മനസ്സിലാക്കിക്കൊടുക്കാൻ 'കൊറിസ്പോണ്ടൻസ്' (Correspondence) 'വീക്കിൾ' (Vehicle), 'ഇസ്യു' (issue) എന്നൊക്കെ ശരിയായുച്ചരിക്കുന്ന, ഓക്സ്ഫോർഡു് ബിരുദമുള്ള, ഇംഗ്ലീഷുകാരനാണെന്നു് തെററിദ്ധരിച്ചുനടക്കുന്ന ഇൻഡ്യാക്കാരൻ, കാതിൽ കുണുക്കും കൈയ്യിൽ വളയും മോതിരവും കയറുമ്പോൾ വാകൊണ്ടു് സംസാരിക്കുന്നതിനേക്കാൾ നല്ലതു് തലകൊണ്ടും കൈകൊണ്ടും ആംഗ്യംകാട്ടി സംസാരിക്കുകയാണെന്നു് മനസ്സിലായിത്തുടങ്ങിയ പെൺകുട്ടികൾ; അടുക്കളജോലികഴിഞ്ഞു കൈയിലെ കരിപോകാൻ കാൽ കല്ലിലുരച്ചു തേച്ചു കഴുകുകയും, അടുക്കളജോലിക്കു് നാലഞ്ചുപേരെക്കൊണ്ടു് കുഴങ്ങി എന്നുപറഞ്ഞു നടക്കുകയും ചെയ്യുന്ന സ്ത്രീകൾ—അല്പത്തത്തിനു ഇനിയും ഉദാഹരണങ്ങൾ ആവശ്യമില്ലല്ലോ.

കഷ്ടിച്ചു തട്ടിമുട്ടിക്കഴിക്കാൻമാത്രം വകയുള്ള സ്ത്രീകൾ തങ്ങളുടെ കഴിവിൽകവിഞ്ഞ ആഡംബരങ്ങളോടെ ജീവിക്കുന്നതു് സാധാരണമാണു്. അവർക്കു് കൂടാതെ കഴിക്കാവുന്നവയും എന്നാലവരുടെ പരിചയത്തിലുള്ളവർക്കുള്ളവയും ആയ സാധനങ്ങൾ ലഭിക്കുന്നതിനു അവർക്കു് വളരെ ആഗ്രഹമുണ്ടു്. അവയില്ലാത്ത കുറവു് നികത്തി അവരും തങ്ങളും ഒപ്പമാണെന്നു് ലോകരെ ബോദ്ധ്യപ്പെടുത്താനുള്ള മൂഢശ്രമത്തിൽനിന്നുമാണു് സ്ത്രീകളുടെ അല്പത്വമുണ്ടാകുന്നതു്. വെള്ളിപ്പാത്രം തേച്ചുമിനുക്കാൻ കൊള്ളാവുന്ന ഒരു 'പോളിഷു'മായി ഒരു വില്പനക്കാരൻ ഒരു വീട്ടിൽ കയറിച്ചെന്നു. "അമ്മാ, ഒന്നാന്തരം പോളിഷ്. ഇതിട്ടുമിനുക്കിയാൽ വെള്ളിപ്പാത്രങ്ങൾ സൂര്യനെപ്പോലെ തിളങ്ങും. കടയിൽകിട്ടുന്ന പോളിഷുകളിൽ മികച്ചതു്. എന്താമ്മാ, ഒരു പെട്ടി ഇരിക്കട്ടെ?"

"വേണ്ട, ആവശ്യമില്ല",



അങ്ങതിലെ അമ്മ പറഞ്ഞതു് കേട്ടാൽ മതിയായിരുന്നു എന്നു പിറുപിറുത്തുകൊണ്ടു് പോളീഷ് വില്പനക്കാരൻ തിരിഞ്ഞുനടക്കാൻ ആരംഭിച്ചു.

"എന്തോന്നാണങ്ങതിലെ അമ്മ പറഞ്ഞതു്?", ഗൃഹനായിക ചോദിച്ചു.

"ഒന്നുമില്ല. ഇവിടെ മിനുക്കാൻ വെള്ളിപ്പാത്രമൊന്നും കാണുകയില്ലെന്നു്."

"ഉം? ഇവിടെ വെള്ളിപ്പാത്രമില്ലെന്നോ? അവൾ അങ്ങിനെ പറഞ്ഞോ? ഒരു ഡബ്ബ തരട്ടെ പൊളീഷിനെടുക്കു"

വീടുതോറും കയറിയിറങ്ങുന്ന ഇത്തരം വില്പനക്കാർക്ക് സ്ത്രീകളുടെ സ്വഭാവം നല്ലവണ്ണമറിയാം. ഒരൊററ വില്പനക്കാരനെങ്കിലും ഞായറാഴ്ച നിങ്ങളുടെ വീട്ടിൽ കയറാറുണ്ടോ? ഇല്ല. എന്തുകൊണ്ടു? അവനറിയാം ഞായറാഴ്ച അവധിദിവസമാണെന്നും വീട്ടുകാരൻ അന്നു വീട്ടിലുണ്ടാകുമെന്നും

ഏതെങ്കിലും നല്ലൊരു ഹോട്ടലിലെ 'വെയിററ'റോടു ചോദിച്ചാൽ അയാൾ പറഞ്ഞുതരും പുരുഷന്മാരുടെ അല്പത്തത്തെപ്പററി. ഭക്ഷണം കഴിച്ചതിനുശേഷം കഴിച്ച ആൾ 'വെയിററ'ക്കു വല്ലതും കൊടുക്കുക പതിവാണു്. അവനു കിട്ടുന്നതനുസരിച്ചു കൊടുത്തയാളിന്റെ സ്വഭാവം അവൻ നിർണ്ണയിക്കുന്നു. വളരെ വലിയ പണക്കാരൻ അല്പം വല്ലതുംകൊടുക്കുന്നു. പണക്കാരനല്ലാത്തവൻ കൊടുക്കുന്നില്ല, അല്പം പണമുള്ളവൻ, അല്പമല്ല പണമുള്ളതെന്നുവരുത്താൻ കയ്യയച്ചുതന്നെ 'കൈകമടക്കു' കൊടുക്കുന്നു. ഈ അല്പൻ പോയിക്കഴിയുമ്പോൾ കാശുകിട്ടിയ 'വെയിററർ', മററു സഹവെയിററർമാരോടൊത്തു 'പാവം' എന്നയാളെ അറിച്ചു പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്.

അല്പത്തമെവിടെ കണ്ടാലുമുടൻ മനസ്സിലാകും. അല്പസൗന്ദര്യമുള്ള പെണ്ണുങ്ങളുടെ നില്പും, നോട്ടവും, പോക്കും മററും കണ്ടിട്ടുണ്ടോ? കോഴി മയിലിനെ അനുകരിച്ചു, തലചരിച്ചു, കഴുത്തു് ഉയർത്തിപ്പിടിച്ചു റാണിയെപ്പോലെ പോകുന്നതു കണ്ടിട്ടില്ലേ? അല്പം ധനമുള്ളവരെ സൂക്ഷിച്ചിട്ടുണ്ടോ? കഴിഞ്ഞ യുദ്ധകാലത്തു പണമുണ്ടാക്കിയവരെ ഒന്നുനോക്കു. ജനനംമുതൽക്കേ പണക്കാരാണെന്ന അവരുടെ മട്ടും, വേണ്ടിടത്തും വേണ്ടാത്തിടത്തും പണംവാരി ചെലവുചെയ്യലും, കാറുകൂടാതെ സഞ്ചരിക്കാൻ വയ്യായ്കയും, കാറിൽകയറുമ്പോൾ കഴുത്തു തിരിക്കാൻ സാധിക്കായ്കയും, മൂക്കിനൊത്ത വികാസവും, നോട്ടത്തിനൊത്ത ഗാംഭീര്യവും മററും മററും നിങ്ങൾ കണ്ടിരിക്കുമല്ലോ. ഇവരാണു് അരാത്രിയിൽ കുടപിടിക്കുന്നവർ. അല്പജ്ഞാനികളുടെ കഥയോ? കാര്യവല്ലതും അറിയാവുന്നവനു്, അല്ലെങ്കിൽ ഒന്നും അറിഞ്ഞുകൂടാത്തവനു്, എല്ലാമറിയാവുന്നവനേക്കാൾ കേമനാണെന്നുള്ളൊരു ഭാവം കണ്ടുവരാറുണ്ടു. എന്റെ പുസ്തകം, എന്റെ നോവൽ, എന്റെ കവിത" എന്നു പറഞ്ഞുകൊണ്ടു നടക്കുന്നവന്റെ പുസ്തകത്തിലും, നോവലിലും, കവിതയിലും അവന്റേതായി അല്പമേ കാണൂ എന്നൊരു ഫ്രഞ്ചുകാരൻ പറഞ്ഞിട്ടുണ്ടു്. നമ്മുടെ നാട്ടിൽ ഇത്തരം എഴുത്തുകാരന്മാരല്ലാതെ ഉണ്ടോ എന്നചോദ്യം അനാവശ്യമല്ല. ആഗന്ത്ര മാർവോയുടെ ജീവചരിത്രത്തിന്റെ വശങ്ങൾ' എന്നതിലെ പലഭാഗങ്ങളുമെടുത്തുചേർത്തു 'നമ്മുടെ ജീവചരിത്രസാഹിത്യം' എന്നൊരുപന്യാസമെഴുതുകയും, എച്ച്. ഈ. ബോററിസിന്റെ 'ചെറുകഥ' എന്ന പുസ്തകത്തിലുള്ള പലവരികളുമെടുത്തു അവയിൽ പ്രസ്താവിച്ചിട്ടുള്ള പാശ്ചാത്യസാഹിത്യകാരന്മാരുടെ സ്ഥാനത്തു മലയാളത്തിലെ കഥാകാരന്മാരുടെ പേരുചേർത്തൊരുപന്യാസം രചിക്കുകയുംചെയ്തിട്ടുള്ള ഒരുവനു നമ്മുടെ സാഹിത്യലോകത്തിൽ, ഒരു നല്ല നിരൂപകനെന്ന പേരും സമ്പാദിച്ചു കഴിഞ്ഞുകൂടാം. എല്ലാമറിയാവുന്നവർ സോക്രട്ടീസിനെപ്പോലെ ഒന്നുമറിഞ്ഞുകൂടെന്നു പറഞ്ഞുകഴിഞ്ഞുവരുമ്പോഴ്, അല്പം വല്ലതുമറിയാവുന്നവർ എല്ലാമറിയാവുന്നവരേക്കാളുയർന്നിരിക്കുമെന്നു ഭാവിച്ചു നടക്കുമ്പോഴും, ഞാനോർത്തുപോകുന്നതു് ഈ സംഗതികളൊന്നും ഞാൻ ഹൈസ്കൂളിൽ പഠിക്കുന്നകാലത്തു അറിഞ്ഞിരുന്നില്ലല്ലോ എന്നുമാത്രമാണു്. എന്തെന്നാൽ അന്നു ഉപന്യാസമെഴുതാൻ തന്നിരുന്ന വിഷയങ്ങൾ 'ഓട്ടിലുണ്ടായിട്ടും നാദം സ്വർണ്ണത്തിങ്കൽ വരാദൃഢം' എന്നും 'നിറയാത്തുള്ള കുടത്തിൽ സന്തതമിളകാതിരിക്കുമോ സലിലം?' എന്നുമായിരുന്നു

ഒരുവനു അല്പംമാത്രം ഉള്ളു എന്നു ലോകരറിയരുതെന്നുള്ള അവന്റെ കരുതലെടുക്കലിൽനിന്നാണു് അവന്റെ അല്പത്തം ഉടലെടുക്കുന്നതു്. തങ്ങൾ കൂടുതൽ വിദ്യാസമ്പന്നരും, ധനികരും കേമന്മാരുമാണെന്നു സ്വയം സമാധാനിക്കുകയാണു അല്പന്മാർ ചെയ്യുന്നതു്. തങ്ങൾക്കു തങ്ങളുടെ കണ്ണിൽത്തന്നെ തോന്നുന്ന 'അല്പത്തം' പോക്കാനായി ഉള്ളതെടുത്തു പൊക്കിപ്പിടിക്കുകയും ഇല്ലാത്തതു ഉണ്ടെന്നു ഭാവിക്കയും മററുംചെയ്യുമ്പോൾ തങ്ങൾ അപഹാസ്യപാത്രമായിത്തീരുമെന്നറിയാൻ കഴിവില്ലാത്തവരാണല്പന്മാർ. അറിയാൻ കഴിവുണ്ടെങ്കിൽ അവരല്പന്മാരല്ലാതായിത്തീരുകയും ചെയ്യും. പക്ഷേ നിങ്ങളേയും എന്നെയും ചിരിപ്പിക്കാനും രസിപ്പിക്കാനും കഴിവുള്ള അല്പന്മാർക്കു നാം നന്ദിപറയേണ്ടതാണു്.

—ം—

# നമ്മുടെ നാണയങ്ങൾ

വി. ആർ. പരമേശ്വരൻപിള്ള

"പൂർവ്വരൂപത്തെ അതേനിലയിൽ സംരക്ഷിക്കുന്ന ഏക ഹിന്ദുടങ്കശാല" എന്നിങ്ങനെ സുപ്രസിദ്ധ നാണയവിജ്ഞാനീയ വിദഗ്ദ്ധൻ സർ, വാൾട്ടർ ഏലിയട്ട് പ്രശംസിച്ചിട്ടുള്ളതാണു തിരുവിതാംകൂറിലെ കമ്മട്ടം. രാജാകേശവദാസനാൽ കൊല്ലം 965-ൽ ഇതു പത്മനാഭപുരത്തു സ്ഥാപിതമായി. വെള്ളിച്ചക്രങ്ങൾ ചെമ്പുകാശുകൾ, അനന്തരായൻപണം തുടങ്ങിയ സ്വർണ്ണനാണയങ്ങൾ എന്നിവ ഇവിടെ നിർമ്മിക്കപ്പെട്ടു. ഇവയിൽ സ്വർണ്ണനാണയങ്ങൾ, ഒന്നരമഞ്ചാടി ഘനമുള്ളതും (അഞ്ചുതനിമാററുള്ളതും) മുക്കാൽമഞ്ചാടി ഘനമുള്ളതും ആയി രണ്ടു വിധം ഉണ്ടാക്കപ്പെട്ടുവെന്നു കാണുന്നു. ഒൻപതുമുതൽ പതിമൂന്നരവരെ മഞ്ചാടി ഘനത്തിൽ (ഏഴുതനിമാററ്)പിന്നീടു അനന്തരായൻപണം അടിക്കുകയുണ്ടായി. കൊല്ലം 988-വരെ ചക്രമടിക്കുവാനുള്ള വെള്ളി ബോംബെയിൽനിന്നു രൂപയായി വാങ്ങിവന്നു. ഇതുപയോഗിച്ചുണ്ടാക്കിയ വെള്ളിച്ചക്രത്തിനു ഒൻപതേകാൽ മാററുണ്ടായിരുന്നു. പിന്നീടു ഒൻപതുമാററുള്ള ഇസ്പാനിഷ് ഡാളർ, എട്ടരമാററുള്ള ജർമ്മൻഡാളർ, ഒൻപതേകാൽമാററുള്ള സൂററ്റ്‌രൂപം മുതലായ വെള്ളിനാണയങ്ങൾവരുത്തി ക്രമപ്രകാരം തനിവെള്ളിയും ഉരുക്കിച്ചേർത്തു ഒമ്പതേമുക്കാലോ ഒമ്പതരയോ മാററുള്ള വെള്ളിച്ചക്രങ്ങൾ ഉണ്ടാക്കി. ഈ രീതി 998 വരെ തുടർന്നിരുന്നു. അതിനുശേഷം സ്പാനിഷ്ഡാളേഴ്സ് ഉപയോഗിച്ചു വെള്ളിച്ചക്രം നിർമ്മിച്ചു 985-ൽ രണ്ടുചക്രത്തുട്ടുകളും അരച്ചക്രത്തുട്ടുകളും ദിവാൻ ഉമ്മിണിത്തമ്പി നടപ്പിൽവരുത്തി. അതു അല്പകാലമേ നിലനിന്നുള്ളു. 991, 1006, 1014 എന്നീ വർഷങ്ങളിൽ വിഭിന്നരീതിയിലുള്ള ചെമ്പുകാശുകൾ ഉണ്ടാക്കപ്പെട്ടു. ഇവയ്ക്കുപുറമേ കാൽ, അരയ്ക്കാൽ ചക്രങ്ങളുമുണ്ടായിരുന്നു. സ്വർണ്ണ അനന്തരായൻപണം, സ്വർണ്ണ കലിപ്പണം (ഇവ കാലാന്തരത്തിൽ റവന്യൂകണക്കിൽമാത്രം ശേഷിച്ചിരുന്നു.) വെള്ളിച്ചക്രം, പലതരം ചെമ്പുനാണയങ്ങൾ എന്നിവയാണു ലഫ്റ്റനൻറ്‌വാർഡ് ലഫ്റ്റനൻറ് കാണർ (1816-20) എന്നിവരുടെ സർവ്വേക്കാലത്തു പ്രചരിച്ചിരുന്നതു്. പത്തുചക്രം വിലയുള്ള രാശിപ്പണവും, കാൽവരാഹൻ വിലയുള്ള കട്ടരൂപയും (കണക്കിൽ) നാമമാത്രമായി ശേഷിച്ചിരുന്നു. എന്നാൽ പണ്ടുപണ്ടേ പ്രചരിച്ചിരുന്ന നാണയങ്ങൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| 16 ചെമ്പുകാശു് | = | 1 ചക്രം |
| 4 ചക്രം | = | 1 കലിയൻ |
| 2 കലിയൻ | = | 1 അനന്തരായൻ |
| $3\frac{1}{2}$ അനന്തരായൻ | = | 1 മദ്രാസ്‌രൂപ |
| 16 കാശു് | = | 1 ചക്രം |
| 4 ചക്രം | = | 1 പണം |
| 2 പണം | = | 1 അനന്തരായൻപണം |
| $3\frac{1}{2}$ അ. പണം | = | 1 സർക്കാർരൂപ |
| $7\frac{1}{2}$ സ. രൂപ | = | 1 സ്വർണ്ണവരാഹൻ |

ആദ്യം പത്മനാഭപുരത്തു സ്ഥാപിതമായ കമ്മട്ടം പിൽക്കാലത്തു് യഥാക്രമം തിരുവനന്തപുരം, മാവേലിക്കര, കൊല്ലം, പരവൂർ എന്നീ സ്ഥലങ്ങളിലേക്കു മാററപ്പെടുകയും ഒടുവിൽ 1824-ൽ തിരുവനന്തപുരത്തു ഉറയ്ക്കുകയും ചെയ്തു. കൊല്ലം 1019-നു ശേഷം കമ്മട്ടത്തിന്റെ പ്രവർത്തനപരിധി ചുരുങ്ങി. മിക്കവാറും ചെമ്പുനാണയങ്ങൾ മാത്രമേ ഇവിടെ അടിച്ചിരുന്നുള്ളു. ബ്രിട്ടീഷ്‌രൂപാ ധാരാളം പ്രചരിച്ചതോടുകൂടി ചെറുതരം നാണയങ്ങൾ മാത്രമേ ഇവിടെ അടിക്കേണ്ടതായി വന്നുള്ളു.

1860-ൽ നാലുചക്രം വിലയുള്ള പുത്തൻപണം (കലിയൻ) അടിയ്ക്കണമെന്നുള്ള ദിവാന്റെ നിർദ്ദേശം റസിഡൻറ അംഗീകരിച്ചു. 1870-ൽ ഇന്ത്യൻനാണയങ്ങൾ എല്ലാം ഇവിടേയും സ്വീകാര്യമാണെന്നു വിളംബരംപുറപ്പെട്ടു. അതേവർഷം ഇന്ത്യയൊട്ടുക്കു ഒരേതരം നാണയങ്ങൾ പ്രചരിച്ചാൽമതി എന്നൊരഭിപ്രായമുണ്ടായി. പക്ഷേ അവധാനപൂർവ്വമായ പരിഗണനയ്ക്കുശേഷം ആ ആലോചനനിന്നു. 1872-ൽ സംസ്ഥാനനാണയങ്ങൾ ബ്രിട്ടീഷ് ഇന്ത്യയിലും എടുക്കാമെന്നൊരു തീരുമാനംവന്നു. എന്നാൽ തിരുവിതാംകൂർഗവണ്മെൻറ ആ തീരുമാനത്തെ ആദരിച്ചില്ല. 1877-ൽ വരാഹൻ, അരവരാഹൻ എന്നീ സ്വർണ്ണനാണയങ്ങൾ ഉണ്ടാക്കപ്പെട്ടു. ഒരുവശത്തു ആർ വി-യും മലയാളം ഇംഗ്ലീഷ് വർഷങ്ങളും മറേറവശത്തു ശംഖും കൊടിയും മുദ്രിതമായിരുന്നു. അവ ഏഴരയും മൂന്നേമുക്കാലും രൂപ വിലയുള്ളവയായിരുന്നു. അവ അധികനാൾ പ്രചരിച്ചില്ല. ക്ഷേത്രങ്ങളിൽ ദക്ഷിണയിടാനും മററും പണ്ടത്തെ സ്വർണ്ണനാണയം—വെനിഷ്യൻ സെക്വിൻസ്—അലഭ്യമായിത്തീർന്നതിനാൽ ഒരു ടോക്കൻ സ്വർണ്ണനാണയമടിക്കണമെന്നു ദിവാൻ രാമയ്യങ്കാർ തീരുമാനിച്ചു 1882 അക്ടോബറിൽ അപ്രകാരം സ്വർണ്ണനാണയം തയാറായി. അതു ഇംഗ്ലീഷ് പവൻ, അരപ്പവൻ എന്നിവയുടെ മാതൃകയിലായിരുന്നു. ഒരുവശത്തു വിശാഖംതിരുനാൾ മഹാരാജാവിന്റെ മുഖവും മറേറവശത്തു വർഷവും മൂല്യവും മുദ്രിതമായിരുന്നു. വെള്ളിച്ചക്രങ്ങൾ വ്യാജനിർമ്മാണത്തിനു കൂടുതൽ സൗകര്യമുള്ളവയെന്നു കാണപ്പെട്ടതുമൂലം 1076-ൽ രണ്ടുചക്രത്തിനുള്ള വെള്ളിത്തുട്ടുകൾ, ഒരുചക്രം അരച്ചക്രം എന്നീ ചെമ്പുതുട്ടുകൾ എന്നിവ പരിഷ്കൃതരീതിയിൽ നിർമ്മിക്കപ്പെട്ടു.

993 തുലാം 25-ാംനു ശ്രീ പാർവ്വതീബായി റാണി മട്ടപ്പണം എന്ന വ്യാജനാണയത്തിന്റെ പ്രചാരം തടഞ്ഞു ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അതു 993 കർക്കടകം 18-ാംനു ആവർത്തിക്കേണ്ടിവന്നു. ദിവാൻ കൃഷ്ണസ്വാമിരായരുടെകാലത്തു പ്രാചീനമായ വെള്ളിച്ചക്രം നിർത്തി ചെമ്പുചക്രം നടപ്പാക്കിയതു വലിയ പരാതികൾക്കു ഇടവരുത്തി. നിർത്തൽചെയ്യപ്പെട്ട വെള്ളിച്ചക്രം "ലക്ഷ്മീകരം" എന്നു വിശ്വസിക്കപ്പെട്ട ഒന്നായിരുന്നു. പിന്നീടും നമ്മുടെ നാണയങ്ങൾ പലതരം പരിവർത്തനങ്ങൾക്കു വിധേയമായി. ബ്രിട്ടീഷ് ഭരണമാരംഭിച്ചശേഷം നാണയനിർമ്മാണസ്വാതന്ത്ര്യമുണ്ടായിരുന്ന ചുരുക്കം ചില നാട്ടുരാജ്യങ്ങളിൽ ഒന്നായിരുന്നു തിരുവിതാംകൂർ അടുത്ത മാസംമുതൽ നമ്മുടെ നാണയങ്ങൾ പുരാതനവസ്തുക്കളുടെകൂട്ടത്തിൽമാത്രം സ്ഥാനമുള്ളവയായിത്തീരുന്നതാണു്.

—:*:


## 100 രൂപാ ഇനാം

നരയെ ഒഴിക്കുക

ഞങ്ങളുടെ ആയുർവ്വേദവാസനതൈലം ഒരു ചായമല്ല നരച്ചമുടിയെ എന്നെന്നേക്കുമായി കറുപ്പിക്കുകയും വീണ്ടും നര ഉണ്ടാകാതിരിക്കുകയും ചെയ്യും ബുദ്ധിമാന്ദ്യം, മന്ദത എന്നിവയെ അകററി തലവേദനയെ ഇല്ലാതാക്കുകയും ചെയ്യുന്നു. തന്മൂലം സുമുഖമായ കാഴ്ചയും ഉളവാകും. വിശ്വാസമില്ലാത്തപക്ഷം തുക മടക്കിക്കൊടുക്കുന്നതായിരിക്കും. സപ്ലനരയ്ക്കു രൂ. 2. 8. 0 ഒന്നിച്ചു് 3 കുപ്പി ആർഡറിനു് രൂ. 6. 8. 0. കൂടിയനരയ്ക്കു് രൂ. 3. 8. 0. ഒന്നിച്ചു് 3 കുപ്പി ആർഡറിനു് രൂ. 9. 0. 0. എല്ലാം നരച്ചതിനു് രൂ 5. 0. 0 ഒന്നിച്ചു് 3 കുപ്പിക്കു് രൂ 12. 0. 0.

BHARAT KALYAN AUSHADHALAYA (M. R.)

Post Bag No 6725, CALCUTTA.



## നിങ്ങളുടെ ഗ്രന്ഥാലയത്തിൽ ഉണ്ടായിരിക്കേണ്ട

# 50 നല്ല പുസ്തകങ്ങൾ

| | | രൂ: | ണ. |
|---|---|---|---|
| കൃഷ്ണഗാഥ | (ചെറുശ്ശേരി) | 0 | 12 |
| 60 തുള്ളൽക്കഥകൾ | (നമ്പ്യാർ) | 4 | 0 |
| പ്രബന്ധരത്നാവലി | (മേൽപുത്തൂർ) | 1 | 8 |
| ഭർത്തൃഹരി സവ്യാഖ്യാനം | (എം. ആർ നാരായണപിള്ള) | 0 | 12 |
| വ്യാസഭാരതം | (സി. വി. കുഞ്ഞുരാമൻ) | 1 | 8 |
| വിദ്യാപ്രകാശിക | (പി. അനന്തൻപിള്ള) | 1 | 2 |
| ലേഖനമാല | (ടി. കെ. കൃഷ്ണമേനോൻ) | 2 | 4 |
| മലയാളരാമചരിതം | (M. R വേലുപ്പിള്ളശാസ്ത്രി | 0 | 12 |
| മേഘദൂതം സവ്യാഖ്യാനം | (കാവുങ്ങൽ) | 0 | 12 |
| 24 വടക്കൻപാട്ടുകൾ | | 1 | 12 |
| വേലുത്തമ്പിദളവ | (സർദാർ പണിക്കർ) | 0 | 12 |
| കണ്ണശ്ശരാമായണം ഉത്തരകാണ്ഡം | (കാവുങ്ങൽ) | 1 | 2 |
| സീതാദേവി | (കണ്ണനുമ്പുഴ) | 0 | 9 |
| മോഹമുദ്ഗരം | (കരയംവട്ടം) | 0 | 6 |
| ഉദ്യാനലക്ഷ്മി | (ചങ്ങമ്പുഴ) | 1 | 2 |
| സുധാംഗദ | ,, | 0 | 15 |
| മണിവീണ | ,, | 0 | 12 |
| മാനസേശ്വരി | ,, | 0 | 6 |
| അമൃതവീചി | ,, | 0 | 9 |
| കഥാരത്നമാലിക | ,, | 1 | 2 |
| അരമനയിലെ അന്തിയുരൻ | (കെ. വി. പിള്ള) | 0 | 9 |
| സാഹിത്യമന്ദഹാസം | ,, | 0 | 12 |
| ജീവചരിത്രസഞ്ചിക 3 പുസ്തകം | (വെൺകുളം) | 1 | $6\frac{1}{2}$ |
| ശ്രീരാമകൃഷ്ണദേവൻ | (ആഗമാനന്ദൻ) | 1 | 2 |
| ശ്രീശങ്കരാചാര്യർ | | 0 | 6 |
| വിവേകാനന്ദൻ | | 0 | 6 |
| മോട്ടിലാൽ നെഹ്റു | | 0 | 12 |
| കന്യകാമറിയം | (മയ്യനാട്ട് ജോൺ) | 1 | 2 |
| യേശുക്രിസ്തു | ,, | 0 | 15 |
| സ്വാമി രാമതീർത്ഥൻ | (ടി. ആർ. എൻ. നമ്പ്യാർ) | 0 | 12 |
| മൊരസ്സിണി | (സർദാർ പണിക്കർ) | 1 | 2 |
| മായാമണ്ഡലം | (ബാപ്പുറാവു) | 9 | 4 |
| വിക്രമവീചി | (എം. ആർ. വി. ശാസ്ത്രി) | 1 | 8 |
| സത്യഗ്രാഹി | (നാരായണകുരുക്കൾ) | 2 | 4 |
| മഹാരാഷ്ട്രജീവനപ്രഭാതം | (നാരായണപ്പണിക്കർ) | 2 | 4 |
| ശ്യാമളാഭായി | (ഹരിഹരയ്യർ) | 0 | 12 |
| പ്രതാപരുദ്രീയം | (ചിദംബരവാദ്ധ്യാർ) | 1 | 8 |
| ശകുന്തള | (ബാലരാമപ്പണിക്കർ) | 0 | 12 |
| വേലുത്തമ്പിദളവ ഒന്നും രണ്ടും ഭാഗങ്ങൾ | (വെൺകുളം) | 1 | 8 |
| മരതകമണി | (കൃഷ്ണൻനായർ) | 1 | 2 |
| വിധുഭൂഷണൻ | (എം. ആർ. വി. ശാസ്ത്രി) | 1 | 2 |
| ബാഷ്പാങ്കുരം | (രാമവര്യർ) | 0 | 12 |
| ഭാസ്കരൻ | (ഈ. വി.) | 0 | 9 |
| തെന്നാലിരാമൻ | (എം. എസ്. പി. അയ്യർ) | 1 | 0 |
| സൽക്കഥാസാഗരം അഥവാ അത്താഴാനന്തരസല്ലാപം ഒന്നും രണ്ടും ഭാഗം | | 2 | 4 |
| സരമ | (ഏ. ഗോപാലമേനോൻ) | 0 | 12 |
| ഹംസയോഗചന്ദ്രിക | (ഭൈരവാനന്ദയോഗീന്ദ്രനാഥ) | 2 | 4 |
| ബഫൂരസം | (പി. എസ്. നീലകണ്ഠപ്പിള്ളയുടെ വിനോദലേഖനങ്ങൾ) | 0 | 8 |
| ഇൻഡ്യൻസ്വരാജ്യം | പരിഭാഷകൻ ടി. ആർ. നാരായണൻനമ്പ്യാർ | 1 | 0 |
| ദാമ്പത്യശാസ്ത്രം | | 0 | 12 |

ജ്യോതിഷം, വൈദ്യം, വേദാന്തം, പുരാണം, നോവൽ, ചെറുകഥ, കവിത, ആധുനികശാസ്ത്രം, രതിശാസ്ത്രം ഇവയിൽ ഏതുവിഷയങ്ങളിലുള്ള മലയാളഗ്രന്ഥങ്ങളാണോ നിങ്ങൾക്കു് ആവശ്യമുള്ളതു് അവയ്ക്കു്

കൊല്ലം ശ്രീരാമവിലാസംബുക്കഡിപ്പോവിലേക്കു് എഴുതുക.

# പ്രേമാനുഭൂതി

— വെള്ളിമന —

പുലർകാലംവന്നപ്പോൾ പൂവനമന്നൊരു-
കുളർമയിൽ കോൾമയിർകൊണ്ടു നിന്നു.
യമുനതന്നലകളിൽ രാധതൻരാഗാർദ്ര-
ഹൃദയംവ ധുരതാഭാവമാർന്നു
പരവശയായവളൊരുശിലാതളിമത്തിൽ
മുരളികാഗാനം ശ്രവിച്ചിരുന്നു.
"എവിടെയാണെവിടെയാണെന്നാത്മനാഥാ! നിൻ-
പദതളിർ പണിയുവോളല്ലീ രാധ?"

*    *    *    *

അവിടെല്ലാമുദയാർക്കകിരണങ്ങൾതട്ടിയൊ-
രവിദിതകാന്തികലർന്നുമിന്നി.
കുളർതെന്നൽ മധുരമായണയുന്ന പുഞ്ചിരി-
ഹരവിയിലാക്കുസുമങ്ങൾ വിലസിനിൽപൂ.
കിളികൾ കളകളഗാനങ്ങൾ പാടിയാ-
മലർമാതിൻവരവന്നും കാത്തു നിന്നു.
"എവിടെയാണെവിടെയാണെന്നാത്മനാഥ! നിൻ-
പദതളിരപണിയുവോളല്ലീ രാധ?"

*    *    *    *

"മലർമാലവേണമോ, മലർമാല"യെന്നൊരു-
കളമൊഴികേൾക്കായിതകലെനിന്നും.
"വരുവരുകാണട്ടെ മലരെന്തു-വിലയെന്തും-
തരുവേ"നെന്നോതിയെണീററു രാധ
"വിലവേണ്ടായിവയെല്ലാം തവമെയ്യിലണിയിക്കാ-
നനുവാദംതരുകിൽ ഞാൻ തൃപ്തയാകും"
അവയെല്ലാമണിയിച്ചു മുട്ടമേനിതഴുകിയാ-
നളിനാക്ഷിയലസയായ് പുഞ്ചിരിച്ചു.
അവളുടെ പുഞ്ചിരിയനവദ്യസുന്ദര-
പ്രഭയിലാരാധികപുളകംപൂണ്ടു.
"തരുവേനിന്നിതിനു ഞാൻ വിലയാമെൻകങ്കണം-
അതിലേറെ പ്രിയമുള്ളോന്നിനിയുമെന്തേ?"
"ചരിതാർത്ഥ്യയായീട്ടമിതിനേക്കാൾ വിലയേറും-
ഒരു ദിവ്യസമ്മാനമേകുമെങ്കിൽ?"
"പറയുകസഖിയെന്താണതുമിന്നുതരുവേൻ ഞാൻ
ഹൃദയാഭിലാഷമസാദ്ധ്യമാമോ?"

(ശംഖമട്ട)

എന്തുഞാൻ കണ്ടതുസ്വപ്നമോ മായയോ?
നാഥായെൻതെററിനു മാപ്പുനൽകൂ!
ഈരേഴുലോകത്തിനാധാരഭൂതനാ-
യാഗമക്കാതലായ്ക്കാത്തുവാഴും.
സച്ചിദാനന്ദാ ഭഗവൽസ്വരൂപമെൻ-
ഹൃത്തിലെന്നെന്നുമാരാധിക്കുന്നു.
കേൾക്കേണമിന്നെനിക്കാമുരളീരവ-
മുൾക്കൊള്ളുമാനന്ദനിർവൃതിയ്ക്കായ്,
കാത്തരുളേണമേ കാൽത്തളിർക്കുപ്പുമി-
ദാസിയേക്കൈവിടാതിന്നുമെന്നും.

*    *    *    *

രാധികഞെട്ടിയുണർന്നുതൻ ചുററിലും,
ആകാംക്ഷപൂണ്ടൊന്നു നോക്കിയപ്പോൾ
മായാമയനായ കൃഷ്ണനേക്കാണ്മതി-
ന്നില്ലപൂക്കാരിയുമില്ലവിടെ.
യമുനാനദിതൻകരയിലായാശിലാ-
തളിമത്തിലേകയായ്താനിരിപ്പൂ.
രാധതൻ ലോലനയനങ്ങളിൽനിന്നു-
ബാഷ്പകണങ്ങളിററിററുവീണു.
ആനന്ദനിർവൃതിപൂണ്ടുതൻ നാഥനെ-
ധ്യാനിച്ചുനിന്നുമൊഴിഞ്ഞുരാധ: —

(നീലക്കാർമുകിൽ മട്ട്)

നീലക്കാർമുകിൽവർണ്ണനാം നിന്നെ-
ക്കാണുവാനിന്നീദ്ദാസികൊതിപ്പൂ.
കാണാമാത്മചൈതന്യപ്രഭാവം.
കേൾക്കാമാത്മഗീതോപദേശങ്ങൾ.
മന്ദഹാസംകലർന്നാമുഖത്താൽ
നന്നായൊന്നുകടാക്ഷിയ്ക്കൂ കൃഷ്ണാ!
സ്നേഹഗാനങ്ങളാലാപിയ്ക്കുവാൻ
മോഹമുണ്ടെനിക്കിന്നറിവീല.
പാട്ടുപാടുവാൻ മാത്രമല്ലെന്നേ-
യാട്ടമാടുവാൻ ശിക്ഷണംനൽകൂ!
നാഥാ! നൾകണമാമുരളീയാ-
നാദബ്രഹ്മചൈതന്യമല്ലല്ലീ?
എന്നാലെന്നുമീ ഗ്രാമങ്ങൾ തോറും-
നന്നായ് ചുററിനടന്നുസഹർഷം
പാടുവാനെനിക്കാശയുണ്ടേററം-
നാഥാ! നിൻപ്രേമപ്രാഭവഗീതം.

ടി. എൽ. വസ്വാനിയുടെ Radha and the Flower-maid എന്ന കവിതയുടെ ആശയാനുകരണം.

# വിദ്യാരംഭം

തിരുവാപ്പ്, എൻ ആർ. പിള്ള.

വന്നല്ലോ വന്നല്ലോ 'പൂജാമഹോത്സവം'
ഒന്നുണർന്നേൽക്കുവിൻ കൺതുറക്കിൻ!
മന്നിനെ അന്ധ്യത്തിൽനിന്നും കരകേററി
'കണ്ണുതെളിക്കു' മക്കമ്മസാക്ഷി,
ചെത്തിമലരുകൾ ചെമ്മേ വിതാനിച്ച
വിസ്തൃതപൂർവ്വദിങ്മണ്ഡപത്തിൽ,
മന്ദമെഴുന്നെള്ളി വന്നിരുന്നങ്ങനെ
സുന്ദരരശ്മിതൻ തൂലികയാൽ
തൂവെള്ളച്ചത്തിൻെറ ഭാഷയിലെഴുകുന്നു
ഭൂവിനു നവ്യപ്രചോദനങ്ങൾ!
പാടിപ്പഠിക്കുന്ന പാവനഗീതികൾ
തോട്ടും പുഴകളും പുത്തനായി.
ചൊല്ലിക്കൊടുക്കുന്നു മമ്മരമന്ത്രങ്ങൾ
വല്ലീതരുക്കൾക്കു മന്ദവതം.
ചേലിൽപ്പഠിക്കയാണാഴിയെന്തോ, തിര-
മാലതന്നോലച്ചുരുളുനോക്കി.
ഉത്തരംകാണാത്തൊരായിരം ചോദ്യങ്ങൾ
നിത്യവുമെത്തുമിജ്ജീവിതത്തിൽ,
കാലവും നമ്മെ 'എഴുത്തിനിരുത്തുവാൻ'
കാഹളമൂതിക്ഷണിക്കയല്ലീ?
ആയതിൻ സന്ദേശമോരോന്നും സാദരം
ആവതിൻവണ്ണം ഹൃദിസ്ഥമാക്കി,
ഭാവിതന്നേട്ടിൽ നാം താനേ കുറിക്കണം
ഭാഗധേയം സുവർണ്ണാക്ഷരത്തിൽ!
പാടില്ലതിലൊരുനാളും സഹോദര —
പാടലശോണിതബിന്ദു ചേരാൻ!
പാടില്ലതിലൊരുനാളും സഖാക്കളേ!
പാവങ്ങൾതന്നശ്രുബിന്ദു വീഴാൻ!
അഭംഗാനസേവനത്താലങ്കരിക്കുമാ
മുത്തൊളിവേപ്പുനീർത്തുള്ളികളിൽ,
ആദർശചിന്തകളാശയശുദ്ധികൾ
ആകാരംകൊള്ളുന്ന മാതിരിയിൽ,
സ്നേഹരസാത്മകമായ് രചിക്കാവൂ നാം
മോഹനജീവിതമായ കാവ്യം!!

## ഈയാഴ്ച അഭിപ്രായത്തിനുവന്ന പുസ്തകങ്ങൾ

—०—

പ്രസാധകന്മാർ മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.
ബാപ്പുസ്മരണകൾ—എൻ. വി. കൃഷ്ണവാര്യർ.
രാജർഷി—കുട്ടികൃഷ്ണ കുഞ്ഞുണ്ണിനായർ.
പുഞ്ചിരി—ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ.
പഞ്ചവർണ്ണക്കിളികൾ—അക്കിത്തം.
ചെകുത്താൻേറയും കടലിൻേറയും ഇടയിൽ—പി. കേശവദേവ്.
ബോംബെചിത്രങ്ങൾ—പ്രഹ്ളാദൻ.
ചേച്ചി                —എം. ദിവാകരൻ.




ആഗസ്റ്റ് 15-ന് പാങ്ങോട്ടുമൈതാനത്തുവെച്ച് നടത്തിയ മൂന്നു മൈൽ സൈക്കിൾ മത്സരത്തിൽ ഒന്നാംസമ്മാനം കരസ്ഥമാക്കിയ സ്റ്റേററ് പോലീസിലെ സൈക്കിൾവിദഗ്ദ്ധൻ (എൻ) ശിവശങ്കരപ്പിള്ള.

# ഗ്രന്ഥവിഹാരം

## രാമരാജ്യം

—:०:—

ഗാന്ധിയൻസോഷ്യലിസം
എങ്ങനെ നടപ്പാക്കാം
ഗ്രന്ഥകർത്താ,
ഖദർദാസ് സി. പി. ഗോപാലപിള്ള,
ഇടനൂർ.

വില രൂ: 12

ഈ ഗ്രന്ഥത്തിൽ സ്വാത്മാനുഭവങ്ങളെ ആവിഷ്കരിക്കുന്ന ആത്മകഥാകഥനം പലഭാഗത്തും നടത്തുന്നുണ്ട്. ഗ്രന്ഥപരിചയം വേണ്ടത്ര സിദ്ധിച്ചിട്ടില്ലെന്നു സ്വയം സമ്മതിക്കുന്ന ഗ്രന്ഥകർത്താവിൻെറ ഈ പ്രസ്താവന വിനയത്തിലുംകവിഞ്ഞ വസ്തുതമായി അനുവാചകനു ബോദ്ധ്യപ്പെടാതെയുമിരിക്കയില്ല. എന്നാൽ ചർക്കായയും തക്ലിയേയും സംബന്ധിച്ചു പല സ്ഥിതിവിവരക്കണക്കുകളും അതിൻെറ പ്രവർത്തനവിധാനങ്ങളും സുഗമമായി വിവരിച്ചു ഗ്രാമോദ്ധാരണപരിപാടിയെ സഹായിക്കയെന്ന വിശിഷ്ടകൃത്യം ഈ ഗ്രന്ഥരചനയ്ക്കു പ്രേരണയരുളിനില്ക്കുന്നുണ്ട്. അതിനെ അഭിനന്ദിക്കേണ്ടതുമാണല്ലോ. ഗ്രാമത്തിനു സ്വയംപര്യാപ്തത നേടുന്നതിനു, അങ്ങനെ നേടിയെങ്കിലല്ലാതെ ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യംകൊണ്ടു പ്രയോജനമുണ്ടാകാൻപോകുന്നില്ല. സമുചിതമായ സംവിധാനങ്ങൾ കൈവരുത്തുകയെന്നുള്ളതായിരിക്കണം ഓരോ രാജ്യസ്നേഹിയുടെയും അടിയുറച്ച പ്രവർത്തനലക്ഷ്യം. ശ്രീ. ഗോപാലപിള്ള ധനിക്കുലഭിച്ച പരിചയത്തിൻെറയും പരിശീലനത്തിൻെറയും പരിണതഫലമായി അതിനെ പകർത്തി കാട്ടുകയാണു ചെയ്തിരിക്കുന്നതു. ഈ പരിശ്രമം സ്വാഗതാർഹമാണല്ലോ.

—०—

## നവകേരളം

ചതയപ്പതിപ്പ്,

വില രൂ. ൧.

ശ്രീനാരായണഗുരുസ്വാമികളുടെ ജന്മദിനത്തെ വിശേഷാൽപ്രസിദ്ധീകരണംകൊണ്ടു വിശുദ്ധവും വിശിഷ്ടവുമാക്കിയിരിക്കയാണു നവകേരളത്തിൻെറ ഈ ചതയപ്പതിപ്പ്. സ്വാമികളുടെ അപദാനശതങ്ങളുടെ ആലേഖനത്തേക്കാൾ അധുനാതനപ്രശ്നങ്ങളെ കൈകാര്യംചെയ്യുന്നതിലാണു തൽപ്രവർത്തകർ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഗുരുദേവൻെറ അഭിമുഖദർശനത്തിനു ഭാഗധേയമുണ്ടായിട്ടുള്ളവരുടെ അനുഭവകഥനമോ ആദ്ധ്യാത്മികതത്വങ്ങളുടെ വിശദപ്രകാശനമോ ഇതിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. ഈ കോഴിക്കോടൻ പ്രസിദ്ധീകരണം തെക്കരെ വിശേഷിച്ചും ഇവിടത്തെ എസ്സ്. എൻ. ഡി. പി.-യെ തീരെ മറന്നു പ്രവർത്തിച്ചപോലിരിക്കുന്നു. ലേഡിവിദ്വാൻ മുതുകുളം പാർവതിഅമ്മയെക്കൊണ്ടു ഈ പ്രാതിനിദ്ധ്യാവകാശം സാധിക്കുന്നുണ്ടെന്നുള്ളതു ഇവിടെ വിസ്മരിക്കുന്നില്ല. കലാരസികതയുടെ കമനീയതയോ സാഹിത്യസരളതയോ വേണ്ടവിധത്തിൽ ഇതിൽനിന്നു അനുഭവപ്പെടുന്നില്ല. കമ്മ്യൂണിസവും മതവും, എന്ന ശ്രീ: കെ. കേളപ്പൻെറ ലേഖനം കമ്മ്യൂണിസത്തെ ധവളധൂളിയായി കടലാസിൽ പാറത്തിക്കളയുന്നുണ്ട്. ശ്രീമതി ബാലാമണിഅമ്മയുടെ അമ്മ എന്ന കവിത ഈ ഉപഹാരത്തിലെ ഒരു മനോഹരസംഭാവനയായി പരിശോഭിക്കപ്പെടുന്നു. സി. കൃഷ്ണൻ, മഹാകവിപള്ളത്ത് എന്നിവരെ ആനുഷംഗികമായി ഈ പ്രസിദ്ധീകരണത്തിൽ അനുസ്മരിച്ചിരിക്കുന്നതു സമുചിതമായിട്ടുണ്ട്. ഭക്ഷണപ്രശ്നം കാർഷികോല്പാദനം ട്രേഡ്യൂണിയനിസം, സോഷ്യലിസ്ററ് റീയലിസം തുടങ്ങിയ ആധുനികപ്രമേയങ്ങളെ പ്രയോഗലാഘവത്തോടുകൂടി ഇതിൽ പ്രതിപാദിക്കുന്നുണ്ട്.

ശ്രീ നാരായണഗുരുസ്വാമികളുടെ ഛായാചിത്രവും അദ്ദേഹത്തിൻെറ സ്ഥാപനങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്ന കേരളചിത്രവും നവകേരളത്തിൻെറ ബാഹ്യശോഭയെ ആരാധ്യസുന്ദരമാക്കുന്നു. മഹാകവി കുമാരനാശാൻ നവകേരളപ്രവർത്തകപ്രമുഖർ തുടങ്ങി പലരെയും ഇതിൻെറ ചിത്രശാലയ്ക്കുള്ളിൽ കാണാം. വിശേഷാൽപ്രതിയുടെ ചടങ്ങുകളായ ചെറുകഥകൾ കവിതകൾ തുടങ്ങി പലതും ഇതും സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചിലതു പൂർത്തിയാകാനമുണ്ട്. ശ്രീനാരായണഗുരുസ്വാമികളുടെ പതിത്തോദ്ധാരണത്തിൽ പിറവിയെടുത്തിരിക്കുന്ന ഈ മനോഹരപ്രസിദ്ധീകരണം നവകേരളത്തിൻെറ വിജയസ്മാരകമായിട്ടുണ്ടെന്നുതന്നെ പറയാം. (സി. എം. പി.)

# ചൈന റഷ്യൻസൃഷ്ടിയാണോ?

റഷ്യയിലും ചൈനയിലും ഉണ്ടായ വിപ്ലവങ്ങൾ തമ്മിൽ മൗലികമായ ചില വ്യത്യാസങ്ങളുണ്ടു്. ചൈനാവിപ്ലവം ആദ്യന്തം നയിച്ചതു് മോസ്കോവിലിരിക്കുന്ന രാജ്യതന്ത്രജ്ഞന്മാരാണെന്നു് വിശ്വസിക്കുന്നവർ, ചൈനയുടെ അരശതാബ്ദകാലത്തെ വിപ്ലവചരിത്രത്തിലേയ്ക്കു് കണ്ണേറിയുന്നതു് നന്നായിരിക്കും.

റഷ്യൻ വിപ്ലവത്തെക്കാൾ കാലംകൊണ്ടു് സുദീർഘമായ ഒരു വിപ്ലവചരിത്രം ചൈനയ്ക്കു് അവകാശപ്പെടാൻ സാധിക്കും. മൗസേതുങ്ങും കൂട്ടുകാരും, പരമ്പരാഗതമായ വിശ്വാസത്തെയും സാമൂഹ്യഘടനയേയും ഭരണഘടനയേയും ഒററ രാത്രികൊണ്ടു് വേഷംമാററിയതാണോ? അല്ല. ചിരകാലമായി, വിപ്ലവാത്മകമായി, രക്താന്നബലമായി, വർഗ്ഗരഹിതസമുദായത്തിന്റെ സ്വാതന്ത്ര്യരൂപം, ചൈനയുടെ സംസ്കാരഭിത്തിയിൽ കൊത്തിയുണ്ടാക്കുവാൻ ജീവിതം ഉഴിഞ്ഞുവെച്ചതിന്റെ ഫലമായിട്ടാണു് ഏഷ്യയിലെ 46 കോടി ജനങ്ങൾ മനുഷ്യജീവിതം നയിക്കുവാൻ തുടങ്ങിയതു്. 1949 ഫിബ്രവരിയിൽ, കമ്മ്യൂണിസ്റ്റുസൈന്യം, പെക്കിങ്ങ് പിടിച്ചു. പക്ഷേ, ഏഴുമാസം കഴിയേണ്ടിവന്നു അവർക്കൊരു ഗവമ്മെൻറ് രൂപീകരിക്കുവാൻ. ഒന്നുകൂടി വ്യക്തമാക്കിയാൽ, ഇരുപതു വർഷം അവിരാമമായി സൈനികാക്രമണം നടത്തിയതിനുശേഷമാണു് പെക്കിങ്ങിൽ ജനാഭരണാങ്കിതക്കൊടി പാറിപ്പിക്കാൻ സാധിച്ചതു്. അക്ഷീണപരിശ്രമത്തിന്റെയും ലക്ഷ്യപ്രാപ്തിയിലുള്ള ദൃഢവിശ്വാസത്തിന്റെയും പ്രതിരൂപങ്ങളായ ആ വിപ്ലവകാരികൾ, ചൈനയുടെ മാത്രമല്ല, ലോകത്തിന്റെതന്നെ ഭാവി കയ്യിലെടുത്തമ്മാനയാടുവാൻ പോരുന്നവരാണു്. കമ്യൂണിസവും മാർക്സിസവും തമ്മിലുള്ള വ്യത്യാസമുണ്ടു് സ്റ്റാലിനും മൗവും തമ്മിൽ (?) സ്റ്റാലിൻ കമ്യൂണിസ്റ്റുപാർട്ടിയുമായി ബന്ധപ്പെട്ടതിലും കൂടുതൽ കൊല്ലങ്ങൾ മൗ, ചൈനാകമ്യൂണിസ്റ്റുപാർട്ടിയുടെ ചെയർമാനായിരുന്നിട്ടുണ്ടു്.

ചൈനാകമ്യൂണിസ്റ്റുപാർട്ടി, ചൈനയിലെമാത്രം ഉൽപന്നങ്ങൾ—യുദ്ധസാമഗ്രികൾ ഉൾപ്പെടെ—ഉപയോഗിച്ചിട്ടാണു് അവരുടെ വിപ്ലവപരിപാടികളെല്ലാം നയിച്ചിട്ടുള്ളതു്. ചൈനയുടെ തെക്കൻസംസ്ഥാനങ്ങളിൽ അവരുടെ പ്രവൎത്തനങ്ങൾ കേന്ദ്രീകരിക്കപ്പെട്ടിരുന്ന ആദ്യകാലങ്ങളിൽ, റഷ്യയുമായി യാതൊരുവിധ ബന്ധവും—കടൽവഴിയായോ, കരവഴിയായോ—സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. ഒരുപക്ഷേ, പരിതഃസ്ഥിതിയുടെ പ്രാതികൂല്യമായിരിക്കാം ഇതിനു കാരണം. അക്കാലങ്ങളിലെല്ലാം മൗസേതുങ്ങും ചൂട്ടേയും—അനന്തരണ്ടുപേരും വിമോചനസേനയുടെ കമാൻറർമാരായിരുന്നു—അഖിലലോക കേന്ദ്രകമ്യൂണിസ്റ്റുപാർട്ടിയുടെ പരിപാടികളനുസരിച്ചല്ല സൈനികാക്രമണംപോലും നടത്തിയിരുന്നതു്. മാത്രമല്ല റഷ്യയുടെ അഭിപ്രായത്തിനും പരിപാടിക്കും വിപരീതമായി മൗ, സ്വതന്ത്രമായ പരിപാടികൾ സൃഷ്ടിച്ചിരുന്നു. 1927-ൽ ചൈന നടത്തിയ ആദ്യത്തെ വമ്പിച്ച വിപ്ലവം പരാജയപ്പെടുവാൻ ഏകകാരണം, പരിതഃസ്ഥിതിയുമായി യോജിക്കാത്ത റഷ്യൻ വിപ്ലവപരിപാടികളെ കണ്ണടച്ചനുഗമിച്ചതായിരുന്നുവെന്നു് മൗ നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. റഷ്യയുടെ സിദ്ധാന്തപ്രകാരം തൊഴിലാളികളുടെ മാത്രം വിപ്ലവമാണു് വിജയിക്കുകയെങ്കിൽ, ചൈന വിപ്ലവകാരികളുടെ അഭിപ്രായം 80 ശതമാനത്തിലധികംവരുന്ന കർഷകർക്കുമാത്രമേ ചൈനയിൽ വിപ്ലവം നടത്തുവാനും വിജയിക്കുവാനും സാധിക്കുകയുള്ളുവെന്നായിരുന്നു. ഈ രണ്ടഭിപ്രായഗതികൾ ചൈനാവിപ്ലവത്തിന്റെ അണിയറയിൽ ചിരകാലം വടംവലി നടത്തിയിട്ടുണ്ടു്.

കർഷകരുടെ ഏററവും പ്രാഥമികമായ അവശതകളും ആവശ്യങ്ങളുമാണു് ചൈനാവിപ്ലവത്തിന്നടിത്തറയിട്ടതെന്നും പത്തുശതമാനത്തോളംവരുന്ന പട്ടണത്തിലിരിക്കുന്ന തൊഴിലാളികൾക്കു വിപ്ലവത്തിന്റെ ആദ്യപടിയായ കാർഷികപരിഷ്കരണത്തിൽ യാതൊരു പങ്കുമുണ്ടായിരുന്നില്ലെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. "കൃഷിസ്ഥലം കർഷകന്റെ ജന്മാവകാശമാണു്", "ജന്മിത്തസമ്പ്രദായം അവസാനിക്കണം" "നികുതിയും വാടകയും ചുരുക്കണം" ഇതുപോലെ 'ചുകപ്പുശബ്ദങ്ങൾ' അവർ പുറപ്പെടുവിക്കുവാൻ തുടങ്ങിയതു ഉൾനാട്ടിലെ വയലിൻവരമ്പുകളിൽനിന്നായിരുന്നു. അവിടെവെച്ചുതന്നെ, ച്യാങ്ങിന്റെ സൈന്യങ്ങളെക്കാൾ വമ്പിച്ചതും ശക്തിയുള്ളതുമായ ഒരു വിപ്ലവസേനയെ മൗവും ചൂട്ടേയും രൂപീകരിച്ചു. ച്യാങ്ങിന്റെ അധീനതയിലായിരുന്ന ജന്മികളെ ഈ വിപ്ലവസേന മർദ്ദിച്ചമർത്തിത്തുടങ്ങി. നിലമുടമസമ്പ്രദായം മാററുവാനും കാർഷികാദായത്തെ സംബന്ധിക്കുന്ന സാമ്പത്തികവിഭാഗങ്ങളിൽ പൊതുനിയമങ്ങൾ ഉണ്ടാക്കുവാനുംമാത്രം ആദ്യമാദ്യം ഉദ്യമിച്ചുകൊണ്ടിരുന്ന കമ്യൂണിസ്റ്റുപാർട്ടിയെ, പാശ്ചാത്യരാജ്യങ്ങൾ, പരിഷ്കരണത്തിന്റെപേരിൽ, അനുമോദിച്ചിരുന്നു.

ചൈനാവിപ്ലവത്തിന്റെ ശക്തിയേറിയ ബീജം റഷ്യയിൽനിന്നല്ല; ഫ്രഞ്ചുവിപ്ലവത്തിൽനിന്നാണു് ചൈനയിൽ പാറിവീണതു്. എന്നുപറഞ്ഞാൽ, റഷ്യൻവിപ്ലവം മുളയ്ക്കുന്നതിനുമുമ്പെ ചൈനാവിപ്ലവം പുഷ്പിച്ചുതുടങ്ങിയിരുന്നു. ചൂട്ടേ, കമ്യൂണിസ്റ്റുതത്വസംഹിതയിൽ കൈകടത്തിത്തുടങ്ങിയതു് അദ്ദേഹം ജർമ്മനിയിൽ യോദ്ധാവായിരുന്ന കാലത്താണു്. ചൗഎൻലായ് കമ്യൂണിസ്റ്റുകാരനായതു് പാരീസ്സിൽനിന്നായിരുന്നു. അദ്ദേഹം അവിടെ ചൈനാകമ്യൂണിസ്റ്റുപാർട്ടിയുടെ ഒരു വിഭാഗംതന്നെ സൃഷ്ടിക്കുകയുണ്ടായി. 1949-അവസാനത്തിൽ മാത്രമാണു് മൗസേതുങ്ങ് റഷ്യ സന്ദർശിച്ചതു്. ചൈനാവിപ്ലവത്തിന്റെ നായകന്മാരിൽ അധികംപേരും ഫ്രാൻസിൽനിന്നും ജർമ്മനിയിൽനിന്നുമാണു് കമ്യൂണിസ്റ്റുകാരായിത്തീർന്നതു്. അങ്ങനെയല്ലാത്ത നേതാക്കന്മാരുണ്ടെങ്കിൽ അവരെല്ലാം ചൈനയിൽനിന്നും പുറത്തുപോകാത്തവരും സാധാരണകർഷകജീവിതത്തിൽനിന്നും ഉയർന്നുവന്നവരുമാണു്. വിപ്ലവകാലത്തിൽ നിരവധി ചൈനീസ് വിദ്യാർത്ഥികൾ മാർക്സിസം പഠിക്കുവാൻ അമേരിക്കൻസർവ്വകലാശാലകളിൽ അയയ്ക്കപ്പെട്ടിരുന്നുവെന്നുകേട്ടാൽ നാം ആശ്ചര്യപ്പെട്ടേക്കാം. ചുരുക്കം ചില ചൈനാക്കാർക്കു മാത്രമേ റഷ്യൻഭാഷ നിശ്ചയമുള്ളു. എന്നാൽ, അവിടെ മിക്കപേരും ഫ്രഞ്ചും ജർമ്മനും ഇംഗ്ലീഷും വശമുള്ളവരാണു്. അതിനാൽ, ചൈനക്കാരുടെ രാഷ്ട്രീയോൽബുദ്ധത, റഷ്യക്കു പടിഞ്ഞാറുള്ള രാജ്യങ്ങളിൽനിന്നും കിട്ടിയ പ്രചോദനത്തിന്റെ ഉയിർത്തെഴുന്നേല്പായിട്ടുവേണം കണക്കാക്കുക.

റഷ്യയിൽ വിപ്ലവമുണ്ടായി; അതു വിജയിക്കുകയുംചെയ്തു. യൂറോപ്പിലെ തെക്കൻരാജ്യങ്ങളിൽ പടർന്നുപിടിച്ചിരുന്ന കമ്യൂണിസ്റ്റുനീരൊഴുക്കം വിപ്ലവാനന്തരം മോസ്കോവിൽ കേന്ദ്രീകരിക്കപ്പെടുകയും അവിടെനിന്നും നിയന്ത്രിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ 1917-ൽ റഷ്യയിലേക്കാൾ കമ്യൂണിസ്റ്റുകാരും അനുഭാവികളും ചൈനയിലുണ്ടായിരുന്നുവെങ്കിലും ചൈനാകമ്യൂണിസ്റ്റുപാർട്ടി റഷ്യയുടെ ചരടുവലിയിൽപ്പെടാതെ സ്വതന്ത്രദേശീയപാർട്ടിയായി പ്രവൎത്തിക്കുകയായിരുന്നു.

ചൈനാക്കാർ ച്യാങ്ങിന്റെ സൈന്യങ്ങളുമായി ഇരുപതുവർഷക്കാലം യുദ്ധംചെയ്തുകൊണ്ടിരുന്നപ്പോഴും അതിൽ പകുതികാലം ജപ്പാനുമായി യുദ്ധംചെയ്തുകൊണ്ടിരുന്നപ്പോഴും റഷ്യയുടെ സഹായമോ ഉപദേശമോ ചൈന ആവശ്യപ്പെട്ടിരുന്നില്ല. റഷ്യയിൽനിന്നും യുദ്ധസാമഗ്രികളോ, യുദ്ധോപദേശകരോ, കമ്യൂണിസ്റ്റുമതപ്രചാരകരോ എത്തിയിരുന്നില്ല. ആദ്യകാലങ്ങളിലെല്ലാം ച്യാങ്ങിന്റെ രാജകീയപദവിക്കു് സ്റ്റാലിൻ പിന്തുണനിന്നിരുന്നു.* റഷ്യ മഞ്ചൂറിയ ആക്രമിച്ചിരുന്നല്ലോ. അവർ മഞ്ചൂറിയ വിട്ടുപോകുമ്പോൾ അവിടത്തെ യുദ്ധസന്നാഹങ്ങളും മററും കോമിന്താങ്ങ് പട്ടാളത്തെയാണു് ഏല്പിച്ചതു്. പക്ഷേ, ആ സാധനങ്ങൾ (റഷ്യക്കാർ ജപ്പാൻപട്ടാളക്കാരിൽനിന്നും പിടിച്ചെടുത്തതാണിവ) ച്യാങ്ങ്ഗവമ്മെണ്ടിന്റെ സൈന്യങ്ങളിൽനിന്നും പിടിച്ചടക്കുവാൻ കമ്യൂണിസ്റ്റുസൈന്യങ്ങൾക്കു് നിഷ്പ്രയാസം സാധിച്ചു. ചൈനാ കമ്യൂണിസ്റ്റുപാർട്ടി രണ്ടുകൊല്ലംകൊണ്ടു് മഞ്ചൂറിയ പിടിച്ചടക്കുമെന്നും കമ്യൂണിസ്റ്റുഭരണം നടപ്പാക്കുമെന്നും ഊഹിക്കാൻകൂടി സാധിക്കാതിരുന്നതിനാലാണു്, റഷ്യക്കാർ മഞ്ചൂറിയ വിടാൻ തിരക്കുകൂട്ടിയതെന്നു് വ്യക്തമാണല്ലോ. ചൈനയുടെ വിപ്ലവത്തിൽ 1945-വരെ റഷ്യക്കാർക്കു് വിജയപ്രതീക്ഷയുണ്ടായിരുന്നില്ലെന്നു് ഇതു് വ്യക്തമാക്കുന്നുണ്ടു്.

കമ്യൂണിസ്റ്റുപാർട്ടിയുടെ തലവനായ മൗസേതുങ്ങ്, ചൈനയുടെ ഭരണാധികാരം കൈയേററതിൽപിന്നെ, ഏഷ്യൻരാജ്യങ്ങളിലെ ടിറോവായി മാറിയേക്കാമെന്നു് പാശ്ചാത്യരാജ്യങ്ങളിലുള്ള ഭരണമേധാവികൾ വിശ്വസിക്കുകയോ, ആശങ്കിക്കുകയോ ചെയ്തിരുന്നു. മൗ ഒരു ടിറോവായി മാറുകയാണെങ്കിൽ ചൈനയ്ക്കു് സാമ്പത്തികസഹായങ്ങൾ ചെയ്യുവാൻപോലും ആംഗ്ലോഅമേരിക്ക നിശ്ചയിച്ചിരുന്നു! "റഷ്യയുടെ ഇന്നത്തെ വിദേശനയവും മാർക്സിസത്തെ വ്യഭിചരിക്കുന്ന ദുഷ്പ്രചരണവേലയും തുടർന്നുപോവുകയാണെങ്കിൽ ചൈന യൂഗോസ്ലാവിയയാകും; മൗ ടിറോവാകും" എന്നു് പാശ്ചാത്യർ ഇന്നും വിശ്വസിക്കുന്നുണ്ടു്. യൂഗോസ്ലാവിയയിൽ എന്തുണ്ടായി? ആ രാജ്യത്തിനു് സ്വാതന്ത്ര്യവും അഭികാമ്യവുമായ രാജ്യാവകാശവും പൌരാവകാശവും മോസ്കോവിൽ അടിയറവയ്ക്കേണ്ട ആവശ്യമില്ലെന്നു് ആത്മബോധം ജനിച്ചു. മാർക്സിസത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന റഷ്യേതരരാജ്യങ്ങൾക്കു് സ്വതന്ത്രമായ നിലനില്പിനു് അവകാശമുണ്ടെന്നും ആ സ്വാതന്ത്ര്യബോധത്തെ ഒരുരാജ്യം മറെറാരു രാജ്യത്തിന്റെമുമ്പിൽ ശിരഃഛേദത്തിനുവെക്കുന്നതു് മാർക്സിസത്തിനു വിരുദ്ധമാണെന്നും യൂഗോസ്ലാവിയ അവകാശപ്പെട്ടു. അങ്ങനെ, റഷ്യയുടെ ഭരണഘടന പകർത്തുന്നതിനുപകരം കമ്യൂണിസ്റ്റുതത്വസംഹിതകൾകൊണ്ടു് ഓരായംചേർത്ത സ്വതന്ത്രഭരണപരിപാടികൾ തയ്യാറാക്കി. സ്റ്റാലിനും ടിറോവും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ, ടിറോവും മൗവും ഒരു ചേരിയിലാണു്!! മാർക്സിസത്തിൽനിന്നു വ്യതിചലിച്ചാലും തരക്കേടില്ല, റഷ്യയുടെ ഉപദേശത്തിനു് വിരുദ്ധമായാലും വേണ്ടതില്ല നാട്ടിൻപുറങ്ങളിലെ ചീനക്കാരുടെ ജീവിതരീതിക്കനുയോജ്യമായ പരിപാടികൾക്കുമാത്രമേ ചൈനയുടെ വിപ്ലവത്തിനു് ജീവൻകൊടുക്കുവാൻ ശക്തിയുള്ളൂവെന്നു് 1927-മുതൽ മൗ വ്യക്തമാക്കിയിട്ടുണ്ടു്. 1926-വരെ ഡോക്ടർ സൺയററ്-സൺ ചൈനയിലെ അനിഷേധ്യനേതാവായിരുന്നതിനാൽ മൗ, സണ്ണിന്റെ അഭിപ്രായത്തെ എതിർത്തിരുന്നില്ല. 1926-ൽ സൺ മരിച്ചശേഷമാണു് മൗ കമ്യൂണിസ്റ്റുപാർട്ടിയുടെ ചെയർമാനായതു്.

1948 ജൂലായ് മാസത്തിൽ ഹോപ്പേയിൽ വെച്ചു് ചൈനാ കമ്യൂണിസ്റ്റ്പാർട്ടിയുടെ ഒരു പ്രത്യേകസമ്മേളനം ചേരുകയുണ്ടായി. റഷ്യയിൽനിന്നും ഒരു പ്രതിനിധി ഈ സമ്മേളനത്തിൽ അയയ്ക്കപ്പെട്ടിരുന്നു. സ്റ്റാലിന്റെ ഉപദേശങ്ങൾ ചൈനക്കാരെ നേരിട്ടറിയിക്കയാണു് അദ്ദേഹം സമ്മേളനത്തിൽ നിറവേറേറണ്ടിയിരുന്നതു്. "കോമിന്താങ്ങ് ഗവമ്മെണ്ടിനെ അത്ര പെട്ടെന്നു് ചതയ്ക്കരുതെന്നും ഭരണം കൈയേല്ക്കുന്നതു് സമാധാനത്തിലായിരിക്കണമെന്നും" ആയിരുന്നു ഉപദേശത്തിന്റെ ചുരുക്കം. ച്യാങ്ങ്കൈഷേക്ക് പെട്ടെന്നു് തോല്പിക്കപ്പെടുമെന്നു്കണ്ടാൽ അമേരിക്ക യുദ്ധസഹായത്തിനൊരുങ്ങുമെന്നും അതിനാൽ തല്ക്കാലം ഒളിപ്പോരുകൊണ്ടു് തൃപ്തിപ്പെടുകയാണു് ഉചിതമെന്നും സ്റ്റാലിന്റെ സന്ദേശവാഹകൻ സമ്മേളനത്തിൽ വ്യക്തമാക്കി. ഈ അഭിപ്രായങ്ങളെ, കമ്യൂണിസ്റ്റുകാരല്ലാത്തവരും ഉൾപ്പെടുന്ന ആ വമ്പിച്ച സമ്മേളനത്തിൽ, പ്രസംഗമഞ്ചത്തിൽവെച്ചു്, ചൗഎൻലായ് വ്യക്തമായും കർശനമായും ഖണ്ഡിക്കുകയും തിരസ്കരിക്കുകയും ചെയ്തു! "കോമിന്താങ്ങ്ഗവമ്മെണ്ടിനെ നീക്കംചെയ്യുവാനും കമ്യൂണിസ്റ്റുഗവമ്മെണ്ടു് സ്ഥാപിക്കുവാനും നാം കഴിഞ്ഞ കാൽശതാബ്ദങ്ങളിലൂടെ ആയുധമേന്തി കുതിച്ചുനീങ്ങി. നമ്മുടെ ആ പരമലക്ഷ്യത്തിൽ നാം കാലൂന്നുമ്പോൾ തടഞ്ഞുനിർത്തുന്നതും വിശ്രമിക്കാൻ താവളം കാട്ടുന്നതും ഒരു മാർക്സിസ്റ്റിനു യോജിച്ചതല്ല. സ്റ്റാലിന്റെ ഉപദേശത്തെ ഞാൻ മാനിക്കുന്നു; പക്ഷേ, നമ്മുടെ നാട്ടുകാരുടെ ഏകാഭിലാഷത്തിനു് മുൻഗണന കൊടുക്കുക..." ചൗഎൻലായിയുടെ ഈ നീണ്ടപ്രസംഗത്തിലെ ഓരോവാക്കും ആ പ്രസംഗവേദിയെ പുളകം പുതപ്പിച്ചിരിക്കണം.

ചൈന, ചൈനാകമ്യൂണിസ്റ്റുപാർട്ടിയുടെ പരിപാടികളനുസരിച്ചു്, കോമിന്താങ്ങ് പട്ടാളത്തോടു് അനുനിമിഷം ഏററുമുട്ടിക്കൊണ്ടേയിരുന്നു. അവരങ്ങനെ പെക്കിങ്ങും പിടിച്ചു, ച്യാങ്ങിനെ ഫോർമോസയിലേക്കു് നാടുകടത്തുകയും ചെയ്തു. എന്തുണ്ടായി? ഇപ്പോൾ റഷ്യയുടെ ചൈനയോടുള്ള നയത്തിന്റെ റിക്കാർഡുകൾ മറുപുറം പാടിത്തുടങ്ങി. ചൈനയുടെ പരിപാടികൾ സർവ്വഥാ ന്യായീകരിക്കപ്പെട്ടു. ചൈനയെ അഭിനന്ദിക്കാൻ മൗ മോസ്കോവിലേക്കു് ക്ഷണിക്കപ്പെട്ടു. അദ്ദേഹം കുറേ ആഴ്ചകൾ റഷ്യയുടെ വിരുന്നുകാരനായി ചമഞ്ഞു. ചൈനയുടെ ഭാവിത്രപവൽക്കരണത്തിൽ മൗവിന്റെ കൈകൾ സ്വതന്ത്രങ്ങളാണെന്ന പ്രഖ്യാപനവും ആശീർവ്വാദവും വാങ്ങിച്ചുകൊണ്ടു് മൗ തിരിച്ചു.

ഈ കൂടിക്കാഴ്ചയിൽ ഒരു ഒത്തുമാററവിവാഹം (exchange marriage) നടന്നിട്ടുണ്ടു്. പൂമാലക്കു പകരം ഇരുമ്പുചങ്ങലയാണു് ചൈനയുടെ കഴുത്തിൽ അപ്പിച്ചതു്. ചൈനയുടെ വിദേശനയം റഷ്യ തീരുമാനിക്കുവാനും, പകരം ചൈനക്കാവശ്യമായിവരുന്ന യുദ്ധസഹായങ്ങൾ റഷ്യ നൽകുവാനും നിശ്ചയിച്ചു. സ്റ്റാലിന്റെ ശരീരം മൗവിനും, മൗവിന്റെ ആത്മാവു് സ്റ്റാലിനും എന്നു അവർ പിരിയുമ്പോൾ കൈകലുക്കി സമ്മതിച്ചു. പക്ഷേ, ഒന്നുണ്ടു്; ഏഷ്യൻരാജ്യങ്ങളുമായുള്ള ബന്ധം, ഏതുവിധത്തിലായിരിക്കേണമെന്നു തീരുമാനിക്കുവാൻ ചൈനയ്ക്കു് പരിപൂർണ്ണാധികാരമുണ്ടു്. ഏഷ്യൻരാജ്യങ്ങളിൽ സൗഹാർദ്ദപരമായി കമ്യൂണിസം പരത്തുവാൻ ചൈനയ്ക്കു് എളുപ്പം കൂടുന്നതുകൊണ്ടു് ആ രാജ്യങ്ങളുമായി എങ്ങനെ, ഏതുവഴിയിൽ ബന്ധം പുലർത്തണമെന്നു ചൈനയ്ക്കു് നല്ല നിശ്ചയമുണ്ടു്. അതിനാൽ, പാശ്ചാത്യമുതലാളിത്തരാജ്യങ്ങളുടെ തന്ത്രസംഘടനയായ യു. എൻ. ഓ-വിൽ ചൈനയെ പ്രതിനിധീകരിക്കുക റഷ്യയാണു്. റഷ്യയും ചൈനയും കമ്യൂണിസ്റ്റുരാജ്യങ്ങളായതുകൊണ്ടും അന്യോന്യസഹായം അനിവാര്യമായതുകൊണ്ടും മാത്രമല്ല, മേൽപറഞ്ഞ കരാർകൊണ്ടുകൂടിയാണു് ചൈനയെ യു. എൻ. ഓ-യിൽ കൊണ്ടുവരുവാൻ റഷ്യ പ്രയത്നിക്കുന്നതു് എന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

ചൈനാവിപ്ലവം മാർക്സിസത്തിനു് ഒരു മുഖവുര എഴുതിച്ചേർത്തു. ഈ മുഖവുരയോടുകൂടിയ ഒരു പുതിയപതിപ്പു് മാർക്സിസത്തിനു് അത്യാവശ്യമാണെന്നു് ചൈനയുടെ 'പുതിയ പ്രജായത്തസിദ്ധാന്തം' തെളിയിച്ചിരിക്കുന്നു. റഷ്യയിൽ, കമ്യൂണിസ്റ്റുകാധിപത്യഭരണവും ചൈനയിൽ, ജനകീയ കമ്യൂണിസ്റ്റ്ഏകാധിപത്യഭരണവുമാണു് നടക്കുന്നതു്. വാക്കുകളിലല്ല, പ്രായോഗികതയിലാണു് ഇവതമ്മിൽ വ്യത്യസ്തപ്പെടുന്നതു്. റഷ്യയും ചൈനയും, റഷ്യയും അമേരിക്കയുംപോലെ ആശയവൈരുദ്ധ്യമുള്ള രണ്ടുരാജ്യങ്ങളാണെന്നു കാണിക്കുവാനല്ല, പ്രത്യുത, റഷ്യ റഷ്യയും ചൈന ചൈനയുമാണെന്നു്—റഷ്യയുടെ ആവശ്യങ്ങൾ സാധിക്കുവാൻ ചൈന ഉപകരണമാവുകയില്ലെന്നും, എന്നാൽ,ഒരു സഖ്യരാഷ്ട്രമായിരിക്കുമെന്നും—സ്ഥാപിക്കുകമാത്രമാണു് ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നതു്. റഷ്യയും ചൈനയും തമ്മിൽ സൌഹൃദംവളർത്തേണ്ടതു് മനുഷ്യത്വത്തിന്റെ സമുദ്ധാരണത്തിനു് അനിവാര്യമാണെന്നുകൂടി ഞാൻ വിശ്വസിക്കുന്നുണ്ടു്.

ഏ. കെ. ജി.

*"As late as 1945 he (Stalin) could assure Harry Hopkins that he regarded Chiang's Government as the legitimate Government of China and looked upon the Chinese Communists as a party of agrarian rebels who had not the capacity to seize power or govern China"
World Today.


നേരിട്ടുള്ള തെരഞ്ഞെടുപ്പ്! തീയതി നോക്കുക!

★ ചലച്ചിത്രത്തിൽ ★

— നിങ്ങൾക്കുള്ള അസുലഭാവസരം —

നേരിട്ടുള്ള അഭിമുഖസംഭാഷണവും തെരഞ്ഞെടുപ്പും ഈ ആഫീസിൽവെച്ചു് 1950 അക്ടോബർ 24-ാംനു-മുതൽ തുടങ്ങുന്നതും, അക്ടോബർ 28-ാംനു-വരെ 5 ദിവസത്തേക്കു ഉണ്ടായിരിക്കുന്നതുമാണു്. (സമയം; ദിവസവും രാവിലെ 11-മുതൽ വയ്യിട്ടു് 5-മണിവരെ).

ഈ ലൈനിൽ പരിചയം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഓരോരുത്തർക്കും അവസരം ലഭിക്കുവാനിടയുണ്ടു്.

കുറഞ്ഞതു് ഒരു ഷെയർതുകയായ 250 രൂപയെങ്കിലും ഡിപ്പോസിററായി മുടക്കുവാൻ (എഗ്രിമെൻറ് തീയതി കഴിഞ്ഞു് മടക്കികിട്ടുന്നതു്) സന്നദ്ധതയുള്ളവരും 3 കൊല്ലക്കാലത്തേക്കുള്ള ഒരു എഗ്രിമെൻറിനു് തയാറുള്ളവരും, നിർമ്മാണകേന്ദ്രത്തിൽ റിഹേഴ്സലിനും പ്രൊഡക്ഷനുമായി 60 ദിവസം താമസിക്കുവാൻ തയ്യാറുള്ളവരും (കമ്പനിച്ചിലവിൽ) മാത്രം അഭിമുഖസംഭാഷണത്തിനും തെരഞ്ഞെടുപ്പിനുമായി ഹാജരായാൽമതി. തെരഞ്ഞെടുക്കുന്ന ദിവസം തന്നെ ഈ വ്യവസ്ഥകൾ ഇരുകൂട്ടരേയും നിയമാനുസൃതം ബന്ധിക്കത്തക്കവിധം മേൽവിവരിച്ച എഗ്രിമെൻറ് ഒപ്പുവയ്ക്കുന്നതാണു്.

മലയാളത്തിൽ "സുഹൃത്ത്" തമിഴിൽ "മുയച്ചി" എന്നീ രണ്ടു് സാമുദായിക ചിത്രങ്ങളുടേയും റിഹേഴ്സൽ ഈമാസം 30-ാംനു-തന്നെ ആരംഭിക്കുന്നതായിരിക്കും.

പുതിയതായിട്ടുള്ള നടീനടന്മാർക്കു് ഒരു അവസരം നൽകുന്നതു് ഇൻഡ്യൻ ചലച്ചിത്രചരിത്രത്തിൽതന്നെ ഇതാദ്യമാണു്. നിങ്ങളുടെ പരിപൂർണ്ണഗുണത്തിനായിതന്നെ ഈ അവസരം നിങ്ങൾക്കുപയോഗിക്കാം. അക്ടോബർ 24-മുതൽ 28-വരെ എന്ന തീയതികൾ പ്രത്യേകം ഓർക്കുക. ആരായാലും മേൽവിവരിച്ച വ്യവസ്ഥകൾ സമ്മതിയ്ക്കുന്നപക്ഷം ഉടനടി തിരഞ്ഞെടുക്കപ്പെടും.

കോ-ഓർഡിനേററഡ് സൈൻ പ്രൊഡക്ഷൻസ്,
153 തോമസ്സ്ട്രീററ്, കോയമ്പത്തൂർ.

കുറിപ്പ്:—ഉൾനാട്ടിലെ അപേക്ഷകരുടെ സൌകര്യത്തെ ഉദ്ദേശിച്ചു് സ്ഥലം റെയിൽവേസ്റ്റേഷനിൽ കാർ മുതലായ മററു സൌകര്യങ്ങൾക്കു് ഏർപ്പാടുചെയ്തിട്ടുണ്ടു്.


Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press. Quilon